# ഇസ്‌ലാമും ആവിഷ്കാര സ്വാതന്ത്ര്യവും




ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(അയ്യദഹുല്ലാഹ്)

# ഇസ്‌ലാമും ആവിഷ്കാരസ്വാതന്ത്ര്യവും

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

വിവർത്തനം:

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ എച്ച്.എ

Islamum Avishkaaraswaathatryavum
Malayalam Translation of : Islam aur Azadi Zameer

Translated by: Moulvi Mohammad Ismail Alleppey H.A

Published by: Nazarat Nashr-o-Isha'at
Sadr Anjuman Ahmadiyya
Qadian, Punjab, 143516, INDIA

First Edition: 2015

Printed at: Fazl-e-Umar Printing Press, Qadian

ISBN:

# ഇസ്‌ലാമും ആവിഷ്കാരസ്വാതന്ത്ര്യവും

# വിഷയവിവരങ്ങൾ


*ലോകസമാധാന സ്ഥാപനത്തിന്*
*അല്ലാഹുവിന്റെ പ്രവാചകന്മാരെ ആദരിക്കുക* ..........................11
*അഹ്മദികളുടെ പ്രതികരണരീതി* ..........................23
*ഇസ്ലാമിനും നബിയ്ക്കുമെതിരിലുള്ള*
*ഗൂഢാലോചന തടയേണ്ടത് വാഗ്ദത്ത മസീഹ്* ..........................23
*നബി(സ)യുടെ ഉദാത്ത ജീവികമാതൃക*
*ലോകസമക്ഷം സമർപ്പിക്കുക* ..........................26
*കാർട്ടൂൺപ്രസിദ്ധീകരണത്തിനെതിരെ ജമാഅത്തിന്റെ*
*പെട്ടെന്നുള്ള പ്രതികരണം* ..........................29
*അഹ്മദി ചെറുപ്പക്കാർ പത്രപ്രവർത്തകരാവണം* ..........................31
*പതാക കത്തിക്കുന്നതുകൊണ്ട്*
*നബിയുടെ അന്തസ് നിലനില്ക്കില്ല* ..........................33
*ഒരു അഹ്മദിയുടെ യഥാർഥ പ്രതികരണം*
*എങ്ങനെ?* ..........................33
*ദുഃഖത്തെ പ്രാർഥനയുടെ അച്ചിൽ വാർത്തെടുക്കുക;*
*അധികമായി സ്വലാത്ത് ചൊല്ലുക* ..........................34
*മറ്റുള്ളവരുടെ വികാരങ്ങൾ കൊണ്ട് കളിക്കുന്നത്*
*ജനാധിപത്യമല്ല, ആവിഷ്ക്കാരസ്വാതന്ത്ര്യവുമല്ല* ..........................35
*നബി(സ) യെ നിന്ദിക്കുന്നത്*
*ദൈവകോപത്തെ ജ്വലിപ്പിക്കും* ..........................35
*ഈ അവസ്ഥയിൽ അഹ്മദികളുടെ*
*പ്രതികരണം എന്തായിരിക്കണം?* ..........................36
*അമുസ്ലീംകളോടു നല്ല രീതിയിൽ പെരുമാറുക* ..........................37
*നബി(സ)തിരുമേനിയുടെ ഇസ്ലാം*
*വിരുദ്ധരോടുള്ള മാതൃകാപരമായ പെരുമാറ്റം* ..........................37
*ഇസ്ലാം വാൾ കൊണ്ടല്ല വ്യാപിച്ചത്* ..........................40
*വ്യക്തിസ്വാതന്ത്ര്യവും,നീതിയും*
*നബി(സ)യുടെ ഉദാത്ത മാതൃക* ..........................41

*മാനുഷിക മൂല്യങ്ങളും, മതസഹിഷ്ണുതയും*
*നബി(സ)തിരുമേനിയുടെ നിസ്തുല മാതൃക* .........................48
*മദീനയിലെ യഹൂദികളുമായി സമാധാന ഉടമ്പടി* .........................49
*മതസ്വാതന്ത്ര്യവും നജ്റാൻകാർക്ക് അഭയ പത്രികയും* .......................51
*സമാധാന സ്ഥാപനത്തിനും തെറ്റുധാരണ ദൂരീകരിക്കുന്നതിനുമുള്ള*
*അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ഉത്കൃഷ്ടമായ*
*അധ്യാപനവും നിർദ്ദേശങ്ങളും* ........................55
*എല്ലാവരോടും അനുകമ്പ കാണിക്കുക;*
*അതു തന്നെയാണ് മനുഷ്യത്വം* ..........................56
*പ്രവാചകനേയും ദൈവഗ്രന്ഥത്തേയും*
*അവഹേളിക്കരുത്* .........................57
*മൈത്രിയാണ് ഗുണപ്രദം* .........................60
*മതത്തിന്റെ യഥാർഥ ഉദ്ദേശ്യം* .........................60
*മാനസാന്തരപ്പെടുവിൻ, രക്ഷ പ്രാപിക്കുവിൻ* .........................62
*ഇസ്ലാമിന്റെ കളഞ്ഞുപോയ മഹത്ത്വം വീണ്ടെടുക്കാൻ*
*വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ പ്രവേശിക്കേണ്ടത്*
*നിർബന്ധമാകുന്നു* .........................64
*അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള നേതാവ്*
*ഇസ്ലാംവിരുദ്ധ സിനിമയെ അപലപിച്ചുകൊണ്ടു ചെയ്ത ജുമുഅ*
*പ്രഭാഷണവും ആഗോളമാധ്യമങ്ങളുടെ അവലോകനവും* ........................69
*നബി(സ)തിരുമേനിയെക്കുറിച്ച്*
*അന്യരുടെ വിശ്വാസഭക്തി* .........................89

# ആമുഖം


അല്ലാഹുവിന്റെ പ്രവാചകന്മാർക്കെതിരിൽ ഒരു വിഭാഗമാളുകൾ എപ്പോഴും എഴുന്നേറ്റു നില്ക്കുമെന്നത് ലോകാരംഭം മുതൽ നടന്നു വരുന്ന ഒരു സമ്പ്രദായമാണ്. അവർ ആ പ്രവാചകന്മാർക്കെതിരിൽ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞു പരത്തുകയും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു വിവിധ പ്രവാചകന്മാരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പറയുകയും അവരുടെ എതിരാളികളുടെ അത്തരം ചെയ്തികളെ വിശദീകരിച്ചതിനുശേഷം അവരുടെ ദുർപര്യവസാനത്തെ കുറിച്ചും വ്യക്തമാക്കുകയുണ്ടായി. മുൻ കാലത്തുള്ള പ്രവാചകന്മാർ ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് മാത്ര മാണ് വന്നത്. അതുകൊണ്ട് അവർക്കെതിരിലുണ്ടായ ഗൂഢപദ്ധതികളും പരിമിതമായിരുന്നു. എന്നാൽ നബി(സ)തിരുമേനിയെ അല്ലാഹു എല്ലാ ജനതയ്ക്കും എക്കാലത്തേക്കും വേണ്ടിയാണ് അയച്ചിട്ടുള്ളത്. അതു കൊണ്ട് ഈ മഹാത്മാവിന്നെതിരിലുള്ള ഗൂഢപദ്ധതികളും കുഴപ്പങ്ങളും ലോകാവസാനംവരെ തലയുയർത്തിക്കൊണ്ടിരിക്കും. ചിലപ്പോൾ അത് വെളിപ്പെട്ടത് മുസയ്ലിമത്തുൽ കദ്ദാബ് തുടങ്ങിയവരുടെ രൂപത്തിലാ യിരുന്നു. ചിലപ്പോൾ രങ്കീല റസൂൽ എന്ന ഗ്രന്ഥത്തിന്റെ രൂപത്തിൽ അല്ലെങ്കിൽ സാത്താനിക് വേഴ്സസ് എന്ന ഗ്രന്ഥത്തിന്റെ രൂപത്തിൽ. ചിലപ്പോൾ കാർട്ടൂണിന്റെ രൂപത്തിൽ അത് വെളിപ്പെട്ടു. ഇപ്പോൾ അത് 'ഇന്നസൺസ് ഓഫ് മുസ്ലിംസ്'(Innocence of Muslims) എന്ന സിനിമ യുടെ രൂപത്തിലാണ് വെളിപ്പെട്ടിരിക്കുന്നത്.

അത്തരം സാഹചര്യത്തിൽ അല്ലാഹു സത്യവിശ്വാസികളെ അവരുടെ ഇതിനെതിരിലുള്ള പ്രതികരണം എങ്ങനെയാണെന്ന് നോക്കാനായി പരീക്ഷിക്കാറുമുണ്ട്; അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് തന്റെ പ്രഭാഷണങ്ങളിലും പ്രസംഗങ്ങളിലും, വിശുദ്ധ ഖുർആന്റേയും ഇസ് ലാമിന്റെ വന്ദ്യസ്ഥാപരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടേയും അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടേയും അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. 2012 സെപ്റ്റംബർ 21 ന് ചെയ്ത് ജുമുഅ പ്രഭാഷണത്തിനു ശേഷം പത്രപ്ര

തിനിധികളുമായി ഖലീഫത്തുൽ മസീഹ് കൂടിക്കാഴ്ച നടത്തി. പത്രപ്ര തിനിധികൾ നടത്തിയ അവലോകനങ്ങളും ഇതിന്റെ അവസാനം ചേർ ത്തിട്ടുണ്ട്.

ഇതുമുഖേന ലോകം മുഴുവൻ പ്രശോഭിതമാകാനും എല്ലായിടത്തും ശാന്തിയും സമാധാനവുമുണ്ടാകാനും ഭൂമിയിലും യഥാർഥ സ്വർഗത്തി ന്റെ ദൃശ്യം നമ്മൾ കാണുമാറാകുന്നതിനും വേണ്ടി ഈ യഥാർഥ പ്രകാ ശത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്രയും വേഗം എത്തി ക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

മുനീറുദ്ദീൻ ശംസ്
അഡീഷണൽ വക്കീലുത്തസ്നീഫ്
ലണ്ടൻ
2012 ഡിസംബർ



Ḥaḍrat Mirza Masroor Ahmad
Khalīfatul Masīḥ V أيده الله تعالى بنصره العزيز

# ലോകസമാധാന സ്ഥാപനത്തിന് അല്ലാഹുവിന്റെ പ്രവാചകന്മാരെ ആദരിക്കുക

**ക**ഴിഞ്ഞ വെള്ളിയാഴ്ച (21 സെപ്റ്റംബർ 2012) ഞാനിവിടെ ജുമുഅ നമസ്കരിപ്പിക്കാൻ കാറിൽ നിന്നിറങ്ങിയപ്പോൾ പത്രപ്രതിനിധികളുടെ ഒരു വൻസംഘം മുന്നിൽ നില്ക്കുന്നതു കണ്ടു. കാര്യം അന്വേഷിച്ച പ്പോൾ അമീർ സാഹിബ് പറഞ്ഞു, 'നബി(സ)തിരുമേനിയെ ആക്ഷേ പിച്ചുകൊണ്ട് ഹൃദയത്തെ അങ്ങേയറ്റം വ്രണപ്പെടുത്തുന്ന രീതിയിൽ ഒരു സിനിമ അമേരിക്കയിൽ നിർമിക്കപ്പെട്ടിരിക്കുകയാണല്ലോ. അതി ന്നെതിരിൽ മുസ്ലിംകൾ പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദി കളുടെ പ്രതികരണം എന്താണെന്നറിയാനാണ് ഇവർ വന്നിട്ടുള്ളത്.' ഞാൻ പറഞ്ഞു, 'അതു ശരി. ഞാനിത്സംബന്ധിച്ച് ഖുത്ബ കൊടുക്കു ന്നതാണെന്നും ,അഹ്മദിയ്യ ജമാഅത്തിന്റെ പ്രതികരണം അതിൽ വിവ രിക്കുന്നതാണെന്നും അവരോട് പറയുക.

ഇത്രയധികം മാധ്യമ പ്രവർത്തകർ ഇവിടേക്ക് ആകർഷിക്കപെട്ടതും അല്ലാഹുവിന്റെ പ്രവർത്തിയാണ്.ഈ വിഷയത്തെ കുറിച്ച് പറയാൻ എന്റെ മനസ്സിൽ അവൻ തോന്നിപ്പിക്കുകയും ചെയ്തു.

''പത്രപ്രതിനിധികൾക്കു പുറമെ ടി. വി. ചാനലുകളുടെ പ്രതിനിധിക ളും അവിടെ ഉണ്ടായിരുന്നു.ഇവരിൽ ബി.ബി.സിയുടെ കീഴിൽ പ്രവർത്തി ക്കുന്ന ന്യൂസ് നൈറ്റും ബി.ബി.സിയുടെ പ്രതിനിധിയും ന്യൂസിലാന്റ് നാഷണൽ ടെലിവിഷൻ പ്രതിനിധിയും ഫ്രാൻസ് ടെലിവിഷന്റെ പ്രതി നിധിയും മറ്റു ധാരാളം പ്രതിനിധികളും ഉണ്ടായിരുന്നു. എന്റെ വലതു ഭാഗത്തിരുന്ന ന്യൂസിലാന്റ് പ്രതിനിധിയ്ക്കാണ് ആദ്യം അവസരം ലഭി

ച്ചത്. താങ്കൾ എന്തു സന്ദേശം നല്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു, 'സന്ദേശം നിങ്ങൾ കേട്ടു കഴിഞ്ഞു.' അദ്ദേഹം ഖുത്ബയുടെ റിക്കോർഡിംഗും തർജമയും കേൾക്കുന്നുണ്ടായിരുന്നു. 'നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും സംബന്ധിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. നബി(സ)തിരുമേനിയുടെ സ്ഥാനം ഉന്നതമാണ്. നബി(സ)തിരുമേനിയുടെ ജീവിതമാതൃക എല്ലാ മുസ്‌ലിംകൾക്കും അനുകരണാർഹവുമാണ്. മുസ്‌ലിംകളുടെ ദുഃഖത്തിന്റേയും ദ്വേഷത്തിന്റേയും പ്രതികരണം ഒരർഥത്തിൽ ശരിയാണ്. അതുണ്ടാകേണ്ടതുമായിരുന്നു. ചിലയിടത്ത് അതിന്റെ പ്രതികരണം തെറ്റായ നിലയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഞങ്ങളുടെ ഹൃദയങ്ങളിൽ നബി(സ)തിരുമേനിക്കുള്ള സ്ഥാനം ഒരു ലൗകികന്റെ ദൃഷ്ടിക്ക് എത്തിപ്പെടാൻ പറ്റാത്തത്രയും ഉന്നതമാണ്.അതുകൊണ്ട് ഇക്കാര്യത്തിൽ ഞങ്ങൾക്ക് എത്ര മാത്രം വിഷമമുണ്ടായിട്ടുണ്ടെന്ന് ഒരു ഭൗതികചിന്തകന് മനസ്സിലാകുകയില്ല. ലോകസമാധാനം കെടുത്തുന്നതാണ് ഇത്തരം പ്രവർത്തനങ്ങൾ.

ന്യൂസിലാന്റിന്റെ പ്രതിനിധി ഒരു കാര്യത്തിൽ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇക്കൂട്ടർ നരകത്തിൽ പോകുമെന്ന് കഠിനതരമായ പദങ്ങൾ താങ്കൾ പറഞ്ഞുവല്ലോ? അപ്പോൾ നിങ്ങളും അവരിൽപ്പെട്ടവരല്ലേ?' വാക്കുകൾ ഞാൻ ഈ പറഞ്ഞതായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ വാക്കുകളുടെ ധ്വനി ഇതായിരുന്നു. കാരണം അദ്ദേഹം ഈ ചോദ്യം ആവർത്തിച്ചു കൊണ്ടേയിരുന്നു. അദ്ദേഹത്തോടു ഞാൻ പറഞ്ഞു, 'അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ സംബന്ധിച്ച് ഇത്തരം കാര്യങ്ങൾ പറയുന്നവരും അവരെ പരിഹസിക്കാൻ ശ്രമിക്കുന്നവരും ശ്രമിച്ചുകൊണ്ടേയിരിക്കുന്നവരും, മനസ്സിലാക്കികൊടുത്തിട്ടും അതിൽ നിന്ന് പിന്മാറാത്തവരും, അവർക്കെതിരിൽ അല്ലാഹുവിന്റെ ഒരു വിധിയുണ്ട്. അത് നടപ്പിലാകുന്നു. അവർക്ക് ശിക്ഷയും വരാവുന്നതാണ്. അല്ലാഹു അത്തരക്കാരെ പിടിക്കുന്നതുമാണ്. ''

ഞങ്ങൾ അക്രമപ്രവർണതകളും നശീകരണ ചെയ്തികളും ഇഷ്ടപ്പെടുന്നവരല്ല. പ്രതികരണത്തിന്റെ പേരിൽ ഇത്തരം കലഹങ്ങളിലും കുഴപ്പങ്ങളിലും ഭാഗഭാക്കാകുന്ന ഒരു അഹ്മദിയേയും നിങ്ങൾ കാണുകയില്ല തുടങ്ങിയ കാര്യങ്ങൾ. വാർത്ത വായിക്കുന്നയാൾ എന്റെ ഈ മറുപടി കാണിച്ചുകൊണ്ട് പിന്നീടത് അവലോകനവും ചെയ്തു. അതായത് ഈ ജമാഅത്ത് മുസ്‌ലിംകളിലെ ന്യൂനപക്ഷ ജമാഅത്താണ്. ഇവരോടും മുസ്‌ലിംകൾ മാന്യമായി പെരുമാറാറില്ല. എന്തായാലും അവ

രുടെ ഖലീഫ നല്കിയ ഈ സന്ദേശം, അദ്ദേഹത്തിന്റെ ശബ്ദം അഹ്മദീ മുസ്‌ലിംകൾക്കു പുറമെ മറ്റുള്ള മുസ്‌ലിംകളിലും എന്തെങ്കിലും സ്വാധീനമുണ്ടാകുമോ ഇല്ലയോ എന്ന് നോക്കാം.

ഇവിടെത്തെ ഒരു ചാനലായ ന്യൂസ്നൈറ്റിന്റെ പ്രതിനിധി പറഞ്ഞു, 'ഞാൻ ആ ഫിലിം കണ്ടതാണ്. അതിൽ ഇത്ര മാത്രം കോലാഹലങ്ങൾ ഉണ്ടാക്കേണ്ടുന്നതും മുസ്‌ലിംകൾ ഇങ്ങനെ പ്രതികരിക്കേണ്ടുന്നതുമായ കാര്യങ്ങളൊന്നുമില്ല. താങ്കളും ഇക്കാര്യത്തിൽ വിശദീകരിച്ച് പ്രസംഗിച്ചിരിക്കുന്നു. ചിലയിടത്ത് കഠിനമായ പദങ്ങളിൽ അതിനെ ഖണ്ഢിച്ചിട്ടുമുണ്ട്. എന്നാൽ ഇത് ലളിതമായൊരു തമാശയായിരുന്നു പോലും.ഇന്നാലില്ലാഹ്!

ഇതാണ് അവരുടെ ധാർമികതയുടെ നിലവാരം. ഞാനദ്ദേഹത്തോടു പറഞ്ഞു, 'താങ്കളെങ്ങനെയാണ് കണ്ടതെന്നും താങ്കളുടെ നിലവാരമെന്താണെന്നും എനിക്കറിയില്ല. മുസ്‌ലിംകളുടെ ദൃഷ്ടിയിലും മനസ്സിലും നബി(സ) തിരുമേനിയോടുള്ള സ്ഥാനം നിങ്ങൾക്ക് മനസ്സിലാകുകയില്ല. ഞാൻ ഫിലിം കണ്ടിട്ടില്ല. പക്ഷേ കണ്ടയാൾ എന്നോട് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞു. അത് അസഹ്യമാണ്. നിങ്ങൾ പറയുന്നത് അങ്ങനെയുള്ള കാര്യമൊന്നുമില്ല.ഈ കാര്യങ്ങൾ കേട്ടുകൊണ്ട് ഫിലിം കാണാനുള്ള ധൈര്യം കാണിക്കാനും എനിക്കു സാധ്യമല്ല. അതിൽ പറയപ്പെട്ട കാര്യങ്ങൾ കേട്ട് രക്തം തിളച്ചുമറിയുന്നു. നിങ്ങളുടെ പിതാവിനെ ആരെങ്കിലും ചീത്ത വിളിച്ചാൽ, അസഭ്യവും അനാവശ്യവും പറഞ്ഞാൽ നിങ്ങളുടെ പ്രതികരണമെന്തായിരിക്കും? അതു ശരിയാണ് അങ്ങനെ തന്നെയാണ് വേണ്ടത് എന്ന് താങ്കൾ പറയുമോ? ഒരു മുസ്‌ലിമിന് നബി (സ) തിരുമേനിയോടുള്ള സ്ഥാനം അതിലും എത്രയോ ഉന്നതമാണ്. അതുവരെ എത്താൻ മറ്റുള്ളവർക്കു കഴിയില്ല.'

തങ്ങളുടെ പ്രവർത്തികളിൽ നിന്ന് പിന്മാറുന്നില്ല. പിന്മാറുകയുമില്ല. പൊതുവെ മുസ്‌ലിംകൾ കാണിക്കുന്ന പ്രതികരണത്തിൽ നിന്ന് തോന്നുന്നത് ഇക്കൂട്ടർ നമ്മുടെ ഹൃദയങ്ങളെ കൂടുതൽ വ്രണപ്പെടുത്തുമെന്നാണ്. തങ്ങളുടെ മ്ലേച്ഛമായ പ്രവർത്തികൾ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് വ്യാപിപ്പിച്ച് കൊണ്ടിരിക്കും. ഇപ്പോൾ രണ്ടു ദിവസം മുമ്പേ സ്പെയ്നിലെ ഏതോ പത്രവും ഈ കാർട്ടൂൺ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത് തമാശയാണെന്നും, മുസ്‌ലിംകളുടെ പ്രതികരണത്തിനുള്ള മറുപടിയാണെന്നുമാണ് പറയുന്നത്. അതിനാൽ ഇവരുടെ വായടപ്പിക്കുന്നതിനും ഈ തെറ്റായ രീതി ലോകസമാധാനം കെടുത്തിക്കളയുന്നതാണെന്ന് കുറഞ്ഞ പക്ഷം മാന്യരും വിദ്യാസമ്പന്നരുമായവർക്ക് ബോധ്യ

പ്പെടുത്തി കൊടുക്കുന്നതിനുമായി നാം പൂർണമായും ശ്രമിക്കേണ്ട ആവശ്യമുണ്ട്. നമ്മെക്കൊണ്ട് സാധിക്കുന്നിടത്തോളം അവരുടെ അക്രമപരമായ പ്രവർത്തനങ്ങളുടെ യാഥാർഥ്യം ജനങ്ങൾക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്. വിക്ടോറിയ രാജ്ഞിയുടെ ഡയമണ്ട് ജൂബിലി നടന്നപ്പോൾ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) 'തുഹ്ഫയെ ഖയ്സരിയാ' എന്ന പേരിൽ ഗ്രന്ഥം രചിച്ച് രാജ്ഞിക്കയച്ചു കൊടുത്തിരുന്നു. ഇതിൽ രാജ്ഞിയുടെ നീതിയിലധിഷ്ഠിതമായ ഭരണത്തെ പ്രശംസിച്ചതോടൊപ്പം ഇസ്‌ലാമിന്റെ സന്ദേശവും എത്തിച്ചിരുന്നു. കൂടാതെ ലോകത്ത് ശാന്തി സ്ഥാപിക്കുന്നതിനെക്കുറിച്ചും, വിവിധ മതങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളെക്കുറിച്ചും, മതഗുരുക്കന്മാരേയും പ്രവാചകന്മാരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും ശ്രദ്ധ ക്ഷണിച്ചിരുന്നു. സമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗം എന്തായിരിക്കണം എന്നതും വിശദമായി പ്രതിപാദിച്ചിരുന്നു. ഇപ്പോൾ എലിസബത്ത് രാജ്ഞിയുടെ ഡയമണ്ട് ജൂബിലി നടന്നപ്പോൾ 'തുഹ്ഫയെ ഖയ്സരിയാ'യുടെ ഇംഗ്ലീഷ് പരിഭാഷ പ്രിന്റ് ചെയ്ത് മനോഹരമായ ബൈന്റോടുകൂടി അയച്ചു കൊടുത്തിരുന്നു. രാജ്ഞിയുമായി ബന്ധപ്പെട്ട വകുപ്പിന് ഗ്രന്ഥം ഉപഹാരമായി നൽകിയപ്പോൾ അതോടൊപ്പം എന്റെ കത്തും കൊടുത്തിരുന്നു. അവരിൽ നിന്ന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള മറുപടിയും എനിക്കു ലഭിച്ചു. രാജ്ഞിയുടെ ഗ്രന്ഥശേഖരത്തിൽ ഇത് വെച്ചിട്ടുണ്ടെന്നും രാജ്ഞി അത് വായിക്കുമെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു. ഏതായാലും വായിച്ചാലും ഇല്ലെങ്കിലും നമ്മുടെ ഉത്തരവാദിത്തം നിറവേറ്റാൻ നാം ശ്രമിച്ചു.

അക്കാലത്ത് ലോകത്ത് നടമാടിയിരുന്ന അശാന്തിയുടെ അവസ്ഥ തന്നെയാണ് ഇന്നുമുള്ളത്. മാത്രമല്ല ചില അടിസ്ഥാനത്തിൽ നോക്കുമ്പോൾ അധികമായിക്കൊണ്ടിരിക്കുകയുമാണ്. ഇസ്‌ലാമിന്റേയും നബി (സ) തിരുമേനിയുടെ വ്യക്തിത്വത്തിന്റേയുംമേൽ ആക്രമണം നടത്തുന്നതിലും,ആ മഹാത്മാവിനെ പരിഹസിക്കുന്നതിലും ഇവർ ഏർപ്പെട്ടിരിക്കുകയാണ്. അതിൽ വളരെ മുന്നോട്ട് പൊയിക്കൊണ്ടിരിക്കുകയാണ്.

പ്രവാചകന്മാർ അല്ലാഹുവിൽ നിന്ന് തങ്ങൾ സന്ദേശം കൊണ്ടുവന്നിരിക്കുന്നു എന്ന് വാദിക്കുമ്പോൾ, അവരുടെ പ്രസ്ഥാനങ്ങൾ വളർന്നു കൊണ്ടിരിക്കുമ്പോൾ, അത് തെളിയിക്കുന്നത് ആ പ്രസ്ഥാനം അല്ലെങ്കിൽ അക്കൂട്ടർ അല്ലാഹുവിൽ നിന്നുള്ളവരാണെന്നാണ്. അതിനാൽ ലോകത്ത് സമാധാനം നിലനിൽക്കുന്നതിനു വേണ്ടി അല്ലാഹുവിൽ നിന്നു വന്നവരെ ബഹുമാനിക്കേണ്ടതാണ്. സമാധാനം

എങ്ങനെയുള്ളതായിരിക്കണം? പ്രവാചകന്മാരുടെ സ്ഥാനം എന്താണ്? തുടങ്ങിയവയെക്കുറിച്ച് ആ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രതിപാദിച്ച ഒരു ഭാഗം ഞാൻ കേൾപിക്കാം. ആ മഹാത്മാവ് പറയുന്നു:

"അല്ലാഹുവിന്റെ സനാതന നിയമവും ഇതു തന്നെയാണ്. (അതായത് ഭൗതിക ഭരണകൂടങ്ങൾ പറയാത്ത കാര്യം പറഞ്ഞുവെന്ന് ഒരുവൻ കെട്ടിയുണ്ടാക്കി പറഞ്ഞാൽ ആ പറയുന്നവനെ വെച്ചു പൊറുപ്പിക്കാത്തു പോലെ അല്ലാഹുവും പൊറുപിക്കുകയില്ല എന്ന നിയമം)

വ്യാജപ്രവാചകത്വം വാദിക്കുന്നവന് അവൻ സാവകാശം നൽകുന്നതല്ല. മറിച്ച്, അങ്ങനെയുള്ള വ്യക്തി വേഗം പിടിക്കപ്പെടുകയും ശിക്ഷയ്ക്ക് ഇരയാകുകയും ചെയ്യുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കാലഘട്ടത്തിൽ ആരെങ്കിലും പ്രവാചകത്വം വാദിക്കുകയും പിന്നീട് ആ വാദം വേരുറക്കുകയും അവരുടെ മതം ലോകത്ത് പ്രചരിക്കുകയും പ്രബലത കൈവരിക്കുകയും അതിന് ദീർഘായുസ്സ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവരെയെല്ലാം നാം ആദരവോടുകൂടി കാണേണ്ടതാണ്. അഥവാ നാം അവരുടെ മത ഗ്രന്ഥങ്ങളിൽ തെറ്റുകൾ വല്ലതും കാണുകയോ, അല്ലെങ്കിൽ പ്രസ്തുത മതത്തിന്റെ അനുയായികൾ തിന്മയിൽ മുഴുകിയവരായി കാണുകയോ ചെയ്യുന്നുവെങ്കിൽ അതിന്റെ എല്ലാ കുറ്റങ്ങളും ആ മതസ്ഥാപകരിൽ നാം ഉന്നയിക്കരുത്. കാരണം ഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ ഉണ്ടാകാവുന്നതാണ്. വ്യാഖ്യാനങ്ങളിൽ തെറ്റുധാരണകൾ കടന്നു കൂടുക എന്നതും സംഭവ്യമാണ്. എന്നാൽ, വ്യക്തമായ നിലയിൽ അല്ലാഹുവിൽ കറ്റുകെട്ടി പറഞ്ഞു കൊണ്ട് താൻ അവന്റെ നബിയാണെന്ന് വാദിക്കുകയും, ദൈവിക വചനമാണെന്ന് പറഞ്ഞുകൊണ്ട് സ്വന്തം വചനങ്ങൾ സമർപ്പിക്കുകയും ചെ യ്യുന്ന ഒരു വ്യക്തി, അയാൾ നബിയുമല്ല ആ വചനങ്ങൾ ദൈവിക വചനങ്ങളുമല്ലായെങ്കിൽ പിന്നെ അല്ലാഹു അയാൾക്ക് സത്യവാന്മാരെ പോലെ സാവകാശം നൽകുകയും സത്യവാന്മാരെ പോലെ അയാളുടെ സ്വീകാര്യതയെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഒരിക്കലും സംഭവ്യമല്ല.

"അതിനാൽ ആരുടെ മതമാണോ വേരുറക്കുകയും ആയുസ്സ് കരസ്ഥമാക്കുകയും കോടിക്കണക്കിന് ജനങ്ങൾ പ്രസ്തുത മതത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളത് അങ്ങനെയുള്ള എല്ലാ പ്രവാചകന്മാരെയും സത്യപ്രവാചകന്മാരായി അംഗീകരിക്കുക എന്ന അടിസ്ഥാന പ്രമാണം വളരെ ഉത്തമവും അനുഗൃഹീതവും അതോടൊപ്പം രഞ്ജിപ്പിന് അടിത്ത

റയിടുന്നതുമാകുന്നു. ഇത് അതിമഹത്തായ പ്രമാണമാകുന്നു. മുഴുലോകവും ഈ പ്രമാണത്തെ അനുധാവനം ചെയ്യുകയാണെങ്കിൽ ആയിരക്കണക്കിന് കലഹങ്ങളും സമാധാന സ്ഥാപനത്തിന് വിഘാതമായിട്ടുള്ള മതനിന്ദയും ഇല്ലാതായിത്തീരുന്നതാണ്. ഏതെങ്കിലും മതത്തിന്റെ അനുയായികളെ സ്വന്തം ധാരണയിൽ വ്യാജരും കറ്റുകെട്ടുകാരുമാണെന്ന് ധരിക്കുന്നയാൾ ആ ചിന്ത കാരണത്താൽ ധാരാളം കലഹങ്ങൾക്ക് അടിത്തറ പാകുന്നു എന്നത് വ്യക്തമാണ്. തീർച്ചയായും അയാൾ അപമാനിക്കുക എന്ന അപരാധത്തിന് ഇരയാവുകയും, പ്രസ്തുത നബിയുടെ മഹത്വത്തിനെതിരിൽ വളരെ ധിക്കാരപരമായ ഭാഷ ഉപയോഗിക്കുകയും സംസാരങ്ങളെ അസഭ്യതയിലേ ക്കെത്തിക്കുകയും ചെയ്യുന്നു.അങ്ങനെ രഞ്ജിപ്പിനും പൊതുജന സമാധാന സ്ഥാപനത്തിനും വിള്ളലുകളുണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ, അവരുടെ ധാരണ തികച്ചും തെറ്റായിരിക്കും. അവർ തങ്ങളുടെ ധിക്കാരപരമായ സംസാരങ്ങളാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിക്രമികളാകുന്നു. കാരുണ്യവാനും അനുഗ്രഹദാതാവുമായ അല്ലാഹു ഒരു വ്യാജവാദിക്ക് അകാരണമായി പ്രശസ്തി നൽകിയും അയാളുടെ മതത്തിന് വിജയം നല്കിയും ജനങ്ങളെ ചതിക്കുവാൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ല. ഒരു വ്യക്തി കറ്റുകെട്ടുകാരനും വ്യാജവാദിയുമായിരിക്കെ ലോകത്തിന്റെ ദൃഷ്ടിയിൽ സത്യപ്രവാചകന്മാർക്ക് സമാനനായിത്തീരാൻ അവനെ അല്ലാഹു അനുവദിക്കുന്നതല്ല.

"ചുരുക്കത്തിൽ കോടിക്കണക്കിന് ഹൃദയങ്ങളിൽ അല്ലാഹു അവരുടെ ആദരവും ബഹുമാനവും സ്ഥാപിക്കുകയും, അവരുടെ മതങ്ങളുടെ വേരുറപ്പിക്കുകയും, നൂറ്റാണ്ടുകളോളം പ്രസ്തുത മതം നിലനിന്നു വരികയും ചെയ്യുന്നുവെങ്കിൽ ലോകത്തവതരിച്ച അങ്ങനെയുള്ള എല്ലാ പ്രവാചകന്മാരെയും - അവർ ഇന്ത്യയിലോ പേർഷ്യയിലോ ചൈനയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രാഷ്ട്രത്തിലോ വെളിപ്പെട്ടതായി ക്കൊള്ളട്ടെ- സത്യവാന്മാരായി കണക്കാക്കുകയാണെങ്കിൽ ഈ അടിസ്ഥാന പ്രമാണം അത്യധികം മനോഹരവും ശാന്തിദായകവും രഞ്ജിപ്പിന് അടിസ്ഥാനമിടുന്നതും ധാർമിക അവസ്ഥകളെ സഹായിക്കുന്നതുമായിരിക്കും. ഈയൊരു അടിസ്ഥാന തത്ത്വമാണ് ഖുർആൻ നമ്മെ പഠിപ്പിച്ചത്. ഇതേ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ആരുടെ ജീവിതമാണോ പ്രസ്തുത നിർവചനത്തിന്റെ പരിധിയിൽ വരുന്നത് അത്തരത്തിലുള്ള എല്ലാ മതഗുരുക്കന്മാരെയും - അവർ ഹിന്ദുമതത്തിന്റേയോ, പേർഷ്യൻ മതത്തിന്റേയോ, ചൈനീസ് മതത്തിന്റേയോ, യഹൂദമതത്തിന്റേയോ, ക്രിസ്തുമതത്തിന്റേയോ ഗുരുക്കന്മാരായിക്കൊള്ളട്ടെ - ആദരവോടു കൂടി കാണേണ്ട

താണ്. എന്നാൽ, നമ്മുടെ എതിരാളികൾക്ക് നമ്മോട് ഇത്തരത്തിൽ പെരുമാറാൻ കഴിയുന്നില്ല എന്നത് പരിതാപകരം തന്നെ. അല്ലാഹു ഒരു കള്ളപ്രവാചകന് ഒരിക്കലും ഒരു സത്യപ്രവാചകന് നൽകുന്ന അനുഗ്രഹവും ആദരവും നൽകുകയില്ലെന്നും കള്ളപ്രവാചകന്റെ മതം സത്യപ്രവാചകന്റെ മതത്തെപോലെ വേരു പിടിക്കുകയും ആയുസ്സ് കരസ്ഥമാക്കുകയും ചെയ്യുന്നതല്ലെന്നുമുള്ള അല്ലാഹുവിന്റെ പരിശുദ്ധവും മാറ്റമില്ലാത്തതുമായ നിയമം അവർക്കറിയില്ലേ? അതിനാൽ സമുദായത്തിന്റെ പ്രവാചകന്മാരെ കള്ളന്മാരായി ചിത്രീകരിച്ചുകൊണ്ട് അസഭ്യം പറഞ്ഞു കൊണ്ടിരിക്കുന്നവർ എപ്പോഴും രഞ്ജിപ്പിന്റേയും സമാധാനത്തിന്റേയും ശത്രുക്കളാകുന്നു. കാരണം സമുദായത്തിന്റെ മഹത്‌വ്യക്തികളെ അസഭ്യം പറയുക എന്നതിനേക്കാൾ കലാപഹേതുവായ മറ്റൊരു കാര്യവും ഇല്ലതന്നെ.

"ചില ഘട്ടങ്ങളിൽ മനുഷ്യൻ മരിക്കാൻ തയ്യാറാകും. പക്ഷേ, അവന്റെ മതഗുരുക്കന്മാരെ ചീത്ത വിളിക്കുന്നത് അവൻ ഇഷ്ടപ്പെടുകയില്ല. അഥവാ നമുക്കേതെങ്കിലും മതാധ്യാപനങ്ങളിൽ ആക്ഷേപം ഉണ്ടെങ്കിൽ പ്രസ്തുത മതപ്രവാചകനെ അപമാനിക്കരുത്.അവരെ മോശമായ പദങ്ങളിൽ സ്മരിക്കുകയും ചെയ്യരുത്. പ്രത്യുത, ആ സമുദാ യത്തിന്റെ നിലവിലുള്ള പ്രവർത്തന രീതിയിൽ ആക്ഷേപം ഉന്നയി ക്കാവുന്നതാണ്."(അതായത്, ആ സമുദായത്തിൽ തെറ്റുകളുണ്ടെങ്കിൽ ആ തെറ്റുകളെയാണ് ചൂണ്ടിക്കാണിക്കേണ്ടത്. പ്രവാചകന്മാരെ ആക്ഷേപിക്കരുത്.) ആ മഹാത്മാവ് പറയുന്നു: "അല്ലാഹുവിൽ നിന്നുള്ള നബി, കോടിക്കണക്കിന് മനുഷ്യരുടെ ആദരവിന് പാത്രമാകുകയും നൂറ്റാണ്ടുകളായി സ്വീകരിക്കപ്പെട്ടു വരികയും ചെയ്യുന്നു എന്നതുതന്നെ അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന്റെ ശക്തിമത്തായ തെളിവാണെന്ന് ദൃഢമായും വിശ്വസിച്ചു കൊള്ളുക. അയാൾ അല്ലാഹുവിൽ നിന്നല്ലെങ്കിൽ ഇത്ര കണ്ട് സ്വീകാര്യത ലഭിക്കുമായിരുന്നില്ല. കറ്റുകെട്ടുകാരന് ആദരവ് നൽകുകയും കോടിക്കണക്കിന് മുനുഷ്യരിൽ അയാളുടെ മതത്തെ പ്രചരിപ്പിക്കുകയും നീണ്ടകാലം ആ കള്ളമതത്തെ സംരക്ഷിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ രീതിയല്ല. അതിനാൽ ലോകത്ത് പ്രചരിക്കുകയും നിലയുറപ്പിക്കുകയും ആദരവും ആയുസ്സും കരസ്ഥമാക്കുകയും ചെയ്ത മതം അതിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒരിക്കലും വ്യാജമാകുകയില്ല. ആ അദ്ധ്യാപനം ആക്ഷേപാർഹമാണെങ്കിൽ അതിന്റെ കാരണം ഒന്നുകിൽ ഇതായിരിക്കും: (ഹദ്റത്ത് അഹ്മദ്(അ) അതിന് മൂന്ന് കാരണങ്ങൾ പറയുകയുണ്ടായി. ഒന്ന്) "ആ നബിയുടെ നിർദേശങ്ങളിൽ മാറ്റത്തിരുത്തലുകൾ നടത്തി."(അതാ

യത് നബി നൽകിയ നിർദ്ദേശങ്ങൾ മാറ്റിമറിച്ചു. രണ്ട്) "അല്ലെങ്കിൽ ആ നിർദേശങ്ങൾ വ്യാഖ്യാനിക്കുന്നതിൽ തെറ്റ് സംഭവിച്ചതാകാം കാരണം." (അതിന്റെ വ്യാഖ്യാനം തെറ്റായ രീതിയിൽ നല്കപ്പെട്ടു. മൂന്നാമത്തെ കാര്യം) "ആക്ഷേപം ഉന്നയിക്കുന്നതിൽ നാം സ്വയം സത്യത്തിലായിരിക്കില്ല." (ഒരു കാര്യം നാം മനസ്സിലാക്കാതെ അതിനെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചു. ഇക്കാലത്ത് നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിന്നെതിരിൽ ആക്ഷേപം ഉന്നയിക്കുന്നതുപോലെ. ചരിത്രം വായിച്ചിട്ടില്ല, സംഭവങ്ങളും വായിച്ചിട്ടില്ല, ഖുർആനും മനസ്സിലാക്കിയിട്ടില്ല.) പറയുന്നു, "ചില പാതിരിമാർ തങ്ങളുടെ ഗ്രാഹ്യകുറവ് നിമിത്തം, ശരിയെന്നും ദൈവികാധ്യാപനമെന്നും തൗറാത്ത് അംഗീകരിച്ചിട്ടുള്ളകാര്യങ്ങൾ വിശുദ്ധഖുർആനിൽ വന്നിട്ടുള്ളതിനെ ആക്ഷേപിക്കുന്നതായി കാണുന്നു. അത്തരം ആക്ഷേപം സ്വയം അവരുടെ തെറ്റോ എടുത്തു ചാട്ടമോ ആകുന്നു."

വീണ്ടും പറയുന്നു: "ചുരുക്കത്തിൽ ഏതൊരു പ്രവാചകന്മാരുടെ സത്യത്തെ സംബന്ധിച്ചാണോ കോടിക്കണക്കിനാളുകൾ നൂറ്റാണ്ടുകളായി വിശ്വസമർപിച്ച് വന്നിട്ടുള്ളത്, ആരംഭം മുതൽക്കെ അല്ലാഹുവിന്റെ സഹായങ്ങൾ ഉണ്ടായിട്ടുള്ളത് അങ്ങനെയുള്ള പ്രവാചകന്മാരെ ഒരിക്കലും വ്യജരായി വിധിക്കരുത്. അടിസ്ഥാനപരമായ ഈ തത്ത്വത്തിലാണ് ലോകത്തിന്റെ നന്മയും, ശാന്തിയും, രഞ്ജിപ്പും, ഭയഭക്തിയും, ദൈവഭയവും കുടികൊള്ളുന്നത്. ഒരു സത്യാമ്പേഷി അയാൾ ഏഷ്യക്കാരനോ യൂറോപ്യനോ ആയിക്കൊള്ളട്ടെ അടിസ്ഥാനപരമായ നമ്മുടെ ഈ തത്ത്വം ഇഷ്ടപ്പെടുകയും തങ്ങളുടെ അടിസ്ഥാന തത്ത്വം എന്തു കൊണ്ടിങ്ങനെ ആയില്ല എന്ന് നെടുവീർപ്പിട്ട് പറയുകയും ചെയ്യുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു."

ഹദ്റത്ത് അഹ്മദ്(അ) രാജ്ഞിക്ക് തുടർന്നെഴുതുന്നു, "ഞാൻ ഈ അടിസ്ഥാനതത്ത്വം ഇന്ത്യയുടെയും ഇംഗ്ലണ്ടിന്റെയും (അക്കാലത്ത് ഇന്ത്യയിലും രാജ്ഞിയുടെ ഭരണമായിരുന്നു) ആദരണീയയായ രാജ്ഞിയുടെ സന്നിധിയിൽ സമർപിച്ചു.ലോകത്ത് സമാധാനം പരത്തുന്ന ഒരേയൊരു അടിസ്ഥാന തത്ത്വം ഇത് മാത്രമാണെന്ന്. ഇത് നമ്മുടെ തത്ത്വമാണ്. സുന്ദരവും ഹൃദയഹാരിയുമായ ഈ അടിസ്ഥാന തത്ത്വം ഉൾക്കൊള്ളുന്നു എന്നതിൽ ഇസ്ലാമിനും അഭിമാനിക്കാം. അല്ലാഹുവിന്റെ അനുഗ്രഹം അവർക്ക് ഒരു ലോകത്തെ തന്നെ അനുയായികളായി നല്കി. നൂറ്റാണ്ടുകളായി അവരുടെ മുന്നിൽ രാജാക്കന്മാരുടെ ശിരസ്സുകൾ കുനിയുകയും ചെയ്തു. അത്തരം മഹത്തുക്കളെ അപമാനിക്കുക എന്നത് നമുക്ക് ചേർന്നതാണോ? ദൈവത്തെ സംബന്ധിച്ച്, അവൻ അസത്യവാന്മാർക്ക്

സത്യവാന്മാരുടെ പ്രതാപം നൽകിയും, സത്യവാന്മാരെപോലെ കോടിക്കണക്കിന് ജനങ്ങളുടെ ഗുരുക്കന്മാരാ ക്കിയും, അവരുടെ മതത്തിന് ദീർഘായുസ്സ് കൊടുത്തും, അവരുടെ മതത്തെ പിന്തുണച്ചുകൊണ്ട് ദൈവികാടയാളങ്ങൾ വെളിപ്പെടുത്തിയും ലോകത്തെ ചതിക്കാൻ ആഗ്രഹിക്കുന്നു എന്ന ദുർഭാവന വെച്ചു പുലർത്തുന്നത് നമുക്ക് അഭികാമ്യമാണോ? ഇനി അല്ലാഹു തന്നെ നമ്മെ ചതിക്കുകയാണെങ്കിൽ പിന്നെങ്ങനെയാണ് നാം നേർമാർഗത്തേയും ദുർമാർഗത്തേയും വേർതിരിച്ചറിയുക?"

പറയുന്നു: "വ്യാജനബിയുടെ പ്രൗഢിയും സ്വീകാര്യതയും മഹത്ത്വവും സത്യവാന്മാരുടേതുപോലെ പ്രചരിക്കുകയില്ലയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. കള്ളപ്രവാചകന്മാരുടെ പദ്ധതികളിൽ സത്യപ്രവാചകന്മാരുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന പ്രഭ ഉണ്ടാകാൻ പാടുള്ളതല്ല. അതിനാൽ അല്ലാഹുവിന്റെ ശാശ്വതമായ പിന്തുണയുടെ ശൃംഖല അവരോടൊപ്പം ഉണ്ടായിരിക്കുകയും അല്ലാഹു അവരുടെ മതത്തിന്റെ ചെടിയെ കോടിക്കണക്കിന് ഹൃദയങ്ങളിൽ നടുകയും ആയുസ്സ് നൽകുകയും ചെയ്യുന്നു എന്നതാണ് സത്യവാന്മാരുടെ ഒന്നാമത്തെ അടയാളം. അക്കാരണത്താൽ ഏത് നബിയുടെ മതത്തിലാ ണോ നാം പ്രസ്തുത അടയാളങ്ങൾ കാണുന്നത്, നാം നമ്മുടെ മരണത്തിന്റെയും നീതിയുടെയും നാളിനെ ഓർത്ത് അത്തരത്തിലുള്ള മഹാന്മാരായ മതഗുരുക്കന്മാരെ അപമാനിക്കരുത്.പ്രത്യുത,ശരിയായ നിലയിൽ ആദരിക്കുകയും സ്നേഹിക്കുകയും വേണം.അല്ലാഹു നമ്മെ പഠിപ്പിച്ചിട്ടുള്ള പ്രഥമമായ അടിസ്ഥാന തത്ത്വമാണിത്. അതിലൂടെ നാം ഉന്നത ധാർമിക ഗുണത്തിന് അവകാശികളായിതീരുന്നു."(തുഹ്ഫ ഖയ്സ്വരിയ്യഃ, റൂഹാനീ ഖസായിൻ വാള്യം 12 പേജ് 258-262)

വിവിധ മതങ്ങളുടെ വക്താക്കൾ തങ്ങളുടെ മതങ്ങളുടെ ശ്രേഷ്ഠതകൾ വിവരിക്കുന്ന കോൺഫറൻസുകളും സംഘടിപ്പിക്കേണ്ടതാണെന്നും ആ മഹാത്മാവ് പറയുകയുണ്ടായി. (തുഹ്ഫ ഖയ്സ്വരിയ്യഃ, റൂഹാനീ ഖസായിൻ വാള്യം 12 പേജ് 279)

ഇക്കാലത്ത് കർമപരമായ നിലയിൽ നോക്കുകയാണെങ്കിൽ ഇസ്‌ലാം ആദ്യത്തെ മതമാണ്. അംഗസംഖ്യയിൽ ഏതായാലും ലോകത്തെ രണ്ടാമത്തെ വലിയ മതമാണ്. അതുകൊണ്ട് എന്തായാലും ലോകത്തുള്ള മറ്റു മതവിഭാഗക്കാർ മുസ്‌ലിംകളെ ബഹുമാനിക്കേണ്ടതാണ്. നബി (സ) തിരുമേനിയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്ന ബാധ്യത നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ ലോകത്ത് കലഹ

ങ്ങളും അശാന്തിയുമുണ്ടാകും. ഞങ്ങൾ ലോകത്തുള്ള മതങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും അവരുടെ ഗുരുക്കന്മാരേയും പ്രവാചകന്മാരേയും ദൈവനിയോഗിതരായി മനസ്സിലാക്കുകയും ചെയ്യുന്നു. നബി തിരുമേനി(സ) നമ്മെ പഠിപ്പിച്ച വിശുദ്ധഖുർആന്റെ ഈ മനോഹരമായ അധ്യാപനത്തിന്റെ ഫലമായി ഇസ്‌ലാമിന്റെ ശത്രുക്കൾ നബി(സ) തിരുമേനിക്കെതിരിൽ അനുചിതമായ വാക്കുകൾ പ്രയോഗിച്ചിട്ടും അസഭ്യമായ ചിത്രങ്ങൾ വരച്ചിട്ടും മറുപടിയെന്നോണം നാം ഒരു മതത്തിന്റേയും മഹാത്മാക്കൾക്കും നബിമാർക്കുമെതിരിൽ തെറ്റായ വാക്കുകൾ പറയുന്നില്ല, പരിഹസിക്കുന്നുമില്ല. എന്നിട്ടും മുസ്‌ലിംകളെ സമാധാനധ്വംസകരാണെന്ന് ചിത്രീകരിക്കുന്നു. ഇവർ തന്നെയാണ് ആദ്യം സമാധാനം കെടുത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത്. വികാരം ഇളക്കിവിടുന്നത്. പിന്നീട് വികാരം ആളിക്കത്തുമ്പോൾ പറയുന്നു: 'നോക്കൂ, മുസ്‌ലിംകൾ തീവ്രവാദികളാണ്. ഇവർക്കെതിരിൽ എല്ലാ നടപടികളും സ്വീകരിക്കുക'എന്ന്.

യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന് ഗ്രഹിക്കുവാനായി ഞാൻ വായിച്ചു കേൾപിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സന്ദേശം പ്രചരിപ്പിക്കേണ്ടതാണ്. ഒരു യഥാർഥ മുസ്‌ലിമിന്റെ ഹൃദയത്തിൽ, നമ്മുടെ ഹൃദയത്തിൽ നബി(സ)തിരുമേനിക്കുള്ള സ്ഥാനമെന്താണെന്ന് ഭൗതികർക്കറിയില്ല. നബി(സ) തിരുമേനിയുടെ അധ്യാപനവും ആ മഹാത്മാവിന്റെ സൽമാതൃകയും എത്ര മാത്രം ഹൃദയഹാരിയാണെന്നും എത്ര മാത്രം മനോഹരമാണെന്നും ഭൗതികർക്കറിയില്ല. ഒരു യഥാർഥ മുസ്‌ലിമിന് നബി(സ) തിരുമേനിയോട് എത്രത്തോളം സ്നേഹവും അനുരക്തിയുമാണുള്ളത് എന്നതിനെ സംബന്ധിച്ച് അവർക്ക് സങ്കൽപ്പിക്കാനെ സാധ്യമല്ല. നബി(സ) തിരുമേനിയോടുള്ള സ്നേഹവും അനുരക്തിയും ആ മഹാത്മാവിന്റെ ഒരു പ്രീത ശിഷ്യൻ ഹദറത്ത് ഹസ്സാൻ ബിൻ ഥാബിത്(റ) ഇന്നേക്ക് 1400 വർഷം മുമ്പേ തന്റെ വികാരനിർഭരമായ കവിതയിൽ പ്രകടിപ്പിച്ചതിങ്ങനെയാണ്:

كُنْتَ السَّوَادَ لِنَاظِرِىْ فَعَمِىَ عَلَيْكَ النَّاظِرُ

مَنْ شَآءَ بَعْدَكَ فَلْيَمُتْ فَعَلَيْكَ كُنْتُ اُحَاذِرُ

യാ റസൂലല്ലാഹ്! അങ്ങ് എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. ഇന്ന് അങ്ങയുടെ മരണത്തോടെ ഞാൻ അന്ധനായി തീർന്നിരിക്കുന്നു.

അങ്ങയുടെ മരണശേഷം ഇനി ആര് മരിച്ചാലും എനിക്കൊന്നുമില്ല. ഞാൻ അങ്ങയുടെ മരണത്തെയാണ് ഭയന്നിരുന്നത്.

ഈ കവിത നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്(റ) ചൊല്ലിയതാണ്. എന്നാൽ, ഇക്കാലത്തും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ), നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും അഗാധതയിലേക്ക് ആഴ്ന്നിറങ്ങിച്ചെന്ന് നമ്മുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റേയും അനുരക്തിയുടേയും ദീപം തെളിച്ചു. സ്നേഹത്തിന്റേയും അനുരക്തിയുടേയും അവസ്ഥ സുദീർഘമായൊരു ഖസീദയിൽ (അർച്ചനാഗീതം) ആ മഹാത്മാവ് ഇങ്ങനെ വർണിക്കുന്നു.

قَوْمٌ رَأَوْكَ وَاُمَّةٌ قَدْ اُخْبِرَتْ

مِنْ ذَالِكَ الْبَدْرِ الَّذِىْ اَصْبَانِىْ

ഒരു ജനസമൂഹം അങ്ങയെ കണ്ടറിഞ്ഞു. എന്നെ ആകർഷിച്ച ആ പൂർണചന്ദ്രനെക്കുറിച്ച് മറ്റൊരു സമുദായത്തിന് വിവരം നല്കപ്പെടുകയും ചെയ്തു.

يَبْكُوْنَ مِنْ ذِكرِ الجَمَالِ صَبَابَة

وَ تَأَلُّمًا مِّنْ لَوْعَةِ الْهِجْرَانِ

അങ്ങയുടെ സൗന്ദര്യം ഓർത്തോർത്ത് പ്രേമവായ്പ്പ് നിമിത്തവും വിരഹവേദന കൊണ്ടുണ്ടായ ദുഖഭാരത്താലും അവർ കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്നു.

وَارَى القَلوْبَ لَدَى الحَنَاجِرَ كَرْبَةً

وَأَرَى الْغُرُوْبَ تُسِيْلُهَا الْعَيْنَانِ

അസ്വസ്ഥചിത്തരായതുകൊണ്ട് കണ്ഠനാളത്തിലെത്തിയിരിക്കുന്ന ഹൃദയങ്ങളും കണ്ണുകൾ ഒഴുക്കിക്കൊണ്ടിരിക്കുന്ന അശ്രുകണങ്ങളുമാണ് ഞാൻ കാണുന്നത്. (ഇപ്പോൾ നമ്മളിൽ നിരവധിപേർക്ക് മാത്രമല്ല നമ്മുടെ കുട്ടികൾക്കുപോലും ഈ ഖസീദ മനപാഠമാണ്. ഈ സുദീർഘമായ ഖസീദയുടെ അവസാന വരികൾ ഇവയാണ്.)

جِسْمِیْ یَطِیْرُ اِلَیْكَ مِنْ شَوْقٍ عَلَا

یَا لَیْتَ كَانَت قُوَّةُ الطَّیَرَانٖ

ആവേശത്തളളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെ ദേഹം വെമ്പൽ കൊള്ളുകയാണ്. അഹോ! എനിക്ക് പറക്കാനുള്ള കെൽപുണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

(ആയിനെ കമാലാത്തെ ഇസ്‌ലാം , റൂഹാനി ഖസാഇൗൻ വാള്യം -5, പേജ്- 590-594)

നബി(സ)തിരുമേനിയോട് ഇത്തരത്തിലുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും പാഠമാണ് നമുക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. 'നിസ്സാരമായ തമാശകളിലൂടെ' എന്ത് കുഴപ്പം ഉണ്ടാകാനാണെന്ന് ഭൗതികർ ചോദിക്കുന്നു. ധാർമിക നിലവാരം ഉയരുന്നതിനു പകരം അധഃപതിക്കുന്ന അവസ്ഥ ഉണ്ടാകുമ്പോഴാണ് ലോകത്ത് സമാധാനം ഇല്ലാതാകുന്നത്................

എന്നാൽ, ഞാൻ പറഞ്ഞതുപോലെ, നമ്മുടെ ജോലി നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങൾ ലോകത്തിന് മുമ്പിൽ സമർപിക്കാൻ കൂടുതൽ കൂടുതൽ പരിശ്രമിക്കുക എന്നതാണ്. അതിന് നബി(സ) തിരുമേനിയുടെ ജീവിതം സംക്ഷിപ്തവും എന്നാൽ, വിശദവുമായ നിലയിൽ വർണിക്കുന്ന ഗ്രന്ഥം തിരുനബി ചരിത്രം അല്ലെങ്കിൽ 'വിശുദ്ധഖുർആൻ പഠനത്തിന് ഒരു മുഖവുര എന്ന ഗ്രന്ഥത്തിലെ ചരിത്രത്തെ പരാമർശിക്കുന്ന ഭാഗം' ഓരോ അഹ്മദിയും വായിച്ചിരിക്കേണ്ടതാണ്. അതിൽ ജീവിതത്തിന്റെ മിക്കവാറും എല്ലാ വശങ്ങളും പരാമർശിച്ചിട്ടുണ്ട്. പിന്നീട് ഓരോരുത്തരുടെയും ആവേശവും വൈജ്ഞാനിക അഭിരുചിയനുസരിച്ച് തിരുനബിയെ പറ്റിയുള്ള ചരിത്രഗ്രന്ഥങ്ങളും വായിക്കേണ്ടതാണ്.എന്നിട്ട് വിവിധ മാർഗങ്ങളിലൂടെ, ബന്ധങ്ങളിലൂടെ, ലേഖനങ്ങളിലൂടെ, ലഘുലേഖകളിലൂടെ, നബി(സ) തിരുമേനിയുടെ സൗന്ദര്യത്തേയും ഔദാര്യത്തേയും ലോകത്തിന് പരിചയപ്പെടുത്തി കൊടുക്കുക. അല്ലാഹു ഈ സുപ്രധാന ജോലിയും ബാധ്യതയും നിറവേറ്റാനുള്ള സൗഭാഗ്യം ഓരോ അഹ്മദിക്കും നല്കുമാറാകട്ടെ. ലോകം അശാന്തിയിൽ നിന്നും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിന്, ഇത്തരത്തിൽ അനാവശ്യമായി, അക്രമപരമായി പരിഹസിക്കുന്നവരുടെ അല്ലെങ്കിൽ ശത്രുത പ്രകടിപ്പിക്കുന്നവരെ ഖണ്ഡിക്കുന്നതിന് ചിന്തിക്കുന്ന ഒരു വിഭാഗം ഉയർന്നു വരട്ടെ. അല്ലാഹു അങ്ങനെ ആക്കിത്തീർക്കുമാറാകട്ടെ. (28-09-2012, ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ)

## അഹ്മദികളുടെ പ്രതികരണരീതി

ലോകത്തിനു മുഴുവൻ കാരുണ്യമായിവന്ന മുഹമ്മദു മുസ്തഫാ(സ)യെ കുറിച്ച് അങ്ങേയറ്റം വൃത്തികെട്ടതും നിന്ദാവഹവും മുസ്‌ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതുമായ കാർട്ടൂൺ 2006-ൽ ഡന്മാർക്കിൽ പ്രസിദ്ധീകരിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അതിനെ ശക്തമായി അപലപിച്ചുകൊണ്ട് ജുമുഅ ഖുത്ബകൾ നിർവഹിക്കുകയുണ്ടായി. ആ സമയത്ത് മുസ്‌ലിം രാഷ്ട്രങ്ങളിൽ അതിനെതിരെയുള്ള പ്രതികരണമെന്ന നിലയിൽ സ്വയം സകലതും അടിച്ചു തകർത്ത് നശിപ്പിക്കുകയും നാശങ്ങൾ സൃഷ്ടിക്കുകയും ആയിരുന്നു. അപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ ജമാഅത്തിനെ പ്രത്യേകിച്ചും മുസലിംകളെ പൊതുവായും ഉപദേശിച്ചും പ്രതികരണത്തിന്റെ ശരിയായ വഴി കാണിച്ചും കൊണ്ട് പറഞ്ഞു:

“ഞാൻ പറഞ്ഞതുപോലെ നമ്മുടെ ഹൃദയം ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ മുറിവേറ്റിരിക്കുകയാണ്. പക്ഷേ, നമ്മുടെ പ്രതികരണരീതി മറ്റൊന്നാണ്. എപ്പോഴുമെന്നപോലെ ഇനിയും ഇത്തരം പ്രവർത്തനം ഇടയ്ക്കിടെ ഉണ്ടാകാനിടയുണ്ട് എന്ന് പറയാനും ഞാനാഗ്രഹിക്കുന്നു. മുസ്‌ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന പ്രവർത്തനങ്ങളെന്തെങ്കിലും ഇനിയും ആരിൽ നിന്നെങ്കിലും ഉണ്ടാകാവുന്നതാണ്. അതിന്റെ പിന്നിൽ ഒരു ഉദ്ദേശ്യവും ഉണ്ടാകാം. പൗരസ്ത്യദിക്കുകളിൽനിന്ന് പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നും ഇവിടെ വരുന്ന മുസ്‌ലിംകളെ നിയമപരമായി തടയാനുള്ള ശ്രമവും നടന്നേക്കാം. ഇവർ നിയമപരമായി നിയന്ത്രണം ഏർപ്പെടുത്തിയാലും ഇല്ലെങ്കിലും നമുക്ക് നമ്മുടെ നടപടി ഇസ്‌ലാമിക മൂല്യങ്ങളും അധ്യാപനങ്ങളും അനുസരിച്ച് ആയിരിക്കേണ്ടതാണ്.

ഇസ്‌ലാമിനും മുഹമ്മദ് മുസ്തഫാ(സ) തിരുമേനിക്കുമെതിരെ ആരംഭകാലം മുതലേ ഈ ഗൂഢാലോചന നടന്നുവരുന്നതാണ്. പക്ഷേ, അല്ലാഹുവാണ് അതിനെ സംരക്ഷിക്കേണ്ടത്. അതവന്റെ വാഗ്ദാനവുമാണ്. അതുകൊണ്ട് അവൻ അത് സംരക്ഷിച്ചു പോരുന്നു. ശത്രുക്കളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെടുന്നു.

## ഇസ്‌ലാമിനും നബിയ്ക്കുമെതിരിലുള്ള ഗൂഢാലോചന തടയേണ്ടത് വാഗ്ദത്ത മസീഹ്

ഇക്കാലഘട്ടത്തിൽ അല്ലാഹു വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) നെ ഈ ഉദ്ദേശ്യത്തിനായി നിയോഗിച്ചയച്ചിരിക്കുന്നു. ഇക്കാല

ത്ത് നബി(സ) തിരുമേനിയുടെമേൽ ആക്രമണമുണ്ടായപ്പോഴെല്ലാം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ഉം പിന്നീട് ആ പാഠമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവിടത്തെ ഖലീഫമാരും ജമാഅത്തിനെ നയിക്കുകയും അതിനെതിരെ പ്രതികരിക്കുകയും ചെയ്തു. നബി(സ) തിരുമേനിയുടെ മേൽ എതിരാളികൾ ചെളി വാരിയെറിയുമ്പോൾ അതിനെ എതിർക്കാൻ തങ്ങളോടൊപ്പം നില്ക്കാത്ത അഹ്മദികൾ, നബി(സ) തിരുമേനിയെ ആരെങ്കിലും ആക്ഷേപിക്കുന്നതുകൊണ്ട് തങ്ങൾക്ക് ഒരു വേദനയുമില്ലെന്ന് സ്വകർമത്താൽ തെളിയിച്ചുകാണിക്കുകയാണ് ചെയ്യുന്നതെന്ന് മുസ്‌ലിംകൾ പറയാറുണ്ട്. അത്തരം ആക്ഷേപം ഉന്നയിക്കുന്ന മുസ്‌ലിംകൾക്ക് അഹ്മദിയ്യത്തിന്റെ പ്രവർത്തനരീതി മനസ്സിലാക്കിക്കൊടുക്കുന്നതിനാണ് ഞാനിത് പറയുന്നത്.

നബി(സ) തിരുമേനിയുടെ പരിശുദ്ധ അധ്യാപനങ്ങളും മാതൃകയും വിശുദ്ധഖുർആനിന്റെ പാഠവും ജ്വലിച്ചു നിൽക്കും വിധത്തിലുള്ളതാണ് നമ്മുടെ പ്രതികരണം. അങ്ങനെ തന്നെയാണ് വേണ്ടതും. നബി (സ) തിരുമേനിയുടെ മേലുണ്ടാകുന്ന അവിശുദ്ധ ആക്രമണം കണ്ടുകൊണ്ട്, നശീകരണപ്രവർത്തനങ്ങൾ ചെയ്യുന്നതിനു പകരം അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിട്ടു കൊണ്ട്, അവനോട് സഹായം തേടുന്നവരായി നാം മാറേണ്ടതാണ്. നബി(സ) തിരുമേനിയെ ആത്മാർഥമായി സ്നേഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന് ആ മഹാത്മാവിനോടുള്ള സ്നേഹവും അഭിമാനവും എത്രയാണെന്നതിന് ഞാൻ രണ്ടുദാഹരണം പറയാം.

ആദ്യത്തെ ഉദാഹരണം ക്രിസ്ത്യാനിയായ അബ്ദുല്ലാ ആഥമിന്റേതാണ്. അയാൾ തന്റെ ഗ്രന്ഥത്തിൽ നബി (സ) തിരുമേനി യെ സംബന്ധിച്ച്, തന്റെ വൃത്തികെട്ട ചിന്താഗതി പ്രകടിപ്പിച്ചുകൊണ്ട് ദജ്ജാൽ എന്ന പദം നഊദുബില്ലാഹ് എഴുതി. ആ സമയത്ത് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദു(അ)മായി ഇസ്‌ലാമും - ക്രിസ്ത്യാനികളും എന്ന വിഷയത്തിൽ സംവാദവും നടക്കുന്നുണ്ടായിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: അങ്ങനെ ഞാൻ 15 ദിവസം വരെ വാദപ്രതിവാദത്തിൽ പങ്കെടുത്തു. രഹസ്യമായിട്ട് ആഥമിന്റെ നാശത്തിനായി ദുആ ചെയ്തുകൊണ്ടിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: വാദപ്രതിവാദം അവസാനിച്ചപ്പോൾ ഞാൻ അയാളോടു പറഞ്ഞു: ഒരു സംവാദം സമാപിച്ചു. പക്ഷേ, വേറൊരു തരത്തിലുള്ള പോരാട്ടം അവശേഷിക്കുന്നുണ്ട്. അത് അല്ലാഹുവിൽ നിന്ന് വരാനുള്ളതാണ്. അതെന്താണെന്നു വെച്ചാൽ, താങ്കൾ, താങ്കളുടെ ഗ്രന്ഥമായ “അൻദ

റോനെ ബൈബിളിൽ” നമ്മുടെ നബി(സ) തിരുമേനിയെ ദജ്ജാലെന്ന് വിളിച്ചിരിക്കുന്നു. ഞാൻ നബി(സ) തിരുമേനി സത്യവാനാണെന്ന് മനസി ലാക്കുന്നയാളാണ്. ഇസ്ലാംമതം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് ദൃഢ മായും വിശ്വസിക്കുന്നയാളാണ്. ദൈവ വിധി തീർപ്പ് കൽപിക്കുന്ന ഒരു പോരാട്ടമായിരിക്കുമിത്. ആ ദൈവവിധി എന്താണെന്നുവെച്ചാൽ നമ്മൾ രണ്ടുപേരിൽ ആരാണോ തന്റെ സംസാരത്തിൽ കളവ് പറയുന്നത് ആരാണോ, അന്യായമായി നബിയെ കള്ളനെന്നും ദജ്ജാലെന്നും പറ യുന്നത്, സത്യത്തിന്റെ ശത്രു ആയിരിക്കുന്നത് അവൻ ഇന്നുമുതൽ 15 മാസത്തിനുള്ളിൽ സത്യത്തിലേക്ക് മടങ്ങുന്നില്ലെങ്കിൽ അതായത് സാത്വി കനും സത്യസന്ധനുമായ നബിയെ ദജ്ജാൽ എന്നു വിളിക്കുന്നതിൽ നിന്ന് പിൻവാങ്ങുന്നില്ലെങ്കിൽ നിർഭയത്വവും അസഭ്യവർത്തമാനവും ഉപേക്ഷിക്കുന്നില്ലെങ്കിൽ അയാൾ സത്യവാന്റെ ജീവിതത്തിൽതന്നെ ന രകത്തിൽ പതിക്കുന്നതാണ്. ഇത് പറയാൻ കാരണം ഏതെങ്കിലും ഒരു മതത്തെ നിഷേധിക്കുന്നത് ലോകത്ത് ശിക്ഷ ലഭിക്കുന്നതിന് കാരണ മാകുകയില്ല. മറിച്ച് അഹവും ദുർഭാഷണവുമാണ് ശിക്ഷക്ക് കാരണമാ യിത്തീരുന്നത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു: ഞാനിത് പറഞ്ഞപ്പോൾ, അയാളുടെ കൈകൾ വിറകൊള്ളുകയും മുഖം വിളറിപ്പോവുകയും ചെയ്തു. അദ്ദേഹം ഉടനെ തന്റെ രണ്ടു കൈകളും ചെവിക്കുപിടിച്ചു നാവുനീട്ടുകയും തലയാട്ടുകയും ചെയ്തുകൊണ്ട് ഭയവിഹ്വലനായ ഒരു കുറ്റവാളി തന്റെ കുറ്റം നിഷേധിച്ചുക്കൊണ്ട് പശ്ചാത്താപ വിനയത്തോടു കൂടി തന്നെ പ്രദർശിപ്പിക്കുന്നതുപോലെ താൻ നബിതിരുമേനിയെ അപ്രകാരം ദജ്ജാലെന്ന് പറഞ്ഞിട്ടില്ലെന്ന് പ്രഖ്യാപിച്ചു. അയാൾ “തൗബാ, തൗബാ! ഞാൻ അനാദരം കാണിച്ചി ട്ടില്ല; ഞാൻ നബിയെ ഒരിക്കലും ദജ്ജാൽ എന്നു പറഞ്ഞിട്ടില്ല.” എന്ന് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. ഇതിനുശേഷം അയാൾ ഇസ്ലാമിനെതിരിൽ ഒരിക്കലും സംസാരിച്ചിട്ടില്ല. ഇതായിരുന്നു നബി (സ) തിരുമേനിയുടെ കാര്യത്തിൽ അഭിമാനം കൊള്ളുന്ന ദൈവിക സിംഹത്തിന്റെ പ്രതികരണം.അങ്ങനെ ചെയ്യുന്ന വ്യക്തികളെ ഇങ്ങനെ യായിരുന്നു അദ്ദേഹം വെല്ലുവിളിച്ചിരുന്നത്.

പിന്നീട് നബി(സ) തിരുമേനിയെ ചീത്ത പറയാറുണ്ടായിരുന്ന വ്യക്തി യായിരുന്നു ലേഖ്റാം. അയാളുടെ വൃത്തിക്കെട്ട പദപ്രയോഗങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) വളരെ ശ്രമിച്ചു. അയാൾ അതിൽ നിന്ന് പിന്മാറിയില്ല. ഒടുവിൽ അവിടന്ന് ദുആ ചെയ്തു. അല്ലാഹു അയാളുടെ വേദനാജനകമായ മരണത്തെ

ക്കുറിച്ച് അറിയിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഇതു സംബന്ധമായി പറയുന്നു: നബി(സ) തിരുമേനിയെ ചീത്തപറയുകയും അസഭ്യങ്ങൾ പുലമ്പുകയും ചെയ്യുന്ന ശത്രുവായ ലേഖ്റാമിനെക്കുറിച്ച് അല്ലാഹു എന്റെ ദുആ കേട്ടുകൊണ്ട് എന്നോട് വാഗ്ദാനം ചെയ്തു. ഞാനയാൾക്കെതിരെ ദുആ ചെയ്തപ്പോൾ അല്ലാഹു എന്നെ സുവാർത്ത അറിയിച്ചു. അയാൾ 6 വർഷത്തിനുള്ളിൽ നശിക്കുന്നതാണ്. സത്യമതത്തെ അന്വേഷിച്ചു നടക്കുന്നവർക്ക് അടയാളമാണിത്. അത് അങ്ങനെ തന്നെ സംഭവിച്ചു.അയാൾ വളരെ ദാരുണമായി മരണപ്പെട്ടു.

## നബി(സ)യുടെ ഉദാത്ത ജീവികമാതൃക ലോകസമക്ഷം സമർപിക്കുക

ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയെന്ന രീതിയാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) നമ്മെ പഠിപ്പിച്ചത്. നബി(സ) തിരുമേനിയുടെ നന്മകൾ വിവരിച്ചു കൊടുക്കുക. ദുൻയാവിന്റെ കണ്ണിൽനിന്ന് മറഞ്ഞിരിക്കുന്ന ആ മനോഹരമായ ജീവിതവശങ്ങൾ ലോകത്തിന് ബോധ്യപ്പെടുത്തികൊടുക്കുക. ഒന്നുകിൽ അല്ലാഹു ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് ഇവരെ മാറ്റി നിറുത്തുവാനും  അല്ലെങ്കിൽ അവൻതന്നെ ഇവരെ പിടിച്ചൊതുക്കുവാനും അല്ലാഹുവിനോട് ദുആ ചെയ്യുക. അല്ലാഹുവിന്റെ പിടിത്തത്തിന് അതിന്റേതായ രീതിയുണ്ട്. ഏതു രീതിയിൽ എങ്ങനെ ഒരുവനെ പിടിക്കണമെന്ന് അവന് നന്നായിട്ടറിയാം.

രണ്ടാം ഖിലാഫത്തുകാലത്ത് അങ്ങേയറ്റം വൃത്തികെട്ട ഒരു ഗ്രന്ഥം 'രങ്കീലാറസൂൽ' എന്ന പേരിൽ എഴുതപ്പെട്ടു. ഒരു മാസികയായ 'വർത്തമാൻ' നിരർഥകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ ഇന്ത്യയിലെ മുസ്‌ലിംകളിൽ ഒരു ധാർമികരോഷം അലയടിച്ചുയർന്നു. നാലു ഭാഗത്തും അത് പ്രകടമായി. ആ പ്രതികരണം വളരെ കഠിനമായിരുന്നു.

ജമാഅത്തിന്റെ രണ്ടാം ഖലീഫയായ ഹദ്റത്ത്  മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മുസ്‌ലിംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'അല്ലയോ സഹോദരന്മാരേ! വേദന നിറഞ്ഞ ഹൃദയത്തോടെ ഞാൻ വീണ്ടും പറയുന്നു: ആക്രമണം നടത്തുന്നവൻ അല്ല ധൈര്യവാൻ. അവൻ ഭീരുവാണ്. കാരണം അവൻ തന്റെ വികാരത്തിന് അടിപ്പെട്ടവനാണ്.'കോപത്തെ കീഴടക്കുന്നവനാണ് യഥാർത്ഥ ധൈര്യവാൻ എന്ന് ഹദീസിൽ പറഞ്ഞിട്ടുണ്ട്.

'ധൈര്യവാൻ, സുസ്ഥിരമായ തീരുമാനം എടുക്കുന്നവനാണ്. അത് പൂർത്തിയാക്കാതെ അവൻ അതിൽ നിന്ന് പിന്മാറുകയില്ല.'അവിടന്ന്

പറഞ്ഞു. 'ഇസ്ലാമിന്റെ വളർച്ചയ്ക്കായി മൂന്നു കാര്യങ്ങൾ പ്രതിജ്ഞ ചെയ്യുക. **ഒന്നാമത്തേത്,** ദൈവഭയത്തോടുകൂടി പ്രവർത്തിക്കുമെന്നുള്ള പ്രതിജ്ഞ. ദീനിനെ അശ്രദ്ധയോടു കൂടി കാണുകയില്ല. ആദ്യം സ്വന്തം കർമം നന്നാക്കിത്തീർക്കുക. **രണ്ടാമത്തേത്** ഇസ്ലാംമത പ്രബോധനം പൂർണ്ണതാല്പര്യത്തോടെ ചെയ്യുന്നതാണെന്നുള്ള പ്രതിജ്ഞ. ഇസ്ലാമികാധ്യാപനം എന്താണെന്ന് ലോകത്തെ ഓരോ വ്യക്തിയും അറിഞ്ഞിരിക്കണം. നബി(സ) തിരുമേനിയുടെ മനോഹരമായ ജീവിതത്തെക്കുറിച്ച് ലോകം അറിയണം. **മൂന്നാമത്തേത്,** സാധാരണ മുസ്ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽ നിന്ന് രക്ഷിക്കാൻ പൂർണമായും ശ്രമിക്കുമെന്നുള്ള പ്രതിജ്ഞ.' (അൻവാറുൽ ഉലൂം വാള്യം 9 പേജ് 555,556)

എല്ലാ മുസ്ലിംകളുടെയും സാധാരണക്കാരന്റേയും ലീഡർമാരുടേയും നിർബന്ധകടമയാണിത്. നോക്കുക, സ്വാതന്ത്ര്യമുണ്ടായിട്ടും, തങ്ങൾ സ്വതന്ത്രരെന്നു പറയുന്ന ഈ മുസ്ലിംരാഷ്ട്രങ്ങൾ സ്വതന്ത്രരായിരുന്നിട്ടും, ഇപ്പോഴും സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിന് ഇരകളാണ്. പാശ്ചാത്യജനതയ്ക്ക് വിധേയരാണ്. അവരെ അനുകരിക്കുന്നതിൽ വ്യാപൃതരാണ്.സ്വയം ഒരു ജോലിയും എടുക്കുന്നില്ല. മിക്ക കാര്യങ്ങളിലും മുസ്ലിംകൾ അവരെ ആശ്രയിച്ചാണ് നടക്കുന്നത്. അതുകൊണ്ടാണ് അവർ സന്ദർഭാനുസരണം മുസ്ലിംകളുടെ വികാരത്തെ വ്രണപെടുത്തികൊണ്ടിരിക്കുന്നതും. പിന്നീട് അവിടന്ന് നബി കീർത്തന സമ്മേളനം നടത്താൻ തുടങ്ങി. പ്രതികരിക്കേണ്ടത് ഈ രീതിയിലാണ്. കുഴപ്പമുണ്ടാക്കുകയും നാശമുണ്ടാക്കുകയും ചെയ്യലല്ല. ഇക്കാര്യങ്ങളിൽ മുസ്ലിംകളെ അപേക്ഷിച്ച് കൂടുതൽ സംബോധിതർ അഹ്മദികളാണ്.

ഈ രാജ്യങ്ങളിലെ ചില തെറ്റായ പാരമ്പര്യങ്ങൾ, നാം അറിയാതെ നമ്മുടെ കുടുംബങ്ങളിലും കടന്നുകൊണ്ടിരിക്കുന്നു. നിങ്ങളും സംബോധിതരായിരുന്നുവെന്ന് ഞാൻ അഹ്മദികളോടു പറയുകയാണ്. ഇവരുടെ സംസ്കാരത്തിന്റെ നല്ല നല്ല കാര്യങ്ങൾ സ്വായത്തമാക്കുകയും തെറ്റായ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്.നമ്മുടെ ശ്രദ്ധ നശീകരണ പ്രവർത്തനത്തിനു പകരം ആത്മപരിശോധന നടത്തേണ്ടതിലേക്ക് തിരിയണം. ഇതായിരിക്കണം നമ്മുടെ സമീപന രീതി. നമ്മുടെ കർമം എങ്ങനെയുള്ളതാണെന്ന് നാം പരിശോധിക്കുക. നമ്മുടെ ഉള്ളിൽ ദൈവഭയം എത്രയുണ്ട്. അവനെ ആരാധിക്കുന്നതിലും ദീനീപരമായ കല്പനകൾ പാലിക്കുന്നതിലും അല്ലാഹുവിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിലും നാം എത്രകണ്ട് ശ്രദ്ധ ചെലുത്തുന്നുണ്ട്.

പിന്നീട് നാലാം ഖിലാഫത്തിന്റെ കാലത്താണ് റുശ്ദി നിന്ദാവഹമായ ഗ്രന്ഥമെഴുതിയത്. അക്കാലത്ത് ആ ഗ്രന്ഥത്തിനെതിരെ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖുത്ബകൾ ചെയ്തിരുന്നു. ഒരു ഗ്രന്ഥവും എഴുതിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ ഓരോ കാലത്തും ഇതുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ വർഷത്തിന്റെ തുടക്കത്തിലും നബി(സ)തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് വിമർശിച്ചുകൊണ്ട് ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അന്ന് ഞാൻ ജമാഅത്തിനോടും നമ്മുടെ ഉപസംഘടനകളോടും ലേഖനങ്ങൾ എഴുതാനും പത്രങ്ങളിൽ കത്തുകളെഴുതാനും അവരുമായിട്ടുള്ള ബന്ധം വിശാലമാക്കാനും നബി(സ) യുടെ ജീവിതത്തിന്റെ സവിശേഷഗുണങ്ങളും സൗന്ദര്യവും വിവരിക്കാനും പറഞ്ഞിരുന്നു. ഇത് നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ സുന്ദരമായ വശങ്ങളെ ലോകത്തിന് കാണിച്ചുകൊടുക്കേണ്ട പ്രശ്നമാണ്. ഇത് നശീകരണ പ്രവർത്തനങ്ങളിലൂടെ ലഭിക്കുകയില്ല. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിലെ ഓരോ വിഭാഗവും ഇതിൽ പങ്കെടുക്കുന്നതോടൊപ്പം ഓരോ രാജ്യത്തെയും വിദ്യാസമ്പന്നരും വിവേകമുള്ളവരുമായ മറ്റു മുസ്‌ലിംകളേയും ഇതിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. സമാധാനപരമായ നിലയിൽ നിങ്ങളും ഇങ്ങനെ പ്രതികരിക്കാനും പത്രപ്രവർത്തകരുമായിട്ടുള്ള ബന്ധം വിശാലമാക്കാനും ലേഖനങ്ങളെഴുതാനും ശ്രമിക്കേണ്ടതാണ്. ഇങ്ങനെ ഓരോ രാജ്യത്തും ഓരോ വിഭാഗക്കാരിലും ന്യായപൂർത്തി പൂർത്തിയാകുന്നതാണ്. എന്നിട്ടും ആരെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ചെയ്താൽ, അയാളുടെ കാര്യം അല്ലാഹുവുമായിട്ടാണ്.

അല്ലാഹു, നബി(സ) തിരുമേനിയെ **'റഹ്മത്തുല്ലിൽ ആലമീൻ'** മുഴു ലോകത്തിനും കാരുണ്യമായിട്ടാണ് അയച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: **വമാ അർസൽനാക്ക ഇല്ലാ റഹ്മത്തല്ലിൽ ആലമീൻ.** നാം നിന്നെ മുഴുലോകത്തിനും കാരുണ്യമായിട്ടാണ് അയച്ചിട്ടുള്ളത്. (അൽ അമ്പിയാഅ്-106)കാരുണ്യം വിതരണം ചെയ്യുന്നതിൽ അവിടത്തെക്കാൾ വലിയ വ്യക്തി ആരും മുമ്പേയുണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാകുകയുമില്ല. അവിടത്തെ മാതൃക എന്നെന്നേക്കുമായി നിലനില്ക്കുന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ ഓരോ മുസ്‌ലിമും ശ്രമിക്കേണ്ടതാണ്. അതിലും ഏറ്റവും വലിയ ഉത്തരവാദിത്തം അഹ്മദികൾക്കുണ്ട്. നബി (സ) തിരുമേനി ലോകത്തിന് മുഴുവൻ കാരുണ്യമായിരുന്നു. ഇക്കൂട്ടർ നബി(സ)യെ അങ്ങേയറ്റം മോശവും ഭീഭത്സവുമായ രീതിയിൽ ചിത്രീകരിക്കുന്നു. ഇത്തരം ഘട്ടത്തിൽ നബി(സ)യുടെ സ്നേഹത്തിന്റേയും

പ്രിയത്തിന്റേയും കാരുണ്യത്തിന്റേയും മാതൃകയെക്കുറിച്ച് നാം ലോകത്തിന് പറഞ്ഞുകൊടുക്കേണ്ടതാണ്. അതു പറഞ്ഞുകൊടുക്കുന്നതിന് മുസ്‌ലിംകൾക്ക് അവരുടെ നടപടികൾ മാറ്റേണ്ടതായി വരുമെന്നുള്ളത് വ്യക്തമാണ്. ഇവിടെ ഭീകരപ്രവർത്തനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. മറിച്ച്, യുദ്ധങ്ങളിൽ നിന്ന് അകന്നുനില്ക്കാനാണ് നബി (സ) തിരുമേനി എപ്പോഴും ശ്രമിച്ചിട്ടുള്ളത്. മദീനയിൽ വന്നതിനു ശേഷം യുദ്ധം അടിച്ചേല്പിച്ചപ്പോഴാണ് അവിടന്ന് അതിനെ പ്രതിരോധിച്ചത്. അപ്പോൾ അല്ലാഹുവിന്റെ കല്പന പ്രകാരം യുദ്ധം ചെയ്യേണ്ടിവന്നു. എന്നാൽ, അവിടെയുണ്ടായിരുന്ന കല്പന എന്തായിരുന്നു. **വ ഖാത്തിലൂ ഫീ സബീലില്ലാഹില്ലദീന യുഖാത്തിലൂനക്കും വലാ തഅ്തദൂ. ഇന്നല്ലാഹ ലാ യുഹിബ്ബുൽ മുഅ്തദീൻ** അല്ലയോ മുസ്‌ലിംകളേ! നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ(*2:191*). തന്നിൽ ഇറങ്ങുന്ന കല്പനകളനുസരിച്ച് ഏറ്റവും കൂടുതൽ പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു നബി (സ)തിരുമേനി. അത്തരം വ്യക്തിയെക്കുറിച്ച് ഈ രീതിയിൽ ചിത്രീകരിക്കുന്നത് അങ്ങേയറ്റം അക്രമമാണ്.

## കാർട്ടൂൺപ്രസിദ്ധീകരണത്തിനെതിരെ ജമാഅത്തിന്റെ പെട്ടെന്നുള്ള പ്രതികരണം

ഇങ്ങനെ ഹർത്താൽ നടത്തിയും നശീകരണ പ്രവർത്തികളിലൂടെയുമാണ് മറ്റുള്ള മുസ്‌ലിംകൾ ആവേശം പ്രകടിപ്പിക്കുന്നത്. പൊതുമുതൽ നശിപ്പിക്കുന്നു. ഈ സംഭവത്തിനുശേഷം പെട്ടെന്നുണ്ടാകേണ്ടിയിരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം ഉണ്ടായിക്കഴിഞ്ഞു. അഹ്മദികൾ എങ്ങനെയാണ് പ്രതികരിച്ചത്? അവർ ഉടനെ ആ പത്രക്കാരുമായി ബന്ധപ്പെട്ടു.ഇവർ 2006 ഫെബ്രുവരി മാസത്തിൽ ഹർത്താൽ നടത്തുന്നത് കാണുമ്പോൾ, ഇത് ഇപ്പോൾ നടന്നതാണെന്ന് തോന്നാം. എന്നാൽ, ഇതിപ്പോൾ നടന്ന സംഭവമല്ല. ഇതു കഴിഞ്ഞ വർഷം സെപ്തംബറിൽ നടന്ന സംഭവമാണ്. ഞാൻ പറയുകയുണ്ടായി ഇത് സെപ്തംബറിന്റെ അവസാനമോ ഒക്ടോബറിന്റെ ആദ്യമോ നടന്ന സംഭവമാണ്. സംഭവം നടന്നുടനെ നമ്മൾ എന്താണ് ചെയ്തത്. നമ്മുടെ മുബല്ലിഗ് പെട്ടെന്നു വിശദമായ ഒരു ലേഖനം തയ്യാറാക്കി കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രത്തിനയച്ചു കൊടുത്തു. കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധവും അറിയിച്ചു. ജാഥ നടത്തുകയല്ല മറിച്ച്, വാഗ്ദത്ത മസീഹ്

ഹദ്റത്ത് അഹ്മദ്(അ)ന്റെ അധ്യാപനങ്ങളനുസരിച്ച്, തൂലിക മുഖേ നയാണ് നിങ്ങളുമായി ജിഹാദ് ചെയ്യുന്നതാണെന്നും അറിയിച്ചു. ആവി ഷ്കാര സ്വാത ന്ത്ര്യം എന്തായാലുമുണ്ട്. പക്ഷേ, അതിനർഥം മറ്റുള്ളവ രുടെ വികാരങ്ങളെ വ്രണപ്പെടുത്തുക എന്നല്ല. അയച്ചുകൊടുത്ത ലേഖനം ആ പത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഡാനിഷ് ജനതയിൽ നിന്ന് വളരെ നല്ല പ്രതികരണമാണുണ്ടായത്. കാരണം നമ്മുടെ ലേഖനത്തെ ക്കുറിച്ചുള്ള അഭിപ്രായം ഫോണിലൂടെയും കത്തുകളിലൂടെയും മിഷൻ ഹൗസിലയക്കുകയുണ്ടായി. ഒരുപാടാളുകൾ അതിഷ്ടപ്പെട്ടു. പിന്നീട് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡന്റിൽ നിന്ന് അവിടെ നടത്തുന്ന ഒരു മീറ്റിംഗിൽ പങ്കെടുക്കാനുള്ള ക്ഷണം നമുക്കു കിട്ടി. ആ മീറ്റിംഗിൽ നമ്മൾ പങ്കെടുത്തു. നിങ്ങൾക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം, നിങ്ങളുടെ നിയമം അനുവദിക്കുന്നുവെന്നത് ശരി തന്നെയെന്നും എന്നാൽ, അതിന്റെ ഉദ്ദേശ്യം മറ്റു മതങ്ങളുടെ ഗുരുക്കന്മാരേയും ആദരണീയവ്യക്തികളേയും നിന്ദിക്കുകയല്ലെന്നും ആ മീറ്റിംഗിൽ നമ്മുടെ പ്രതിനിധി തുറന്നു പറ ഞ്ഞു. മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ചു കഴിയുന്ന സ്ഥലത്ത് പ്രത്യേകിച്ചും അവരുടെ വികാരങ്ങളെ പരിഗണിക്കേണ്ടത് അത്യാവ ശ്യമാണ്. ഇതു കൂടാതെ സമാധാനം സ്ഥാപിതമാകുകയില്ല.

നബി(സ) തിരുമേനിയുടെ അധ്യാപനം എത്ര മനോഹരമാണെന്നും അവിടത്തെ ജീവിതമാതൃക എത്ര ഉന്നതമാണെന്നും അവിടന്ന് എത്രവ ലിയ ധാർമികതയുടെ ഉടമസ്ഥനാണെന്നും ദൈവസൃഷ്ടികളോടുള്ള പെരു മാറ്റത്തിൽ അവിടന്ന് അനുകമ്പയുടെ പ്രതീകമാണെന്നും അവർക്ക് തെളി വുസഹിതം പറഞ്ഞുകൊടുത്തപ്പോൾ, അത്തരം വ്യക്തിയെക്കുറിച്ച് ഈ രീതിയിൽ കാർട്ടൂൺ വരച്ച് പ്രസിദ്ധീകരിക്കുന്നത് അനുവദനീയമാണോ എന്ന് അവരോട് ചോദിച്ചപ്പോൾ അവർക്ക് കാര്യം മനസ്സിലായി. അവർക്ക് നമ്മുടെ മിഷണറിയുടെ സംസാരം ഇഷ്ടപ്പെടുകയും അതിനെ പ്രശംസി ക്കുകയും ചെയ്തു. ഇത്തരം മീറ്റിംഗ് ആദ്യമേ ചേർന്നിരുന്നെങ്കിൽ, ഒരി ക്കലും താൻ ഈ കാർട്ടൂൺ വരയ്ക്കുകയില്ലായിരുന്നുവെന്ന് കാർട്ടൂ ണിസ്റ്റ് പരസ്യമായി പറഞ്ഞു. എല്ലാം വിശദീകരിച്ചപ്പോഴാണ്, ഇസ്‌ലാ മിന്റെ അധ്യാപനമെന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായത്. ഇത്തരം ചർച്ചകൾ തുടരേണ്ടതാണെന്ന് അവിടെ കൂടിയവരെല്ലാം പറഞ്ഞു.

പിന്നീട് യൂണിയന്റെ പ്രസിഡന്റിന്റെ ഭാഗത്ത് നിന്ന് പ്രസ്സ് റിപ്പോർട്ടും എല്ലാവരേയും കേൾപ്പിക്കുകയുണ്ടായി. ടിവിയിൽ ഇന്റർവ്യൂ സംപ്രേ ഷണം ചെയ്തു. അതും വളരെ നന്നായി. പിന്നീട് മന്ത്രിയുമായും മീറ്റിം ഗുണ്ടായിരുന്നു. ജമാഅത്ത് ഇങ്ങനെയൊക്കെ പരിശ്രമിക്കുന്നു. മറ്റു രാജ്യ

ങ്ങളിലും ഈ രീതിയിൽ പ്രവർത്തനം നടക്കുന്നു. എന്തായാലും, എവിടെയാണോ ഇതിന്റെ അടിത്തറയുണ്ടായത് അവിടെ ജമാഅത്ത് ഒരു പാട് പ്രവർത്തിച്ചു. പക്ഷേ, ഈ കാർട്ടൂൺ വരയ്ക്കാനുള്ള കാരണം എന്താണ്? ഇവിടെ ഡൻമാർക്കിൽ ഒരു ഡാനിഷ് എഴുത്തുകാരൻ 'ഖുർ ആനും മുഹമ്മദ്നബിയുടെ ജീവിതവും' എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അത് വിപണിയിൽ എത്തിയിട്ടുണ്ട്. ഈ ഗ്രന്ഥകാരൻ മുഹമ്മദ് നബിയുടെ ചിത്രങ്ങൾ വരച്ചയക്കാൻ ആവശ്യപ്പെട്ടിരുന്നു. അപ്പോൾ ചിലർ ചിത്രങ്ങൾ വരച്ചു. ഇതിനെ മുസ്‌ലിംകൾ ശക്തമായി പ്രതികരിക്കുമെന്നതിനാൽ അവർ തങ്ങളുടെ പേരുകൾ വെളിപെടുത്തിയിരുന്നില്ല. ഈ ഗ്രന്ഥകാരന്റെ പരസ്യമാണ് ഈ കാർട്ടൂണിന് കാരണമായത്. ഇതുണ്ടാകാതിരിക്കാൻ എല്ലായിടത്തും നാം ശ്രമം നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ആക്ഷേപകരമായ കാര്യങ്ങൾ പഠിച്ച് യാഥാർഥ്യം അവതരിപ്പിക്കേണ്ടതാണ്. ഡന്മാർക്കിൽ മറ്റൊരു കാര്യംകൂടി പറഞ്ഞുവരുന്നുണ്ട്. തങ്ങൾ പ്രസിദ്ധീകരിക്കാത്ത കാർട്ടൂൺ കാണിച്ച് മുസ്‌ലിം ലോകത്തെ ഇളക്കിവിടാനുള്ള ശ്രമം ചില മുസ്‌ലിംകൾ നടത്തി എന്നതാണത്. ഇത് സത്യമാണോ അല്ലേ എന്നൊന്നും അറിയില്ല.എന്തായാലും ഇക്കാര്യത്തിൽ നാം ഉടനടി ശ്രദ്ധിച്ചതിന്റെ ഫലമായി അവർക്കൊരു ബോധ്യമുണ്ടായിട്ടുണ്ട്.ഇപ്പോഴാണ് മുസ്‌ലിം ഭൂരിപക്ഷത്തിന് ഇത് മനസ്സിലാകുന്നത്. ഇത് മൂന്നുമാസം മുമ്പേ നടന്ന സംഭവമാണെന്നോർക്കണം!

ഞാൻ പറഞ്ഞതു പോലെ ഓരോ രാജ്യത്തും നബി(സ) തിരുമേനിയുടെ ജീവിത മാതൃകയുടെ വശങ്ങൾ പ്രചരിപ്പിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച്, യുദ്ധത്തിന് പ്രേരിപ്പിക്കുന്ന മതമാണ് ഇസ്‌ലാം എന്നുള്ള ധാരണ പരക്കെ നിലനില്ക്കുമ്പോൾ അതിനെ സപ്രമാണം ഖണ്ഡിക്കേണ്ടതു നമ്മുടെ ബാധ്യതയാണ്. പത്രങ്ങളിൽ കൂടുതൽ കൂടുതൽ ലേഖനങ്ങളെഴുതാൻ മുമ്പേയും ഞാൻ പറഞ്ഞു വന്നതാണ്. പത്ര പ്രവർത്തകർക്കും എഴുത്തുകാർക്കും നബി(സ) തിരുമേനിയുടെ ജീവിതത്തെക്കുറിച്ചുള്ള പുസ്തകവും അയച്ചുകൊടുക്കാവുന്നതാണ്.

## അഹ്മദി ചെറുപ്പക്കാർ പത്രപ്രവർത്തകരാവണം

ഭാവിയിൽ യുവാക്കൾ പത്രപ്രവർത്തനരംഗത്തേക്ക് കൂടുതലായി കടന്നുവരുന്നതിനു വേണ്ട ആസൂത്രണങ്ങൾ ജമാഅത്തുകൾ ചെയ്യണമെന്നതാണ് എന്റെ ഒരു നിർദ്ദേശം. അവർക്കിതിൽ കൂടുതൽ താല്പര്യമുണ്ടാകണം. പത്രലോകത്തും അത്തരം സ്ഥലങ്ങളിലും ജനങ്ങളുടെ ഇടയിലും നമ്മുടെ സാന്നിധ്യം ഉണ്ടാവണം. കാരണം ഇവരുടെ ഇത്തരം നീക്കങ്ങൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും. മാധ്യമങ്ങളുമായി

വിശാലമായ ബന്ധമുണ്ടായെങ്കിലേ ഇങ്ങനെയുള്ള തെറ്റായ പ്രവണതകളെ തടയാൻ കഴിയുകയുള്ളൂ. പിന്നേയും ആരെങ്കിലും ഇതിന് മുതിർന്നാൽ ഈ ലോകത്തും പരലോകത്തും അല്ലാഹു ശാപം ചൊരിഞ്ഞവരുടെ കൂട്ടത്തിൽ അവർ പെടുന്നതാണ്.

അല്ലാഹു പറയുന്നു;

إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٧﴾

അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്. (33:58)

ഈ കല്പന അവസാനിച്ചു പോയിട്ടില്ല. നമ്മുടെ നബി(സ) ജീവൽ പ്രവാചകനാണ്.അവിടത്തെ അധ്യാപനം നിത്യജീവൻ പ്രദാനം ചെയ്യുന്നവയാണ്. അവിടത്തെ ന്യായപ്രമാണം എക്കാലത്തേ യും പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന ന്യായപ്രമാണമാണ്. നബി (സ)യെ പിൻപറ്റുന്നതുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം സംപ്രാപ് തമാകുന്നു. നബി(സ)യെ വിശ്വസിക്കുന്നവരെ ബുദ്ധിമുട്ടിക്കാനുള്ള കുത്സിത ശ്രമം അല്ലാഹു കാണുന്നുണ്ട്.

അതുകൊണ്ട് ഇക്കാര്യം ജനങ്ങളെ അറിയിക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. ഈ പീഡനങ്ങൾക്ക് ശിക്ഷ നൽകാൻ അല്ലാഹുവിന് ഇന്നും കഴിവുണ്ടെന്നും അതിനാൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അധിക്ഷേപിക്കുന്നതിൽ നിന്ന് പിന്മാറണമെന്നും അവരോട് പറയണം. ഇതിനുവേണ്ടി വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളും നബി (സ)യുടെ ജീവിതവും പറഞ്ഞുകൊടുത്ത് ജനങ്ങളെ ബോധവാന്മാരാക്കണം. അതിനോടൊപ്പംതന്നെ നമ്മുടെ കർമവും നന്നാക്കിത്തീർക്കേണ്ടതാണ്. കാരണം നമ്മുടെ കർമങ്ങൾ മാത്രമേ ലോകത്തിന്റെ വായ അടപ്പിക്കുകയുള്ളൂ. ഒരു മുസ്‌ലിം പണ്ഡിതൻ കപടതയോടു കൂടി പ്രവർത്തിക്കുന്നു എന്നത് മറ്റുള്ളവരുടെ ആക്ഷേപവും തന്നെയാണ്. നമ്മോടൊന്ന് പറയുന്നു അവിടെപോയി വേറൊന്ന് ചെയ്യുന്നു. ജനങ്ങളെ ഇളക്കിവിടുന്നു എന്നൊക്കെയാണ് അവരുടെ പരാതി. അതുകൊണ്ട് നമ്മുടെ അകവും പുറവും വാക്കും പ്രവർത്തിയും ഒന്നാക്കിക്കൊണ്ട് പ്രാവർത്തികമായ നിലയിൽ മാതൃക കാണിക്കേണ്ടതാണ്.

## പതാക കത്തിക്കുന്നതുകൊണ്ടോ നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടേയോ നബി(സ)യുടെ അന്തസ് നിലനില്ക്കുകയില്ല.

മുസ്‌ലിംകളെന്ന് പറയുന്നവരോടും ഞാൻ പറയുകയാണ്. അഹ്മദിയാണോ ശിയായാണോ സുന്നിയാണോ അല്ലെങ്കിൽ മറ്റേതെങ്കിലും മുസ്‌ലിം കക്ഷിയിൽപ്പെട്ടയാളാണോ, ആരുമായിക്കൊള്ളട്ടെ നബി(സ) തിരുമേനിയുടെ വ്യക്തിത്വത്തിനുമേൽ ആക്രമണമുണ്ടാകുമ്പോൾ താൽക്കാലികമായി ആവേശം കൊള്ളുന്നതിനും കൊടികത്തിക്കുന്നതിനും പൊതുമുതൽ നശിപ്പിക്കുന്നതിനും എംബസിയുടെ മേൽ ആക്രമണം നടത്തുന്നതിനു പകരം സ്വന്തം കർമം നന്നാക്കിത്തീർക്കുക. അന്യർക്ക് വിരൽ ചൂണ്ടാനുള്ള അവസരം കൊടുക്കാതിരിക്കുക. ഈ കൊള്ളിവയ്പുകൊണ്ട് മനസ്സിലാക്കേണ്ടത് നബി(സ)തിരുമേനിയുടെ ആദരവും സ്ഥാനവും നഊദുബില്ലാ ഇത്ര മാത്രമാണെന്നാണോ? കൊടി കത്തിച്ചുകൊണ്ടും ഏതെങ്കിലും സ്ഥാപനത്തിലെ സാധനങ്ങൾ നശിപ്പിച്ചുകൊണ്ടും പകരം വീട്ടിയെന്നാണോ? ഇങ്ങനെയല്ല, തീ അണയ്ക്കാൻ വന്ന നബി(സ)തിരുമേനിയെ വിശ്വസിക്കുന്നവരാണ് നമ്മൾ. സ്നേഹത്തിന്റെ അംബാസിഡറായിക്കൊണ്ടാണ് അവിടന്ന് വന്നത്. ആ മഹാത്മാവ് സമാധാനത്തിന്റെ രാജകുമാരനായിരുന്നു.ചുരുക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള തീവ്രപ്രവർത്തനങ്ങൾ ചെയ്യുന്നതിനു പകരം അവിടുത്തെ മനോഹരമായ അദ്ധ്യാപനങ്ങളെ പറ്റി ലോകത്തിനു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

## ഒരു അഹ്മദിയുടെ യഥാർഥ പ്രതികരണം എങ്ങനെ?

അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. പക്ഷേ, ഞാൻ അഹ്മദികളോട് പറയുകയാണ്. അവർക്ക് മനസ്സിലാവുകയോ മനസ്സിലാകാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ. എന്നാൽ, നിങ്ങളിൽ ഓരോരുത്തരും ഓരോ കുട്ടിയും ഓരോ വൃദ്ധനും ഓരോ യുവാവും ഓരോ പുരുഷനും ഓരോ സ്ത്രീയും ഒരിക്കലും അണയാത്ത തീ കൊളുത്തുന്നവരിൽ ഉൾപ്പെടേണ്ടതാണ്. മോശമായ കാർട്ടൂൺ പ്രസിദ്ധീകരിക്കുന്നതിനെതിരെ ഏതെങ്കിലും രാജ്യത്തിന്റെ കൊടിക്കോ പൊതുമുതലിനോ കൊളുത്തുന്ന തീയാകരുത് അത്. അത് അല്പനിമിഷം കൊണ്ട് അണഞ്ഞുപോകും. പാക്കിസ്ഥാനിലെ പ്രതികരണരീതി ഞാൻ കാണുകയുണ്ടായി.അതിൽ ജനങ്ങൾ എന്തോ വലിയ കാര്യം ചെയ്യുന്നപോലെയാണ് തീ കൊളുത്തുന്നത്. ആ തീ അഞ്ച് മിനിറ്റിനു

ള്ളിൽ കെട്ടടങ്ങുന്നതാണ്. എന്നാൽ, നമ്മൾ കൊളുത്തുന്ന തീ എന്നും ജ്വലിച്ചുകൊണ്ടിരിക്കുന്ന തീയായിരിക്കണം. ആ തീ എന്താണ്? അത് നബി(സ) തിരുമേനിയോടുള്ള ഇഷ്ടത്തിന്റെയും സ്നേഹത്തിന്റേയും തീയാണ്. അത് അവിടത്തെ എല്ലാ മാതൃകയും സ്വായത്തമാക്കാനും ജനങ്ങളെ കാണിക്കാനുമുള്ള തീയാണ്. ആ തീ ഹൃദയങ്ങളിലും നെഞ്ച കങ്ങളിലും കൊളുത്തപ്പെട്ടാൽ അത് കെടാതെ നിലനില്ക്കണം. ഈ തീ പ്രാർഥന കൊണ്ട് ജ്വലിച്ചുയർന്ന് ആകാശം മുട്ടെ എത്തിക്കൊണ്ടി രിക്കണം.

## ദുഃഖത്തെ പ്രാർഥനയുടെ അച്ചിൽ വാർത്തെടുക്കുക; അധികമായി സ്വലാത്ത് ചൊല്ലുക

ഈ തീയാണ് ഓരോ അഹ്മദിയും തങ്ങളുടെ ഹൃദയങ്ങളിൽ കൊളു ത്തേണ്ടത്. നമ്മുടെ വേദനകളെ  പ്രാർഥനകളായി രൂപാന്തരപെടുത്ത ണം. അതിനും മധ്യസ്ഥൻ മുഹമ്മദ് നബി(സ)തന്നെയായിരിക്കും. സ്വന്തം പ്രാർഥനയുടെ സ്വീകാര്യത്തിനും അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിക്കുന്നതിനും ദുൻയാവിലെ നിരർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ഇത്തരം കുഴപ്പങ്ങളിൽനിന്നുള്ള സുരക്ഷിതത്വ ത്തിനും നബിതിരുമേനിയോടുള്ള സ്നേഹം ഹൃദയത്തിൽ ഊട്ടിയുറ പ്പിക്കുന്നതിനും ഇഹപരലോകങ്ങൾ ഒരുക്കുന്നതിനുംവേണ്ടി നബിയു ടെമേൽ എണ്ണമറ്റ നിലയിൽ സ്വലാത്ത് ചൊല്ലേണ്ടതാണ്.കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലത്ത് നബി (സ)യുടെ സ്നേഹത്തിൽ സ്വയം മുങ്ങിനി ല്ക്കുന്നതിനും തലമുറയെ ഇസ്‌ലാം-അഹ്മദിയ്യത്തിൽ ഉറപ്പിച്ചു നിറുത്തു ന്നതിനും ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഈ കല്പന കണിശ മായും പാലിക്കേണ്ടതാണ്.

إِنَّ اللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى النَّبِيِّ ۚ يَٰٓأَيُّهَا الَّذِينَ
ءَامَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴿٥٧﴾

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശം സിക്കുന്നു. വിശ്വാസികളേ!  അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർഥിക്കുവിൻ.(33:57)

(ഖുത്ബ ജുമുഅ 10-02-2006, ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ)

## മറ്റുള്ളവരുടെ വികാരങ്ങൾ കൊണ്ട് കളിക്കുന്നത് ജനാധിപത്യമല്ല ആവിഷ്ക്കാരസ്വാതന്ത്ര്യവുമല്ല

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് മറ്റുള്ളവരുടെ വികാരങ്ങളെക്കൊണ്ട് കളിക്കുന്ന പാശ്ചാത്യർക്ക് ശക്തമായ മുന്നറിയിപ്പും നല്കി. അത് ദൈവത്തിന്റെ കോപം ജ്വലിക്കുന്നതിന് കാരണമായിത്തീരും. ഖലീഫത്തുൽമസീഹ് പറഞ്ഞു:

“ഒരു മതത്തിന്റേയും പരിശുദ്ധരായ ആളുകളെക്കുറിച്ച് അനുചിതമായ ഒരു തരത്തിലുള്ള പരാമർശവും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കൂട്ടത്തിൽ പെടുകയില്ല. ജനാധിപത്യത്തിന്റേയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റേയും ചാമ്പ്യന്മാരായിക്കൊണ്ട് മറ്റുള്ളവരുടെ വികാരങ്ങളെ തൊട്ടുകളിക്കുന്നത് ജനാധിപത്യവുമല്ല, ആവിഷ്ക്കാരസ്വാതന്ത്ര്യവുമല്ല. ഓരോ കാര്യത്തിനും ഒരു പരിധിയുണ്ട്. ധാർമികമായ ചില നിയന്ത്രണങ്ങളുണ്ട്. ഓരോ തൊഴിലിലും ധാർമികമായ നിയന്ത്രണങ്ങൾ ഉള്ളതുപോലെ, പത്രപ്രവർത്തനത്തിനുമുണ്ട്. ഓരോ ഭരണകൂടത്തിനും നിയമങ്ങളും ചട്ടങ്ങളുമുണ്ട്.

സ്വാതന്ത്ര്യം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരങ്ങളെ തൊട്ടുകളിക്കുകയും അവരെ വിഷമിപ്പിക്കുകയും ചെയ്യുക എന്നതല്ല. എന്നാൽ, സ്വാതന്ത്ര്യം ഇതാണെന്ന് പറഞ്ഞ് പാശ്ചാത്യർ അഭിമാനം കൊള്ളുന്നുവെങ്കിൽ ആ സ്വാതന്ത്ര്യം അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകുന്നതല്ല, മറിച്ച്, അത് അധഃപതനത്തിലേക്ക് കൊണ്ടുപോകുന്ന സ്വാതന്ത്ര്യമാണ്.

## നബി(സ)യെ നിന്ദിക്കുന്നത് ദൈവകോപത്തെ ജ്വലിപ്പിക്കും

പാശ്ചാത്യജനത മതത്തെ ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ പേരിൽ എല്ലാ രംഗത്തും ധാർമികമായ മൂല്യങ്ങളെ ചവിട്ടിമെതിച്ചുക്കൊണ്ടിരിക്കുകയാണ്. സ്വന്തം നാശത്തെ എങ്ങനെയാണ് അവർ ക്ഷണിച്ചുവരുത്തുന്നതെന്ന് അവർക്കറിയില്ല.

ഇപ്പോൾ ഇറ്റലിയിൽ ഒരു മന്ത്രി, തന്റെ ടീഷർട്ടിൽ നിരർഥകവും വൃത്തികെട്ടതുമായ ആ കാർട്ടൂൺ പ്രിന്റ് ചെയ്ത് അണിഞ്ഞുക്കൊണ്ട് പുതിയൊരു വിവാദം ഉണ്ടാക്കിയിരിക്കുന്നു. തന്നിൽ നിന്ന് അത് വാങ്ങിക്കൊള്ളാൻ മറ്റുള്ളവരോടും പറയുന്നു. അതു വിറ്റുകൊണ്ടിരിക്കുന്നു. കുട്ടികളും അതിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു.മുസ്‌ലിംകൾക്കുള്ള ചികിത്സ ഇതാണെന്ന് പറയുകയും ചെയ്യുന്നു. പക്ഷേ, ഒരു

കാര്യം അവർ മനസ്സിലാക്കണം. ഇത് മുസ്‌ലിംകൾക്കുള്ള ചികിത്സയാണോ എന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ, ഇത്തരം പ്രവർത്തനങ്ങൾ തീർച്ചയായും ദൈവകോപം ജ്വലിപ്പിക്കാനുള്ള മാർഗമായിത്തീരുന്നു. എന്തായാലും വിഡ്ഢിത്തത്തിൽ സംഭവിച്ചതെന്തോ അത് സംഭവിച്ചു കഴിഞ്ഞു. പക്ഷേ, തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ശരിയാണെന്ന രീതിയിൽ അത് നിരന്തരം ആവർത്തിച്ചും പ്രചരിപ്പിച്ചും കൊണ്ടിരിക്കുന്നത് ദൈവകോപത്തെ ജ്വലിപ്പിക്കുകതന്നെ ചെയ്യുന്നതാണ്.

## ഈ അവസ്ഥയിൽ അഹ്മദികളുടെ പ്രതികരണം എന്തായിരിക്കണം?

എന്തായാലും ഞാൻ പറഞ്ഞതുപോലെ മറ്റു മുസ്‌ലിംകളുടെ പ്രതികരണം എന്തും ആയിക്കോള്ളട്ടെ. പക്ഷേ, ഒരു അഹ്മദീമുസ്‌ലിമിന്റെ പ്രതികരണം, ഈ നീചപ്രവർത്തി ചെയ്യുന്നവർക്കു കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും അല്ലാഹുവിന്റെ കോപത്തെതൊട്ട് ഭയപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നബി(സ)തിരുമേനിയുടെ മനോഹരമായ ചിത്രം ലോകത്തിന്റെ മുമ്പിൽ സമർപിക്കുക. സർവ്വശക്തനും എല്ലാ കഴിവുകളുടെയും അധിപതിയുമായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോട് സഹായം തേടുകയും ചെയ്യുക. എന്നാൽ, ഇവർ ശിക്ഷയിലേക്കുതന്നെയാണ് മുന്നേറുന്നതെങ്കിൽ, തന്റെ പ്രിയപ്പെട്ടവർക്കായി അഭിമാനം കൊള്ളുന്ന അല്ലാഹു ക്രോദ്ധത്തോടുകൂടി പ്രത്യക്ഷപ്പെടാൻ കഴിവുള്ളവനാണ്. അവൻ സകലശക്തികളുടേയും അധികാരിയാണ്. അവൻ മനുഷ്യനിർമിതമായ നിയമങ്ങൾക്ക് വിധേയനല്ല. അവൻ സർവശക്തനാണ്. അവന്റെ ആട്ടുകല്ല് പ്രവർത്തിക്കാൻ തുടങ്ങിയാൽ മനുഷ്യന് അതിന്റെ പ്രവർത്തനത്തെക്കുറിച്ച് ഊഹിക്കാനേ പറ്റുകയില്ല. അതിൽനിന്ന് ആർക്കും രക്ഷപ്പെടാനും സാധ്യമല്ല. പാശ്ചാത്യദേശത്തെ ചിലരുടെ അല്ലെങ്കിൽ ചില നാടുകളുടെ ഈ രീതി കാണുമ്പോൾ അഹ്മദികൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനിയേണ്ടതാണ്. അല്ലാഹുവിന്റെ മസീഹ് യൂറോപ്പിനും അമേരിക്കയ്ക്കും മുന്നറിയിപ്പ് നല്കിയിരിക്കുന്നു. ലോകത്തു വന്നുകൊണ്ടിരിക്കുന്ന ഈ ഭൂകമ്പവും ഈ കൊടുങ്കാറ്റും ഈ വിപത്തുകളും ഏഷ്യയ്ക്കുവേണ്ടി മാത്രം നിശ്ചയിച്ചിട്ടുള്ളതല്ല. അമേരിക്ക അതിന്റെ ഒരു മിന്നലാട്ടം കണ്ടുകഴിഞ്ഞു. അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അതുകൊണ്ട് ദൈവത്തെ ഭയപ്പെടുക.അല്ലാഹുവിന്റെ അഭിമാനരോഷത്തെ വെല്ലുവിളിക്കാതിരിക്കുക.ഇതിനോടൊപ്പം ഞാൻ പറയട്ടെ, മുസ്‌ലിം രാഷ്ട്രങ്ങളും അല്ലെങ്കിൽ മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവരും അവരുടെ നടപടികൾ നന്നാക്കിത്തീർക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെ മഹ

ദ്സ്ഥാനവും അവിടത്തെ സൗന്ദര്യവും ലോകത്തിന്റെ മുമ്പിൽ വെളിപ്പെടുംവിധമുള്ള മാർഗവും പ്രതിഷേധവുമാണ് പ്രകടിപ്പിക്കേണ്ടത്. ഇത്തരം ശരിയായ രീതിയിലുള്ള പ്രതികരണമാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. (ജുമുഅ ഖുത്ബ 24-2-2006 ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ)

## അമുസ്‌ലീംകളോടു നല്ല രീതിയിൽ പെരുമാറുക

ആവിഷ്ക്കാര സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനമെന്താണ്? ഇതു സംബന്ധമായി അഹ്മദിയ്യ ജമാഅത്തിന്റെ ആഗോള ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നു:

“വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും ഇസ്‌ലാമിന്റെ ഈ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ചുള്ള വിവരണം ലഭിക്കുന്നുണ്ട്. തങ്ങളോടുമാത്രമല്ല അമുസ്‌ലിംകളോടു നല്ല നിലയിൽ പെരുമാറേണ്ടതിനെക്കുറിച്ചും, അവരോടുള്ള കടമ നിറവേറ്റേണ്ടതിനെക്കുറിച്ചും അവരോട് നീതിപൂർവം വർത്തിക്കേണ്ടതിനെക്കുറിച്ചും, അവരുടെ മതത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവും പാടില്ല എന്നതിനെക്കുറിച്ചുമൊക്കെ ഒരുപാട് കല്പനകളുണ്ട്. എന്നാൽ, ചില ഘട്ടങ്ങളിൽ യുദ്ധം ചെയ്യാനും അനുമതി നല്കിയിട്ടുണ്ട്. പക്ഷേ, ശത്രുസമൂഹം അതിരു കടന്ന് പ്രവർത്തിക്കുകയും ഉടമ്പടികൾ ലംഘിക്കുകയും അനീതി കാണിക്കുകയും അക്രമങ്ങൾ അതിരുകടക്കുകയും ചെയ്യുമ്പോഴാണ് അത് ചെയ്യേണ്ടത്. എന്നാൽ, ഇത് ഏതെങ്കിലും രാജ്യത്തിലെ ഗ്രൂപ്പുകാർക്കോ സംഘടനകൾക്കോ ചെയ്യാൻ അനുവാദമില്ല. മറിച്ച്, ഇത് ചെയ്യേണ്ടത് ഭരണകൂടമാണ്. എന്തു ചെയ്യണമെന്നും എങ്ങനെ ഈ അക്രമത്തെ അവസാനിപ്പിക്കണമെന്നും തീരുമാനിക്കേണ്ടത് സർക്കാരാണ്. അല്ലാതെ ഏതെങ്കിലും ജിഹാദീ സംഘടന എഴുന്നേറ്റ് ഈ പ്രവർത്തി ചെയ്യാൻ പാടില്ല.

## നബി(സ)തിരുമേനിയുടെ ഇസ്‌ലാം വിരുദ്ധരോടുള്ള മാതൃകാപരമായ പെരുമാറ്റം

നബി(സ)തിരുമേനിയുടെ കാലത്തും യുദ്ധങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ ശത്രുപക്ഷത്തുനിന്ന് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിർബന്ധിതരായിക്കൊണ്ട് മുസ്‌ലിംകൾക്ക് പ്രതിരോധ യുദ്ധം ചെയ്യേണ്ടിയും വന്നു. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഇക്കാലത്തെ ജിഹാദീ സംഘടനകൾ, അനുവദനീയമായ നിയന്ത്രണമോ പാരമ്പര്യമോ കൂടാതെ തങ്ങളുടെ മുദ്രാവാക്യങ്ങളും ചെയ്തികളുംകൊണ്ട് ശത്രുക്കൾക്ക് ആക്ഷേപിക്കാനുള്ള അവസരം ഒരുക്കിക്കൊടുത്തിരിക്കുകയാണ്.

അതിന്റെ ഫലമായി അവര്‍ നിര്‍ലജ്ജം പരിശുദ്ധ നബിയുടെമേല്‍ നിരര്‍ഥമായ ആക്രമണം നടത്തുന്നു. എന്നാല്‍, അടിമുടി കാരുണ്യം നിറഞ്ഞയാളും മനുഷ്യകുലത്തിന്റെ ഉപകാരിയും മനുഷ്യാവകാശ ത്തിന്റെ മഹത്തായ സൂക്ഷിപ്പുകാരനുമായ നബി(സ)തിരുമേനി യുദ്ധാ വസരത്തില്‍ പോലും, ശത്രുക്കള്‍ക്ക് ആക്ഷേപിക്കാനുള്ള ഇടം കൊടു ത്തിരുന്നില്ല എന്നതാണ് വസ്തുത. അവിടത്തെ ജീവിതത്തിലെ ഓരോ കര്‍മവും ഓരോ പ്രവര്‍ത്തനവും അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും, അവിടന്ന് കാരുണ്യത്തിന്റെ പ്രതീകമായിരുന്നു എന്നതിന് സാക്ഷിയാണ്. അവിടത്തെ ഹൃദയത്തില്‍ തുടിച്ചുകൊണ്ടിരുന്ന കാരു ണ്യത്തിന്റെ ഒരംശം പോലും മറ്റു ഹൃദയങ്ങളില്‍ കാണുകയില്ല. സമാ ധാനാവസ്ഥയിലും യുദ്ധവേളയിലും വീട്ടിലും വെളിയിലും നിത്യജീ വിതത്തിലും മറ്റു മതങ്ങളുമായിട്ടുള്ള ഇടപാടുകളിലും അവിടന്ന് ആവി ഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതസഹിഷ്ണുതയുടേയും ഉദാത്തമായ മാതൃക സ്ഥാപിച്ചിരുന്നു.

വിജയശ്രീലാളിതനായി അവിടന്ന് മക്കയില്‍ പ്രവേശിച്ചപ്പോള്‍, പരാ ജയമടഞ്ഞ ജനതയോടു ദയയോടുകൂടി പെരുമാറിയതിനോടൊപ്പം അവര്‍ക്ക് മതസ്വാതന്ത്ര്യവും നല്കി. വിശുദ്ധഖുര്‍ആനിലെ لَآ اِكْرَاهَ فِى الدِّيْنِ (2:257) മതവിശ്വാസ കാര്യത്തില്‍ നിര്‍ബന്ധമില്ല- എന്ന കല്പനയനു സരിച്ച് പ്രവര്‍ത്തിച്ചുകൊണ്ട് ഉദാത്തമായ മാതൃക കാണിച്ചു. ആ ധന്യാ ത്മാവ് പറഞ്ഞു: 'മതം എന്നത് നിങ്ങളുടെ ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണ്. സത്യമായമതം നിങ്ങള്‍ സ്വീകരിക്കണമെന്നും അങ്ങനെ ഇഹലോകവും പരലോകവും നിങ്ങള്‍ പ്രാപിക്കണമെന്നും, നിങ്ങളുടെ പൊറുക്കലിനുള്ള സാഹചര്യങ്ങള്‍ നിങ്ങള്‍ ഒരുക്കണമെന്നും എനി ക്കാഗ്രഹമുണ്ട്. പക്ഷേ, ഇതില്‍ ഒരു നിര്‍ബന്ധവുമില്ല.' അവിടത്തെ ജീവിതം സഹിഷ്ണുതയുടേയും മതസ്വാതന്ത്ര്യത്തിന്റേയും വ്യക്തിസ്വാ തന്ത്ര്യത്തിന്റേയും തെളിമയാര്‍ന്ന ഉദാഹരണങ്ങള്‍കൊണ്ട് നിറഞ്ഞു കിടക്കുന്നു. അവയില്‍ ചിലതിനെക്കുറിച്ച് ഞാന്‍ പറയാം.

പ്രവാചകവാദത്തിനു ശേഷമുള്ള അവിടത്തെ 13 വര്‍ഷക്കാലത്തെ മക്കാജീവിതം കാഠിന്യമേറിയതും കയ്പു നിറഞ്ഞതുമായിരുന്നുഎന്ന് ആര്‍ക്കാണ് അറിയാത്തത്.അവിടന്നും അവിടത്തെ സ്വഹാബിമാരും (രി ള്‌വാനുല്ലാഹി അലയ്ഹിം) എത്രയധികം ദുഃഖവും പീഡനവും സഹിച്ചിരു ന്നു. നട്ടുച്ചനേരത്ത് ചുട്ടുപഴുത്ത മണലില്‍ അവരെ കിടത്തി. ചുട്ടുപൊ ള്ളുന്ന കരിങ്കല്ലുകള്‍ അവരുടെ നെഞ്ചിലെടുത്തുവെച്ചു. അവരെ ചാട്ട വാര്‍ കൊണ്ടടിച്ചു. സ്ത്രീകളുടെ കാലുകള്‍ ഇരുഭാഗത്തേക്കും വലിച്ച്

പിളർത്തി കൊലപ്പെടുത്തി. നബി(സ) തിരുമേനിക്കെതിരിൽ വിവിധ രീതിയിലുള്ള അക്രമം അഴിച്ചുവിട്ടു. നെറ്റി മണ്ണിൽവച്ച് ദൈവസവിധ ത്തിലായിരിക്കുമ്പോൾ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്ന് പുറത്ത് വെച്ചു. അതിന്റെ ഭാരം കൊണ്ട് അദ്ദേഹത്തിന് എഴുന്നേൽക്കാൻ കഴി ഞ്ഞിരുന്നില്ല. ത്വായിഫ് യാത്രയിൽ കുട്ടികൾ ആ മഹാത്മാവിനെ കല്ലെ റിഞ്ഞു. ചീത്തവിളിക്കുകയും തെറിപറയുകയും ചെയ്തു. അവരുടെ നേതാക്കന്മാർ ഇതെല്ലാം കണ്ട് നോക്കിനില്ക്കുകയും ആ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആ മഹാത്മാവിന് എത്രമാത്രം പരി ക്കേറ്റെന്നാൽ കേശാദിപാദം രക്തത്തിൽ കുളിച്ചു. മുകളിൽനിന്ന് ഒഴു കിയെത്തിയ രക്തം ഷൂവിൽ തളംകെട്ടി നിന്നു.

ശഅ്ബ് അബീത്വാലിബിലെ സംഭവവും നമുക്കറിയാം. നബി(സ) തിരുമേനിയേയും അവിടത്തെ കുടുംബത്തേയും വിശ്വാസികളേയും വർ ഷങ്ങളോളം പന്തിവിരോധം ചെയ്തു. ഭക്ഷിക്കാൻ പോലും അവർക്കൊ ന്നും കിട്ടിയിരുന്നില്ല. കുടിക്കാനും ഒന്നുമുണ്ടായിരുന്നില്ല. കുട്ടികളും വിശപ്പും ദാഹവുംകൊണ്ട് പിടയ്ക്കുമായിരുന്നു. രാത്രിയിൽ തന്റെ കാലിൽ തട്ടിയ എന്തോ മാർദവമുള്ള സാധനം, വിശപ്പിന്റെ കാഠിന്യ ത്താൽ തന്റെ വായിലിട്ട് ഇറക്കിയ ഒരു സ്വഹാബിയുടെ സംഭവവും ഉണ്ടായിട്ടുണ്ട്. ഇതായിരുന്നു അക്കാലത്തെ വിശപ്പിന്റെ അവസ്ഥ. ഈ അവസ്ഥകൾ കാരണം പിന്നീട് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. അങ്ങനെ ഹിജ്റത്ത് ചെയ്ത് മദീനയിലെത്തി. അവിടേയും ശത്രുക്കൾ വെറുതെ വിട്ടില്ല. അവർ ആക്രമണം നടത്തി. മദീനാവാസികളായ യഹൂദികളെ നബി(സ) തിരുമേനിക്കെതിരിൽ ഇളക്കിവിടാൻ ശ്രമിച്ചു. ഞാൻ വളരെ സംക്ഷിപ്തമായി പറഞ്ഞ ഈ അവസ്ഥകൾ വെച്ചു നോക്കുമ്പോൾ, അതി നെയെല്ലാം പ്രതിരോധിക്കാനുള്ള അവകാശം ആർക്കുമുണ്ടെന്ന് ആരും സമ്മതിക്കും. എന്നാൽ, ആ അവസ്ഥയിലും നമ്മുടെ നബി (സ) മൃദുനയ മാണ് സ്വീകരിച്ചത്. ഇങ്ങനെ എല്ലാ രീതിയിലും അവിടന്ന് പീഡനങ്ങൾ സഹിച്ചു. തന്നെക്കാൾ കൂടുതൽ വിഷമം, തന്റെ അനുയായികൾ സഹി ക്കുന്ന പീഡനങ്ങളെക്കുറിച്ചായിരുന്നു. എന്നിട്ടും ഇസ്‌ലാമികാധ്യാപനം അവിടന്ന് മുറുകെ പിടിക്കുകയാണ് ചെയ്തത്. തന്റെ സ്വഭാവത്തിന്റെ ഭാഗ മായിത്തീർന്നിരുന്ന ധാർമികത ലംഘിക്കാൻ അവിടന്ന് തയ്യാറായില്ല. ഇന്ന് ചില പാശ്ചാത്യരാഷ്ട്രങ്ങൾ യുദ്ധങ്ങളിൽ എന്തൊക്കെയാണ് ചെയ്യാത്ത ത്. എന്നാൽ, നബി(സ) തിരുമേനി യുടെ മാതൃക നോക്കുക. നിവേദനങ്ങ ളിൽ നിന്ന് നമുക്കത് ലഭിക്കുന്നുണ്ട്.

ബദ്ർ യുദ്ധാവസരത്തിൽ ഇസ്‌ലാമിക സൈന്യം തമ്പടിച്ചിരുന്ന

സ്ഥലം അവർക്ക് പറ്റിയതല്ലായിരുന്നു. അപ്പോൾ, നമ്മൾ തമ്പടിച്ചിട്ടുള്ള ഈ സ്ഥലം തിരഞ്ഞെടുത്തത് അല്ലാഹുവിന്റെ വെളിപാടനുസരിച്ചാണോ അതോ സ്വയം ഇഷ്ടപ്പെട്ടാണോ എന്ന് ഹുബ്ബാബ് ബിൻ മുൻദിർ(റ) നബി(സ)യോടു ചോദിച്ചു. എനിക്കീ സ്ഥലം നല്ലതാണെന്ന് തോന്നി തിരഞ്ഞെടുത്തതാണെന്ന് നബി(സ) പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഈ സ്ഥലം എന്റെ നോട്ടത്തിൽ നമുക്ക് പറ്റിയതല്ല. അങ്ങ് ഇവരുമായി മുന്നോട്ടുനീങ്ങി വെള്ളത്തിന്റെ ഉറവുള്ളിടം കൈക്കലാക്കുക. അവിടെ ഒരു ഹൗള് ഉണ്ടാക്കിയതിനുശേഷം യുദ്ധം തുടങ്ങാം. എങ്കിൽ മാത്രമേ നമുക്ക് കുടിക്കാൻ വെള്ളം കിട്ടുകയുള്ളൂ. ഇല്ലെങ്കിൽ അവർ നമുക്ക് കുടിക്കാൻ വെള്ളം തരില്ല. നബി(സ) ആ അഭിപ്രായത്തോടു യോജിച്ചുകൊണ്ട് മുന്നോട്ടു നീങ്ങാൻ സൈന്യത്തോടു പറഞ്ഞു. അങ്ങനെ ആ സ്ഥലത്തുപോയി തമ്പടിച്ചു. കുറച്ചുകഴിഞ്ഞശേഷം ഖുറയ്ശികളിലെ ചിലർ വെള്ളം കോരാൻ ഹൗളിന്നടുത്ത് വന്നു. സ്വഹാബത്ത് അവരെ തടയാൻ ശ്രമിച്ചു. നബി(സ) പറഞ്ഞു: "അവരെ തടയരുത്. വെള്ളം കൊണ്ടുപോകാൻ അവരെ അനുവദിക്കുക."

## ഇസ്‌ലാം വാൾ കൊണ്ടല്ല വ്യാപിച്ചത്

ഇതാണ് നബി(സ) തിരുമേനിയുടെ ധാർമ്മിക ഗുണത്തിന്റെ ഉന്നത നിലവാരം. അതിന് കുറച്ചുനാൾ മുമ്പേയാണ് മുസ്‌ലിം കുട്ടികളുടെ വെള്ളവും ആഹാരവും ഈ ശത്രുക്കൾ മുടക്കിയതെന്ന കാര്യം നാം ഓർക്കണം. എന്നാൽ, അവിടന്ന്, വെള്ളം മുടക്കരുതെന്ന് പറഞ്ഞുകൊണ്ട് ശത്രുസൈന്യത്തിലെ പട്ടാളക്കാർക്ക് തന്റെ നിയന്ത്രണത്തിലുള്ള പുഴയിൽ നിന്ന് വെള്ളം കൊണ്ടുപോകാൻ അനുവാദം നല്കുന്നു. കാരണം വെള്ളം തടയുക എന്നത് തരംതാണ പണിയാണ്. ഇസ്‌ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ഏറ്റവും വലിയ ആക്ഷേപം അത് വാൾബലം കൊണ്ട് പരന്നുവെന്നതാണ്. വെള്ളം കോരാൻ വന്ന ഈ ശത്രുക്കളോടു ബലാൽക്കാരം ചെയ്യാമായിരുന്നു. വെള്ളമെടുക്കണമെങ്കിൽ ഞങ്ങൾ പറയുന്നത് കേൾക്കണമെന്ന് പറയാമായിരുന്നു. അവിശ്വാസികളാണെങ്കിൽ പലപ്പോഴും ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. എന്നാൽ, അവിടന്ന് അങ്ങനെ ചെയ്തില്ല. മുസ്‌ലിംകൾ ബലഹീനരായിരുന്ന കാലത്ത് യുദ്ധങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്ന് വേണമെങ്കി ൽ പറയാം. എന്നാൽ, ഇത് തികച്ചും തെറ്റായ കാര്യമാണ്. മക്കയിലെ അവിശ്വാസികൾ മുസ്‌ലിംകളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരാണെന്ന് ഓരോ മുസ്‌ലിംകുട്ടിക്കും അറിയാമായിരുന്നു. മുസ്‌ലിംകളെ കാണുമ്പോൾ അവരുടെ കണ്ണിൽ ചോര

തിളയ്ക്കുമായിരുന്നു. അതുകൊണ്ട് അവരിൽനിന്ന് അനുകൂല സമീപനം ഉണ്ടാകുമെന്ന ധാരണ ആർക്കും ഇല്ലായിരുന്നു. അവിടന്ന് തികച്ചും അനുകമ്പയോടെ ഇതൊക്കെ ചെയ്തത് മനുഷ്യന്റെ വില മനസ്സിലാക്കിയതു കൊണ്ടായിരുന്നു. കാരണം ഈ വില തിരിച്ചറിയാനുള്ള പാഠം നല്കേണ്ടിയിരുന്നതും ആ മഹാത്മാവ് തന്നെയായിരുന്നു.

## നബി(സ)തിരുമേനിയുടെ ഉദാത്തമാതൃക

ഒരിക്കൽ ഇസ്‌ലാമിന്റെ ഒരു ശത്രുവിനെതിരെ വധശിക്ഷ പുറപ്പെടുവിച്ചിരുന്നു. പക്ഷേ, അവിടന്ന് അയാൾക്ക് മാപ്പു നല്കിയെന്നു മാത്രമല്ല, മുസ്‌ലിംകളുടെ ഇടയിൽ താമസിച്ചുകൊണ്ട് തന്റെ മതവിശ്വാസമനുസരിച്ച് ജീവിക്കാൻ അനുവാദവും നല്കി. ആ സംഭവം ഇങ്ങനെയാണ്.

അബൂജഹ്‌ലിന്റെ മകനായ ഇക്‌രിമ തന്റെ പിതാവിനെപ്പോലെ ജീവിതത്തിന്റെ സിംഹഭാഗവും ഇസ്‌ലാമിന്നെതിരെ യുദ്ധം ചെയ്തു കഴിച്ചുകൂട്ടിയ ആളാണ്. മക്ക വിജയത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി വിട്ടുവീഴ്ചയുടെയും സംരക്ഷണത്തിന്റെയും വിളംബരം നടത്തിയിട്ടും ഒരു സൈന്യത്തിനുമേൽ ഇയാൾ ആക്രമണം നടത്തി. അങ്ങനെ ഹറമിൽ രക്തമൊഴുകാൻ അത് കാരണമായി. യുദ്ധപരമായ ഈ കുറ്റം കാരണം അയാൾക്കെതിരിൽ വധശിക്ഷ വിധിക്കപ്പെട്ടു. ആ സമയത്ത് മുസ്‌ലിംകളെ നേരിടാൻ ആർക്കും കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് മക്കാവിജയത്തിനുശേഷം ജീവരക്ഷാർഥം അയാൾ യമനിലേക്ക് ഒളിച്ചോടി. അയാളുടെ ഭാര്യ നബി(സ) തിരുമേനിയുടെയടുക്കൽ വന്ന് അയാൾക്കു വേണ്ടി മാപ്പു ചോദിച്ചു. നബി(സ) തിരുമേനി വലിയ അനുകമ്പയോടുകൂടി അയാൾക്ക് മാപ്പുകൊടുത്തു. അവർ തന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ പുറപ്പെട്ടു. പക്ഷേ, നബി(സ)മാപ്പുകൊടുത്തത് ഇക്‌രിമയ്ക്ക് വിശ്വസിക്കാൻ കഴഞ്ഞില്ല. കാരണം താൻ ഒരുപാട് അക്രമം ചെയ്തിട്ടുണ്ടെന്നും നിരവധി മുസ്‌ലിംകളെ കൊന്നിട്ടുണ്ടെന്നും അവസാന ദിവസം വരെ യുദ്ധം ചെയ്തിരുന്നിട്ടും തനിക്ക് എങ്ങനെ മാപ്പു കിട്ടാനാണ് എന്നതിൽ ഇക്ക്‌രിമ ശങ്കിച്ചു. അതുകൊണ്ട് നബി(സ)ന്റെ മാപ്പിൽ അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നില്ല. എന്തായാലും എങ്ങനെയൊക്കെയോ പറഞ്ഞു മനസ്സിലാക്കി തന്റെ ഭർത്താവിനെ അവർ തിരിച്ചുകൊണ്ടുവന്നു. അങ്ങനെ അയാൾ നബി(സ)യുടെ ദർബാറിൽ ഹാജരായി. തന്റെ ഭാര്യ പറഞ്ഞ കാര്യം സ്ഥിരീകരിച്ചു. അദ്ദേഹം വന്നപ്പോൾ അത്ഭുതപ്പെടുത്തും വിധമായിരുന്നു നബി(സ) അദ്ദേഹത്തോടു പെരുമാറിയത്. ശത്രുസമൂഹത്തിന്റെ നേതാവെന്ന നിലയിൽ അദ്ദേഹത്തെ ആദരിക്കാൻ നബി(സ) എഴുന്നേറ്റു നിന്നു. ഇക്‌രിമ ചോദിച്ച

പ്പോൾ താൻ പൊറുത്തു തന്നിരിക്കുകയാണെന്ന് നബി(സ) പറഞ്ഞു.(മുഅത്ത ഇമാം മാലിക്, കിതാബുന്നിക്കാഹ്)

മുസ്‌ലിമാകതെ തന്നെ തന്റെ മതത്തിൽ തനിക്ക് തുടരാനുള്ള അനുമതിയോടെയാണോ മാപ്പ് തന്നിരിക്കുന്നതെന്ന് ഇക്‌രിമ ചോദിച്ചു. ഞാൻ ബഹുദൈവവിശ്വാസിയായിരിക്കെ തന്നെയാണോ എനിക്ക് മാപ്പു തന്നിട്ടുള്ളത്; പൊറുത്തു തന്നത്. അതേ, എന്ന് നബി(സ)തിരുമേനി പറഞ്ഞു. അപ്പോൾ ഇക്‌രിമയുടെ നെഞ്ചകം ഇസ്‌ലാമിന്നായി തുറക്കപ്പെട്ടു. അനിയന്ത്രിതമായി അദ്ദേഹം പറഞ്ഞു. 'ഏ! മുഹമ്മദ്(സ)! അങ്ങ് തീർച്ചയായും അങ്ങേയറ്റം ദയാലുവും ഉപകാരിയും രക്തബന്ധം നില നിറുത്തുന്നയാളുമാണ്.' നബി (സ) യുടെ സൽപെരുമാറ്റത്തിന്റെയും ഔദാര്യത്തിന്റെയും ദിവ്യാത്ഭുതം കണ്ടിട്ട് ഇക്‌രിമ മുസ്‌ലിമായി. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3 പേജ് 109)

ഇസ്‌ലാം ഇങ്ങനെയുള്ള സൽപെരുമാറ്റത്തിന്റെയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റേയും അനുവാദം നൽകിയതുനിമിത്തമാണ് പ്രചരിച്ചിട്ടുള്ളത്. ഈ മനോഹരമായ ധാർമികഗുണത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും അമ്പ് ഒരു മിനിറ്റിനുള്ളിൽ ഇക്‌രിമയെ പോലുള്ള വ്യക്തിയിൽ സ്വാധീനം ചൊലുത്തി.

തടവുകാർക്കും അടിമകൾക്കും അവരിഷ്ടപ്പെടുന്ന മതം സ്വീകരിക്കാനും നബി(സ) തിരുമേനി അനുവാദം നല്കിയിരുന്നു. എന്നാൽ ഇസ്‌ലാമിന്റെ പ്രചരണം നടത്തുന്നത് അറിയാത്തവർക്ക് അത് പറഞ്ഞ് കൊടുക്കാൻ അല്ലാവുന്റെ ആജ്ഞ ഉള്ളതുക്കൊണ്ടും അല്ലാഹുവിന്റെ സാമീപ്യം നിങ്ങൾക്കും കിട്ടണമെന്ന് കാംഷിക്കുന്നതു കൊണ്ടാകുന്നു. നിങ്ങളോടുള്ള അനുകമ്പ കൊണ്ടുമാത്രമാണ് ഇക്കാര്യം ഞങ്ങൾ നിങ്ങളോട് പറയുന്നത് .

ഇത് സംബന്ധമായി ഒരു തടവുകാരന്റെ സംഭവം ഇങ്ങനെ കാണാം. "സഈദ് ബിൻ അബി സഈദ് വിവരിക്കുന്നു. ഹദ്‌റത്ത് അബൂഹുറയ്‌റ(റ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. നബി(സ) തിരുമേനി നജ്ദിലേക്ക് പട്ടാളത്തെ അയച്ചു. ഹനീഫ ഗോത്രത്തിലെ ഒരാളെ തടവുകാരനായി അവർ കൊണ്ടുവന്നു. അയാളുടെ പേര് **ഥുമാമ ബിൻ ഉഥ്ഥാൽ** എന്നായിരുന്നു. മസ്ജിദ് നബ്‌വിയിലെ ഒരു തൂണിൽ സ്വഹാബത്ത് അയാളെ കെട്ടിയിട്ടു. നബി(സ) തിരുമേനി അയാളുടെയടുക്കൽ വന്നു ചോദിച്ചു, ഥുമാമ! നിനക്കെന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ? നിന്നോട് ഞാൻ എങ്ങനെ പെരുമാറുമെന്നാണ് നീ ധരിക്കുന്നത്? അയാൾ പറഞ്ഞു. 'സദുദ്ദേശ്യമാണ് എനിക്കുള്ളത്. താങ്കൾ എന്നെ

വധിക്കുകയാണെങ്കിൽ, ഒരു കൊലപാതകിയെയായിരിക്കും വധിക്കുന്നത്. താങ്കൾ എന്നെ സഹായിക്കുകയാണെങ്കിൽ, ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും താങ്കൾ സഹായിക്കുന്നത്. താങ്കൾ ധനമാഗ്രഹിക്കുന്നെങ്കിൽ എത്ര വേണമെങ്കിലും എന്നിൽ നിന്ന് വാങ്ങിക്കൊള്ളുക!'അയാൾക്ക് തന്റെ സമുദായത്തിൽ നിന്ന് എത്ര ധനം വേണമെങ്കിലും കൊടുക്കാൻ കഴിയുമായിരുന്നു.അങ്ങനെ അടുത്ത ദിവസം ഉദിച്ചുയർന്നു. നബി (സ)തിരുമേനി വീണ്ടും അയാളുടെയടുക്കൽ വന്നു. ചോദിച്ചു. 'ഥുമാമ,എന്താണ് നിന്റെ തീരുമാനം?' ഥുമാമ പറഞ്ഞു: 'അത് ഞാൻ ഇന്നലെ പറഞ്ഞു കഴിഞ്ഞതാണ്. താങ്കൾ എന്നെ സഹായിക്കുകയാണെങ്കിൽ ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും താങ്കൾ സഹായിക്കുന്നത്.' നബി (സ) അവിടെ നിന്നും മടങ്ങിപ്പോയി. മൂന്നാം ദിവസം ഉദിച്ചുയർന്നു. വീണ്ടും അവിടന്ന് അയാളുടെയടുക്കൽ വന്നു. 'ഥുമാമ, എന്താണ് നിന്റെ തീരുമാനമെന്ന്' വീണ്ടും അവിടന്ന് ചോദിച്ചു. അയാൾ പറഞ്ഞു. 'ഞാൻ പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു.' നബി(സ) തിരുമേനി, അയാളെ മോചിപ്പിക്കാൻ കല്പിച്ചു. അങ്ങനെ ഥുമാമ മോചിതനായി. പിന്നീട് അയാൾ പള്ളിയുടെ അടുത്തുള്ള ഈത്തപ്പന തോട്ടത്തിൽപോയി കുളിച്ചു. പള്ളിയിൽ വന്ന് ശഹാദത്ത് കലിമ (സാക്ഷ്യവാക്യം) ചൊല്ലി. അദ്ദേഹം ദൈവത്താണെ പറഞ്ഞു: 'ഏ! മുഹമ്മദ്(സ)! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങയുടെ മുഖമായിരുന്നു. ഇപ്പോൾ, അങ്ങയുടെ മുഖമാണ് എനിക്കേറ്റവും പ്രിയങ്കരമായിട്ടുള്ളത്. അല്ലാഹുവാണ! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങ് കൊണ്ടുവന്ന മതത്തെയായിരുന്നു. എന്നാലിപ്പോൾ, അങ്ങു കൊണ്ടുവന്ന മതമാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്. അല്ലാഹുവാണ! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങ് പാർക്കുന്ന ഈ പട്ടണത്തെയായിരുന്നു. എന്നാലിപ്പോൾ എനിക്കേറ്റവും പ്രിയങ്കരമായിട്ടുള്ളത് ഈ പട്ടണമാണ്. അങ്ങയുടെ കുതിരപ്പട്ടാളം എന്നെ പിടിച്ചു. ഞാൻ ഉംറ ചെയ്യാൻ ആഗ്രഹിക്കുമ്പോഴായിരുന്നു അത്. ഇതിനെക്കുറിച്ച് അങ്ങെന്താണ് പറയുന്നത്?

തുടർന്ന് നബി(സ) അദ്ദേഹത്തിന് സുവിശേഷം നല്കി. ഇസ്‌ലാം സ്വീകരിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഉംറ ചെയ്യുക, അല്ലാഹു അത് സ്വീകരിക്കും. അദ്ദേഹം മക്കയിലെത്തിയപ്പോൾ, നീ സാബിയായോ എന്ന് ആരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ഇല്ല. ഞാൻ അല്ലാഹുവിന്റെ ദൂതനായ മുഹമ്മദിൽ വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവാണ! ദൈവദൂതന്റെ അനുവാദമില്ലാതെ ഇനി യമാമയിൽ നിന്ന് ഗോത

മ്പിന്റെ ഒരു ധാന്യമണിപോലും നിങ്ങളുടെയടുക്കൽ എത്തുകയില്ല.' (ബുഖാരി, കിതാബുൽ മഗാസി)

മറ്റൊരു രിവായത്തിൽ വന്നിട്ടുള്ളത് ഇപ്രകാരമാണ്. ഇസ്‌ലാം സ്വീകരിച്ചതിനെ തുടർന്ന് അദ്ദേഹം ഉംറ ചെയ്യാൻ പോയപ്പോൾ മക്കയിലെ നിഷേധികൾ` അദ്ദേഹം മുസ്‌ലിമായത് അറിഞ്ഞുക്കൊണ്ട് അദ്ദേഹത്തെ മർദ്ദിക്കുകയോ, മർദ്ദിക്കാൻ ശ്രമിക്കുകയോ ചെയ്തു. അപ്പോഴാണ് അദ്ദേഹം ദൈവദൂതന്റെ അനുവാദമില്ലാതെ യമാമയിൽ നിന്ന് ഗോതമ്പിന്റെ ധാന്യമണിപ്പോലും നിങ്ങളുടെ അടുത്ത് വരികയില്ല എന്ന് പറഞ്ഞത്. അദ്ദേഹം പോയി തന്റെ ജനതയോടു കാര്യങ്ങളെല്ലാം പറഞ്ഞു. അങ്ങനെ ധാന്യങ്ങൾ വരുന്നത് നിലച്ചു. ജനങ്ങളാകെ വിഷമത്തിലുമായി. നബി (സ) യുടെ സന്നിധിയിൽ അബൂസുഫ്‌യാൻ അപേക്ഷയുമായിട്ടെത്തി. ജനങ്ങൾ വിശന്നു ചാകുന്നുവെന്നും കരുണ ചെയ്യണമെന്നും അപേക്ഷിച്ചു. 'നിങ്ങൾ മുസ്‌ലിംകളാകുക, എങ്കിലെ ധാന്യങ്ങൾ കിട്ടൂ' എന്ന് അവരോട് നബി(സ)തിരുമേനി പറഞ്ഞില്ല. പ്രത്യുത നബി(സ)തിരുമേനി ഉടനെ ധാന്യം അയക്കാൻ ഥുമാമയ്ക്ക് സന്ദേശമയക്കുകയാണ് ചെയ്തത്. ഈ നിയന്ത്രണം അവസാനിപ്പിക്കുക ഇത് അക്രമമാണ്. എന്നു മാത്രമല്ല കുട്ടികളേയും വൃദ്ധരേയും പട്ടിണിക്കിട്ട് കൊല്ലുന്നത് ശരിയായ നടപടിയോ ന്യായമോ അല്ലെന്ന് തന്റെ ശിക്ഷ്യനായ ഥുമാമയെ നബി(സ)തിരുമേനി ഉപദേശിക്കുകയും ചെയ്തു.(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം)

ഥുമാമയോടു, നീ എന്റെ അധീനതയിലാണുള്ളത്. അതുകൊണ്ട് മുസ്‌ലിമാകുക എന്നു നബി(സ) തിരുമേനി പറഞ്ഞില്ല. മൂന്നുദിവസം വരെ അദ്ദേഹവുമായി നബി(സ) തിരുമേനി നല്ല നിലയിൽ പെരുമാറി. സൽപെരുമാറ്റത്തിന്റെ ഉന്നതമായ മാതൃക കാഴ്ചവെച്ചുകൊണ്ട് അവസാനം അദ്ദേഹത്തെ സ്വതന്ത്രനാക്കി. ഥുമാമയും ഉൾക്കാഴ്ചയുള്ള വ്യക്തിയായിരുന്നു. ഈ സ്വാതന്ത്ര്യം കിട്ടിയുടനെ നബി(സ) തിരുമേനിയുടെ ശിഷ്യത്വത്തിൽ തന്നെ കെട്ടിയിടാൻ അദ്ദേഹം തന്നെ സമർപ്പിക്കുക, അതിലാണ് തന്റെ ഭൗതികവും ആത്മീയവുമായ നന്മയുള്ളതെന്ന് അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു.

'നീ അടിമയാണ്, എന്റെ കസ്റ്റഡിയിലാണ്, അതുകൊണ്ട് ഞാൻ പറയുന്നത് ചെയ്യുക' എന്ന് ഒരു യഹൂദി അടിമയോടു നിർബന്ധം പിടിച്ചില്ല. അവസാനം ആ യഹൂദിയ്ക്ക് ഗുരുതരമായ രോഗം പിടിപെട്ടു. അപ്പോൾ അയാളുടെ പര്യവസാനം ശുഭമാകണമെന്ന ചിന്തയായിരുന്നു നബി(സ) തിരുമേനിക്ക്. ദൈവത്തിന്റെ അവസാന നിയമപ്രമാണത്തെ

വിശ്വസിക്കാതെ അയാൾ മരിക്കരുതെന്ന വിചാരമായിരുന്നു ആ മഹാത്മാവിന്. അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി പോകണമെന്നായിരുന്നു ആ മഹാത്മാവിന്റെ ആഗ്രഹം. അല്ലാഹു അയാൾക്ക് പൊറുത്തുകൊടുക്കുന്നതിനുവേണ്ടിയായിരുന്നു അത്. വളരെ സ്നേഹത്തോടെ ഇസ്‌ലാം സ്വീകരിക്കാൻ ആ യഹൂദി അടിമയോടു നബി(സ) പറഞ്ഞു.

ആ സംഭവം ഹദ്റത്ത് അനസ്(റ) ഇങ്ങനെ വിവരിക്കുന്നു. നബി (സ) തിരുമേനിയുടെ പരിചാരകനായിരുന്ന ഒരു യഹൂദിചെറുപ്പക്കാരന് സുഖമില്ലാതെയായി. നബി(സ) അയാളെ കാണാൻ പോയി. ഇസ്‌ലാം സ്വീകരിക്കുക എന്ന് അയാളോടു പറഞ്ഞു. മറ്റൊരു നിവേദനത്തിൽ അയാൾ തന്റെ മുതിർന്ന ആളുകളിലേക്ക് നോക്കിയെന്നുമുണ്ട്. എന്തായാലും അവർ സമ്മതിച്ചിട്ടോ അല്ലെങ്കിൽ സ്വയം തീരുമാനമെടുത്തിട്ടോ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. (ബുഖാരി, കിതാബുൽ ജനായിസ്)

അയാളുടെ ഈ ഇസ്‌ലാംമത സ്വീകരണം നബി(സ) തിരുമേനിയുടെ സൽപെരുമാറ്റത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ഫലമായിരുന്നു. ഇസ്‌ലാം സത്യമതമാണെന്ന് നബിതിരുമേനിയുടെ ജീവിതം കണ്ട് അയാൾ മനസ്സിലാക്കി. അത് സ്വീകരിച്ചെങ്കിലേ രക്ഷയുള്ളൂ എന്ന് അയാൾ വിശ്വസിക്കുകയും ചെയ്തു. ഈ സ്വാതന്ത്ര്യമാണ് നബി(സ) തിരുമേനി ലോകത്ത് സ്ഥാപിച്ചത്. എന്തുകൊണ്ടെന്നാൽ ഈ കാരുണ്യത്തിന്റെയും അനുകമ്പയുടെയും മൂർത്തീഭാവമായ ഈ പെരുമാറ്റം എന്റെ തിന്മ ആഗ്രഹിക്കുകയില്ല. അദ്ദേഹം തീർച്ചയായും സത്യവാനും മറ്റുള്ളവരെ എപ്പോഴും നല്ല കാര്യത്തിലേക്ക് ക്ഷണിച്ചു ക്കൊണ്ടിരിക്കുകയും അതിനുവേണ്ടി ഉപദേശിക്കുകയും ചെയ്യുന്നു. ഇതിനു തുല്യമായതൊന്ന് ലോകത്തെങ്ങും കാണുകയില്ല.

നബി(സ) തിരുമേനി പ്രവാചകത്വവാദത്തിനു മുമ്പേയും ആവിഷ്കാരസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും ജീവിതസ്വാതന്ത്ര്യത്തേയും ഇഷ്ടപ്പെട്ടിരുന്നു. അടിമത്വത്തെ വെറുക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് ഖദീജ(റ)വിവാഹത്തിനു ശേഷം തന്റെ സ്വത്തുക്കളും അടിമകളേയുമെല്ലാം നബി(സ)തിരുമേനിക്ക് നല്കി. അവിടന്ന് ഹദ്റത്ത് ഖദീജയോട് പറഞ്ഞു. ഇതെല്ലാം എനിക്ക് തരികയാണെങ്കിൽ എന്റെ നിയന്ത്രണത്തിൽ എന്റെ ഇഷ്ടത്തിനനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതാണ്. അതിനുവേണ്ടിയാണ് തരുന്നതെന്ന് ഹദ്റത്ത് ഖദീജ(റ) മറുപടിയും പറഞ്ഞു. എന്നാൽ, താൻ അടിമകളെ മോചിപ്പിക്കുകയാണെന്ന് അവിടന്ന് അറിയിച്ചു. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു, 'അങ്ങയ്ക്ക് ഇഷ്ടമുള്ളത് ചെയ്യാം. ഞാൻ സകലതും അങ്ങയ്ക്ക് തന്നു കഴിഞ്ഞു. ഇനി

എനിക്കവയുടെമേൽ ഒരധികാരവുമില്ല. ഇതെല്ലാം അങ്ങയുടേതാണ്.' ആ സമയം അവിടന്ന് ഹദ്റത്ത് ഖദീജ(റ)യുടെ അടിമകളെ വിളിക്കുകയും ഇന്നു മുതൽ നിങ്ങളെല്ലാവരും സ്വതന്ത്രരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സ്വത്തിന്റെ അധികഭാഗവും ദരിദ്രർക്കിടയിൽ വിതരണം ചെയ്തു.

നബി(സ) തിരുമേനി മോചിപ്പിച്ച സ്വതന്ത്രരിൽ **സയ്ദ്** എന്ന പേരുകാരനുമുണ്ടായിരുന്നു. മറ്റു അടിമകളിൽനിന്ന് തികച്ചും സമർഥനായിരുന്നു അദ്ദേഹം. വലിയ ബുദ്ധിമാനുമായിരുന്നു. തനിക്ക് കിട്ടിയ സ്വാതന്ത്ര്യത്തേക്കാൾ ഗുണപ്രദം നബി(സ) തിരുമേനിയുടെ കീഴിൽ തന്നെ കഴിയുന്നതാണെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പറഞ്ഞു, 'അങ്ങ് എന്നെ സ്വതന്ത്രനാക്കിയെന്നത് ശരി തന്നെയാണ്. പക്ഷേ, ഞാൻ സ്വതന്ത്രനാകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അങ്ങയുടെ അടിമയായിത്തന്നെയിരിക്കാനാണ് ആഗ്രഹിക്കുന്നത്.' അങ്ങനെ അദ്ദേഹം നബിയോടൊപ്പം ജീവിതം തുടർന്നു. സ്നേഹത്തിന്റെ ഈ ബന്ധം മെല്ലെ മെല്ലെ വളർന്നുകൊണ്ടിരുന്നു. **സയ്ദ്** ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. തിന്നും കുടിച്ചും കഴിഞ്ഞ കുടുംബക്കാരനായിരുന്നു. കൊള്ളക്കാർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി വിൽക്കുകയും അവസാനം ഹദ്റത്ത് ഖദീജയുടെ അടുക്കൽ എത്തിപ്പെടുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മാതാപിതാക്കളും ബന്ധുക്കളും അദ്ദേഹത്തെ അന്വേഷിച്ച് നടക്കുകയായിരുന്നു. അവസാനം തങ്ങളുടെ മകൻ മക്കയിലുണ്ടെന്ന് അവരറിഞ്ഞു. അങ്ങനെ അവർ മക്കയിലെത്തി. നബി(സ)തിരുമേനിയുടെ അടുക്കൽ ഉണ്ടെന്ന് മനസ്സിലായപ്പോൾ അവരവിടെ വന്നു. എത്ര പണം വേണമെങ്കിലും തരാമെന്നും തങ്ങളുടെ മകനെ തിരിച്ചുതരണമെന്നും അവർ ആവശ്യപ്പെട്ടു. ഇവന്റെ മാതാവാണെങ്കിൽ കരഞ്ഞുകരഞ്ഞ് അങ്ങേയറ്റം ക്ഷീണിച്ചിരിക്കുകയാണെന്നും അവരറിയിച്ചു. അവിടന്ന് പറഞ്ഞു: 'ഞാൻ അവനെ നേരത്തെതന്നെ സ്വതന്ത്രനാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവൻ നിങ്ങളുടെ കൂടെ വരുന്നെങ്കിൽ കൊണ്ടുപൊയ്ക്കൊള്ളുക. എനിക്കൊരു പൈസയും വേണ്ട.' അപ്പോൾ, വീട്ടിലേക്ക് പോകാമെന്ന് പിതാവ് മകനോട് പറഞ്ഞു. എന്നാൽ, മകൻ പറഞ്ഞു: 'അങ്ങയെ എന്തായാലും എനിക്ക് കാണാൻ ഭാഗ്യം കിട്ടി. അതുമതി. ഇനിയെപ്പോഴെങ്കിലും അവസരം കിട്ടിയാൽ ഉമ്മയേയും കാണാം. പക്ഷേ, അങ്ങയോടൊപ്പം ഞാൻ വരുന്നില്ല. ഞാൻ നബി(സ) തിരുമേനിയുടെ അടിമയായിക്കഴിഞ്ഞിരിക്കുകയാണ്. നബി(സ) തിരുമേനിയിൽനിന്ന് വേർപ്പെട്ടുനില്ക്കാൻ എനിക്ക് സാധിക്കുകയില്ല. നിങ്ങ

ളെക്കാളേറെ ഞാൻ നബിതിരുമേനിയെ സ്നേഹിക്കുന്നു.' സയ്ദിന്റെ പിതാവും അമ്മാവനുമൊക്കെ ഒരുപാട് നിർബന്ധിച്ചെങ്കിലും സയ്ദ് അതൊക്കെ നിഷേധിക്കുകയാണ് ചെയ്തത്. സയ്ദിന്റെ ഈ സ്നേഹം കണ്ടുകൊണ്ട് നബി(സ) തിരുമേനി പറഞ്ഞു: 'സയ്ദ് ആദ്യമേതന്നെ സ്വതന്ത്രനായിക്കഴിഞ്ഞിരുന്നു. എന്നാൽ, ഇന്നു മുതൽ അവൻ എന്റെ മകനാണ്.' ഈയവസ്ഥ കണ്ടുകൊണ്ട് സയ്ദിന്റെ പിതാവും അമ്മാവനും വളരെ വിഷമത്തോടെ അവിടെനിന്നും മടങ്ങിപ്പോയി.(ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ 'ദീബാച്ച തഫ്സീറുൽ ഖുർആൻ എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തത്)

പ്രവാചകത്വ ലബ്ധിക്കുശേഷം നബി(സ)യുടെ ഈ സ്വാതന്ത്ര്യത്തിന് കൂടുതൽ തിളക്കമുണ്ടായി. അടിമകൾക്ക് അവരുടെ അവകാശം നല്കുക. അതിനു കഴിയുന്നില്ലെങ്കിൽ അവരെ മോചിപ്പിക്കുക എന്നതുതന്നെയായിരുന്നു ആ മഹാത്മാവിന്റെ തിരുഹൃദയത്തിൽ ഇറങ്ങിയ ശരീഅത്തിന്റേയും കല്പന. നിവേദനത്തിൽ വന്നിരിക്കുന്നു. ഒരു സ്വഹാബി തന്റെയൊരു അടിമയെ മർദിക്കുകയായിരുന്നു. നബി(സ) തിരുമേനി അത് കണ്ടപ്പോൾ കഠിനമായ ദ്വേഷം പ്രകടിപ്പിച്ചു. അതുകണ്ട സ്വഹാബി ആ അടിമയെ മോചിപ്പിച്ചു. നബി(സ) തിരുമേനി പറഞ്ഞു, 'നീ അവനെ മോചിപ്പിച്ചില്ലായിരുന്നെങ്കിൽ അല്ലാഹുവിന്റെ കോപത്തിന് വിധേയമാകുമായിരുന്നു.' (മുസ്ലിം കിതാബുൽ ഈമാൻ)

നോക്കുക, ഇതാണ് സ്വാതന്ത്ര്യം. മറ്റു മതക്കാർക്ക് അവരുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും നബി(സ)തിരുമേനി നല്കിയിരുന്നു. അതിനുള്ള ഒരു ഉദാഹരണം കാണുക. മദീനയിൽ നബി(സ) തിരുമേനിയുടെ ഭരണകാലത്ത് സ്വാതന്ത്ര്യത്തിന്റെ തെളിമയാർന്ന മാതൃക നമുക്ക് ലഭിക്കുന്നുണ്ട്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: "രണ്ടാളുകൾ പരസ്പരം കലഹിക്കാൻ തുടങ്ങി. ഒരാൾ മുസ്ലിമും മറ്റേയാൾ യഹൂദിയുമായിരുന്നു. മുസ്ലിം പറഞ്ഞു. 'അല്ലാഹുതആല മുഴുലോകത്തിനുമായി നബി(സ)തിരുമേനിയെ നബിയായി തിരഞ്ഞെടുത്തുകൊണ്ട് സകലശ്രേഷ്ഠതയും നബിക്ക് നല്കിയിരിക്കുന്നു.' അപ്പോൾ യഹൂദി ആണയിട്ടു: 'മൂസാ(അ)ക്ക് മുഴുലോകത്തും വച്ച് ഏറ്റവും കൂടുതൽ മഹാത്മ്യം നല്കിയ അല്ലാഹുവിനാണ!' ഇത് കേട്ടപ്പോൾ മുസൽമാൻ കൈയുയർത്തി യഹൂദിയുടെ മുഖത്തടിച്ചു. യഹൂദി പരാതിയുമായി നബി(സ)യുടെ സന്നിധിയിലെത്തി. നബി(സ) മുസൽമാനെ ശകാരിച്ചുകൊണ്ട് പറഞ്ഞു:' എനിക്ക് മൂസായെക്കാൾ

ശ്രേഷ്ഠത നിങ്ങൾ നല്കരുത്.” (ബുഖാരി കിതാബുൽ ഖുസ്വൂമാത്)

ഇതാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും മത സ്വാതന്ത്ര്യത്തിന്റെയുംവ്യക്തിസ്വാതന്ത്ര്യത്തിന്റെയും നിലവാരം.തന്റെ സ്വന്തം ഭരണം നടക്കുന്ന സ്ഥലത്താണ് ഇത് സംഭവിക്കുന്നത്.മദീനയിലെ യഹൂദികളുമായിട്ടും മറ്റുള്ളവരുമായുംനല്ല അന്തരീക്ഷം നിലനിറുത്തുന്നതിന് നബി(സ)തിരുമേനി അവരുമായി ഉടമ്പടിയുണ്ടാക്കി. മുസ്‌ലിംകൾ ഭൂരിപക്ഷമായതുകൊണ്ടും മറ്റുള്ളവരുടെ പിന്തുണ ഉണ്ടായതുകൊണ്ടും ഭരണം നബി(സ) തിരുമേനിയുടെ കൈയിലായിരുന്നു. പക്ഷേ, ഈ ഭൂരിപക്ഷ പിന്തുണയുടെ ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുക എന്നതായിരുന്നില്ല. നബി(സ) തിരുമേനി എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണെന്ന് വിശുദ്ധഖുർആനിന്റെ സാക്ഷ്യമുണ്ടായിട്ടും പ്രവാചകന്മാരെ താരതമ്മ്യപ്പെടുത്തിക്കൊണ്ട് സമൂഹാന്തരീഷം മലിനമാക്കാൻ അദ്ദേഹം ഇഷ്ട്ടപെട്ടില്ല. യഹൂദി പറഞ്ഞത് കേട്ട് സ്വന്തം മതത്തിൽ പെട്ടയാളെ ശകാരിച്ചുക്കൊണ്ട് നിങ്ങൾ നിങ്ങളുടെ വഴക്കുകളിൽ നബിമാരെ വലിച്ചിഴയ്ക്കരുതെന്ന് അദ്ദേഹം പറയുകയും ചെയ്തു. നിങ്ങളുടെ ദൃഷ്ടിയിൽ ഞാൻ എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാണെന്നത് ശരിതന്നെ. അല്ലാഹുവും അതിന് സാക്ഷ്യം വഹിക്കുന്നുണ്ട്.പക്ഷേ,നമ്മുടെ ഭരണത്തിൻകീഴിൽ മറ്റുള്ളവരുടെ പ്രവാചകന്മാരെ ആക്ഷേപിക്കുന്ന ഈ രീതിയിൽ ഒരു മനുഷ്യന്റെ വികാരം വ്രണപ്പെടാൻ പാടില്ല. അതിന് ഞാനൊട്ട് അനുവദിക്കുകയുമില്ല. എന്നെ ആദരിക്കുന്നതിനുവേണ്ടി മറ്റു നബിമാരേയും നിങ്ങൾ ആദരിക്കേണ്ടതായി വരും.

ഇതായിരുന്നു അദ്ദേഹത്തിന്റെ നീതിയുടേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും നില. അത് സ്വന്തക്കാരിലും അന്യരിലും നിലനിറുത്താൻ വേണ്ടിയാണ് ആ മഹാത്മാവ് പരിശ്രമിച്ചത്. എന്നല്ല ചില സന്ദർഭങ്ങളിൽ അന്യരുടെ വികാരങ്ങളെ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

## മാനവികമൂല്ല്യങ്ങളുടെയും മതസഹിഷ്ണുതയുടെയും സംസ്ഥാപനത്തിന് വേണ്ടി നബി(സ)തിരുമേനി പ്രദർശിപ്പിച്ച നിസ്തുലപ്രവർത്തന മാതൃക

അബ്ദുർറഹ്മാൻ ബിൻ അബീ ലയ്ലഃ(റ) പറയുന്നു. സഹൽബിൻ ഹുനയ്ഫും ഖയ്സ് ബിൻ സഅ്ദും ഖാദിസിയ എന്ന സ്ഥലത്തിരിക്കുകയായിരുന്നു. അവരുടെ അടുത്തൂടെ ഒരു ജനാസ കൊണ്ടുപോയി.

അവർ രണ്ടുപേരും എഴുന്നേറ്റുനിന്നു. ദിമ്മികളിൽപെട്ട ഒരാളുടെ ജനാസയാണിതെന്ന് പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു: ഒരിക്കൽ നബി(സ)യുടെ സമീപത്തൂടെ ഒരു ജനാസ കൊണ്ടുപോയപ്പോൾ അവിടന്ന് ആദരവോടെ എഴുന്നേറ്റുനിന്നു. ഇത് ഒരു യഹൂദിയുടെ ജനാസയാണെന്ന് പറയപ്പെട്ടു. അത് കേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു.**അലയ്സത്ത് നഫ്സൻ** അദ്ദേഹം മനുഷ്യനല്ലേ? (ബുഖാരി കിതാബുൽ ജനായിസ്)

ചുരുക്കത്തിൽ മറ്റു മതങ്ങളോടും മനുഷ്യത്വത്തോടുമുള്ള ആദരവായിരുന്നു ഇത്.ഇത്തരം പ്രകടനങ്ങളിൽനിന്നും മാതൃകകളിൽനിന്നുമാണ് സഹിഷ്ണുതയുടെ അന്തരീക്ഷം പൊട്ടിമുളക്കുന്നത്. ഇതുതന്നെയാണ് പരസ്പരം സൗമ്യതയോടെ പെരുമാറാനുള്ള അവസരമുണ്ടാക്കുന്നത്. ഈ വികാരത്തിൽനിന്നുതന്നെയാണ് സ്നേഹത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം ഉണ്ടാകുന്നത്. അല്ലാതെ ഇന്നത്തെ ഭൗതികവാദികളുടെ പ്രവർത്തനങ്ങൾ പോലെയല്ല. അത് വെറുപ്പിന്റെ അന്തരീക്ഷം സൃഷ്ടിക്കുമെന്നല്ലാതെ മറ്റൊരു ഗുണവും ചെയ്യുകയില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഖയ്ബർ വിജയാവസരത്തിൽ തൗറാത്തിന്റെ ചില ഏടുകൾ മുസ്‌ലിംകൾക്ക് കിട്ടി. യഹൂദികൾ നബി തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. പരിശുദ്ധഗ്രന്ഥം തിരിച്ചു തരാൻ അവർ ആവശ്യപ്പെട്ടു. യഹൂദികളുടെ മതഗ്രന്ഥങ്ങൾ അവർക്ക് തിരിച്ചുകൊടുക്കാൻ നബി(സ) തിരുമേനി കല്പിച്ചു. (അസ്സീറത്തുൽ ഹൽബിയ്യ)

യഹൂദരുടെ തെറ്റായ നയം കാരണം അവർക്ക് ശിക്ഷ ലഭിക്കുന്ന ഘട്ടത്തിലായിരുന്നു ഇതെന്ന കാര്യം ഓർക്കുക. ശത്രുവിന്റെ പോലും മതവികാരത്തെ വ്രണപ്പെടുത്തുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല.

## മദീനയിലെ യഹൂദികളുമായി സമാധാന ഉടമ്പടി

ഒറ്റപ്പെട്ട ചില സംഭവങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. മദീനയിൽ ഉണ്ടാക്കിയ ചില ഉടമ്പടിയെ സംബന്ധിച്ചും ഞാൻ പറഞ്ഞു. ആ ഉടമ്പടിയനുസരിച്ചുള്ള പ്രവർത്തനത്തെക്കുറിച്ച് ഞാൻ പറയാം. അതായത്, എങ്ങനെയാണ് അവിടന്ന് സഹിഷ്ണുതയോടെ പെരുമാറിയതെന്ന്. മദീനയിലെത്തിയതിനു ശേഷം യഹൂദികളുമായി അവിടന്ന് ഉടമ്പടി ചെയ്തു. അതിലെ ചില നിബന്ധനകൾ താഴെ പറയും പ്രകാരമായിരുന്നു.

1. “മുസ്‌ലിംകളും യഹൂദികളും പരസ്പരം അനുകമ്പയോടും ആത്മാർഥതയോടും കൂടി ജീവിക്കുന്നതാണ്. ഒരു കൂട്ടർ മറ്റേ കൂട്ടർക്കെതിരെ ബലാൽക്കാരത്തോടും അതിക്രമത്തോടും കൂടി പെരുമാറുകയില്ല.”

(ഇങ്ങനെയായിട്ടും യഹൂദികൾ പലപ്പോഴും ഈ നിബന്ധന ലംഘിച്ചുകൊണ്ടിരുന്നു. എന്നാൽ, അവിടന്ന് അവരോട് നല്ല രീതിയിൽ തന്നെയാണ് പെരുമാറിയിരുന്നത്.

അവസാനം അവരുടെ എതിർപ്രവർത്തനം മൂർധന്യാവസ്ഥയിലെത്തിയപ്പോൾ നബി(സ) തിരുമേനിക്ക് അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടി വന്നു. )

2. “രണ്ടാമത്തെ നിബന്ധന എല്ലാ സമുദായങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നതായിരുന്നു.”

(മുസ്‌ലിംകൾ ഭൂരിപക്ഷമാണെങ്കിൽ തന്നെയും നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ സ്വതന്ത്രരാണ്.)

3. “മൂന്നാമത്തെ നിബന്ധന രാജ്യത്തെ എല്ലാ നിവാസികളുടേയും ജീവനും സ്വത്തും സുരക്ഷിതമായിരിക്കും.അവയെ മാനിക്കുന്നതാണ്; കുറ്റവാളികളൊഴികെ.

(കുറ്റവാളി മുസൽമാനാണെങ്കിലും അമുസ്‌ലിമാണെങ്കിലും ശിക്ഷ ലഭിക്കുമെന്ന തിൽ സംശയമില്ല. മറ്റുള്ളവരെ സംരക്ഷിക്കേണ്ടത് എല്ലാവരുടേയും ബാധ്യതയാണ്. ഭരണകൂടത്തിന്റെ പ്രവർത്തിയാണ്.)

4. “എല്ലാ അഭിപ്രായഭിന്നതകളും പ്രശ്നങ്ങളും നബി(സ) തിരുമേ നിയുടെ മുമ്പിൽ സമർപിക്കേണ്ടതാണ്. എല്ലാ വിധികളും ദൈവകല്പ നകളനുസരിച്ചായിരിക്കും ചെയ്യപ്പെടുക.”

(ദൈവകല്പന എന്നതിന്റെ നിർവചനം ഓരോ ജനതയുടേയും ന്യായപ്രമാണമനു സരിച്ചായിരിക്കും വിധി പറയുക എന്നതാണ്. വിധിക്കായി കേസുകൾ നബി(സ)യുടെ മുമ്പിൽ സമർപിക്കേണ്ടതാണ്. കാരണം അക്കാലത്തെ ഭരണകൂടത്തിന്റെ ഉന്നതാധി കാരി അവിടന്നായിരുന്നു.അതുക്കൊണ്ട് വിധി പറയേണ്ടതും അദ്ദേഹമായിരുന്നു.)

കുറ്റവാളികളായ യഹൂദികൾക്കെതിരെ വിധി പ്രസ്താവിച്ചത് അവരുടെ ന്യായപ്രമാണമായ തൗറാത്തനുസരിച്ചായിരുന്നു. ഇന്ന് ക്രിസ്ത്യാനികളും ഇസ്‌ലാമിന്റെ വിരോധികളും അതു പൊക്കിപ്പിടിച്ച് നബി(സ) തിരുമേനി ചെയ്തത് അക്രമമാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നു. വാസ്തവത്തിൽ അവരുടെ ദൈവഗ്രന്ഥം അവർ ചെയ്ത കുറ്റകൃത്യത്തിന് എന്തു ശിക്ഷ യാണോ വിധിച്ചിട്ടുള്ളത് അതാണ് നബി(സ) തിരുമേനി വിധിച്ചത്.

5. മറ്റൊരു നിബന്ധന “നബി(സ) തിരുമേനിയുടെ അനുവാദമില്ലാതെ ആരും യുദ്ധത്തിന് പോകാൻ പാടില്ല എന്നതായിരുന്നു.”

(എന്തുകൊണ്ടെന്നാൽ, ഒരു ഭരണകൂടത്തിൻ കീഴെ നില്ക്കുമ്പോൾ ആ ഭരണകൂ ടത്തെ അനുസരിക്കേണ്ടത് നിർബന്ധമാണ്. ഈ നിബന്ധന ഇക്കാലത്തെ ജിഹാദീ സംഘങ്ങൾക്കും വഴികാട്ടിയാണ്. ഏതൊരു ഭരണകൂടത്തിൻ കീഴിലാണോ വസിക്കു ന്നത് അതിന്റെ അനുവാദം കൂടാതെ ഒരു തരത്തിലുള്ള ജിഹാദും ചെയ്യാൻ പാടില്ല; സർക്കാരിന്റെ സൈന്യത്തിൽ ചേരുകയും, സർക്കാരോ രാഷ്ട്രങ്ങളോ തമ്മിൽ യുദ്ധം ചെയ്യുകയും ചെയ്താലൊഴികെ.)

6. പിന്നീടുണ്ടായ ഒരു നിബന്ധന “മുസ്‌ലിംകൾക്കോ യഹൂദികൾക്കോ എതിരെ ഏതെങ്കിലും ജനത യുദ്ധം ചെയ്യുകയാണെങ്കിൽ അവർ പര സ്പരം സഹായിക്കാൻ തയ്യാറായിരിക്കുമെന്നതാണ്.”

(അതായത് യഹൂദികൾക്കെതിരിലോ മുസ്‌ലിംകൾക്കെതിരിലോ യുദ്ധം ചെയ്താൽ ഒരു കൂട്ടർ മറ്റൊരു കൂട്ടരെ സഹായിക്കുന്നതാണ്. എതിർകക്ഷിയിൽ നിന്ന് എന്തെങ്കിലും ഫലം കിട്ടിയാൽ അത് രണ്ടു കൂട്ടരും തുല്യമായി വീതിച്ചെടുക്കുന്നതാണ്.)

7. ഇപ്രകാരം മറ്റൊരു നിബന്ധന 'മദീനയെ ആരെങ്കിലും ആക്രമിച്ചാൽ, എല്ലാവരും ഒരുമിച്ച് ചേർന്ന് അതിനെതിരെ പോരാടണം. മക്കയിലെ ഖുറയ്ശികൾക്കോ അവരുടെ സഹായികൾക്കോ ഒരുതരത്തിലുള്ള സഹായമോ അഭയമോ നല്കാൻ പാടില്ല."

(കാരണം ഈ എതിരാളികൾ തന്നെയാണ് മക്കയിൽനിന്ന് മുസ്‌ലിംകളെ പുറത്താക്കിയത്. അങ്ങനെ മുസ്‌ലിംകൾ ഇവിടെ വന്ന് അഭയം തേടിയതാണ്. അതുകൊണ്ട് ഈ ഭരണത്തിൻകീഴിൽ കഴിയുന്നവർ ശത്രുസമൂഹവുമായി ഒരു തരത്തിലുള്ള ഉടമ്പടിയും ചെയ്യാൻ പാടില്ല. സഹായവും വാങ്ങാനും പാടില്ല.)

"ഓരോ ജനതയും അവരവരുടെ ചെലവുകൾ സ്വയം വഹിച്ചുകൊള്ളണം.(ഓരോരുത്തരും സ്വന്തം ചെലവ് വഹിക്കണം)ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഒരു അക്രമിയും പാപിയും ആജ്ഞാലംഘകനും ശിക്ഷയിൽ നിന്നോ പ്രതിക്രിയയിൽ നിന്നോ സംരക്ഷിക്കപ്പെട്ടവനാകുകയില്ല."

(അതായത് അക്രമിയും പാപം ചെയ്യുന്നവനും തെറ്റു ചെയ്യുന്നവനും ഉറപ്പായും ശിക്ഷ കിട്ടും. പിടിക്കപ്പെടും; മുസ്‌ലിമോ യഹൂദിയോ മറ്റാരായാലും വേണ്ടില്ല.) (സീറത്തു ഖാത്തമുന്നബിയ്യീൻ-ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ)പേജ്- 279 )

## മതസ്വാതന്ത്ര്യവും നജ്റാൻകാർക്ക് അഭയപത്രികയും

ഈ മതസഹിഷ്ണുതയും സ്വാതന്ത്ര്യവും നിലനിറുത്തുന്നതിനാണ് നബി(സ)തിരുമേനി നജ്റാനിൽനിന്നു വന്ന ക്രിസ്ത്യൻ സംഘത്തിന് മസ്ജിദ് നബ്‌വിയിൽ ആരാധന നടത്താൻ അനുവാദം നല്കിയത്. അവർ കിഴക്കോട്ടു തിരിഞ്ഞുനിന്ന് ആരാധന നടത്തി. അങ്ങനെ ചെയ്യാൻ പാടില്ല എന്നാണ് സ്വഹാബത്ത് ധരിച്ചിരുന്നത്. നബി(സ)തിരുമേനി പറഞ്ഞു: 'ഒന്നും സംഭവിക്കാനില്ല.'

നജ്റാൻകാർക്ക് നബി(സ) തിരുമേനി നല്കിയ അഭയപത്രികയെകുറിച്ചും നമുക്ക് വിവരം ലഭിക്കുന്നുണ്ട്. അതിൽ മുസ്‌ലിം സൈന്യം മുഖേന ക്രിസ്ത്യാനികളുടെ (അവർ നജ്റാനിൽ വന്നിരുന്നതാണ്) അതിർത്തികളെ സംരക്ഷിക്കുന്നതാണെന്ന ഉത്തരവാദിത്തം നബി(സ) തിരുമേനി ഏറ്റെടുത്തു. അവരുടെ പള്ളികൾ, ആരാധനാലയങ്ങൾ, സത്രങ്ങൾ അത് എത്ര ദൂരത്തായാലും പട്ടണത്തിലായാലും മലകളിലായാലും വനങ്ങളിലായാലും എവിടെയായാലും അതിനെ സംരക്ഷിക്കേണ്ടത് മുസ്‌ലിംകളുടെ ചുമതലയാണ്. അവർക്ക് അവരുടെ മതരീതിയനുസരിച്ച് ആരാധനാകർമങ്ങളനുഷ്ഠിക്കാൻ അനുവാദമുണ്ടായിരിക്കും. ഇക്കാര്യത്തിൽ

അവരുടെ സംരക്ഷണവും മുസ്‌ലിംകൾക്ക് നിർബന്ധമാണ്. കാരണം ഇവർ മുസ്‌ലിം ഭരണകൂടത്തിന്റെ പ്രജകളാണ്. അതുകൊണ്ട് ഇക്കാരണത്താലും അവരുടെ സംരക്ഷണം തനിക്ക് നിർബന്ധമാണെന്ന് നബി (സ) പറഞ്ഞു.

അതുപോലെ മുസ്‌ലിംകൾ അവരെ അതായത് ക്രിസ്ത്യാനികളെ അവരുടെ ഇഷ്ടം കൂടാതെ യുദ്ധനടപടികളിൽ പങ്കെടുപ്പിക്കാൻ പാടില്ല. അവരുടെ പാതിരി അല്ലെങ്കിൽ മതനേതാവ് സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയില്ല. അതുപോലെതന്നെ അവരുടെ പ്രവർത്തനം തുടർന്നും അവർക്ക് നടത്താവുന്നതാണ്. അവരുടെ ആരാധനാലയങ്ങളിൽ ഒരു തരത്തിലുള്ള കൈകടത്തലുമുണ്ടാകുകയില്ല. അതൊരിക്കലും പിടിച്ചെടുക്കുകയോ സത്രമാക്കുകയോ അതിൽ ആരെങ്കിലും താമസിക്കുകയോ മറ്റെന്തെങ്കിലും കാര്യത്തിന് അവരോട് ചോദിക്കാതെ വിനിയോഗിക്കുകയോ ചെയ്യാൻ പാടില്ല. മതപണ്ഡിതന്മാരിൽനിന്ന് ജിസ്‌യ വാങ്ങുകയുമില്ല. ഏതെങ്കിലും മുസ്‌ലിമിന്റെ ഭാര്യ ക്രിസ്ത്യാനിയാണെങ്കിൽ അവർക്ക് പരിപൂർണമായ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. അവർ പള്ളിയിൽ പോകുന്നതോ അവരുടെ രീതിയനുസരിച്ച് ആരാധന നടത്തുന്നതിനോ സംശയം ചോദിക്കാൻ തങ്ങളുടെ പാതിരിയുടെ അടുത്ത് പോകുന്നതോ വിലക്കുകയില്ല. പള്ളികൾ തുടങ്ങിയവ നിർമാണ പ്രവർത്തനത്തിന് മുസ്‌ലിംകളിൽനിന്ന് സഹായം തേടിയാൽ അത് മുസ്‌ലിംകൾ നല്കേണ്ടതാണ്.അത് കടമോ ഔദാര്യമോ ആവുകയില്ല. മറിച്ച് ഇപ്രകാരം സാമൂഹിക ബന്ധങ്ങളെ നിലനിർത്തുന്നതിലൂടെയും പരസ്പരം സഹായിക്കുന്നതിലൂടെയും ഈ ഉടമ്പടിയെ ഗുണകരമാക്കാൻ സഹായകമാകുന്നതിനുള്ള ഒരു രീതിയാണ്.

ഇതായിരുന്നു മതസ്വാതന്ത്ര്യവും സഹിഷ്ണുതയും സ്ഥാപിക്കാൻ വേണ്ടിയുള്ള നബിതിരുമേനിയുടെ പ്രവർത്തനം. ഇങ്ങനെയൊക്കെയായിട്ടും നബി(സ) തിരുമേനി വാളു കൊണ്ടാണ് ഇസ്‌ലാം പ്രചരിപ്പിച്ചതെന്ന് ആക്ഷേപമുന്നയിക്കുന്നത് അങ്ങേയറ്റം അക്രമപരമായ പ്രവർത്തിയാണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു:

"ഗ്രന്ഥാനുസാരികളും അറേബ്യയിലെ ബഹുദൈവ വിശ്വാസികളും അങ്ങേയറ്റം ദുർവൃത്തരായിത്തീരുകയും തിന്മ ചെയ്തുകൊണ്ട് തങ്ങൾ നന്മയാണ് ചെയ്തതെന്ന് കരുതുകയും കുറ്റകൃത്യങ്ങളിൽനിന്ന് പിന്മാറാതിരിക്കുകയും പൊതുപ്രവർത്തനങ്ങളിൽ വിള്ളലുണ്ടാക്കുകയും ചെയ്തപ്പോൾ അല്ലാഹു, തന്റെ നബിയുടെ കൈയിൽ ഭരണമേല്പിച്ചുകൊണ്ട് അവരുടെ കൈയിൽ നിന്ന് പാവപ്പെട്ടവരെ രക്ഷിക്കാൻ ആഗ്ര

ഹിച്ചു. അറേബ്യൻ രാജ്യം സ്വതന്ത്രമായിരുന്നു. ഒരു രാജാവിന്റേയും കീഴിലല്ലായിരുന്നതിനാൽ ഓരോ കക്ഷിയും അങ്ങേയറ്റം തന്റേടത്തോടും കടിഞ്ഞാണില്ലാതെയും ജീവിതം കഴിച്ചുപോന്നു. അവരെ ശിക്ഷിക്കുന്നതിന് ഒരു നിയമവുമുണ്ടായില്ല. അതുകൊണ്ട് അവർ നിത്യവും കുറ്റകൃത്യങ്ങളിൽ മുന്നേറി കൊണ്ടിരുന്നു. അല്ലാഹു ഈ രാജ്യത്തിനു മേൽ കരുണ ചൊരിഞ്ഞ് നബി(സ) തിരുമേനിയെ ഈ രാജ്യത്തിനായി റസൂലാക്കി അയച്ചു എന്ന് മാത്രമല്ല ആ രാജ്യത്തിന്റെ രാജാവുമാക്കി. വിശുദ്ധഖുർആനെ പരിപൂർണമായ നിയമഗ്രന്ഥവുമാക്കി. അതിൽ സിവിൽനിയമങ്ങളും ക്രിമിനൽ നിയമങ്ങളും സാമ്പത്തികനിയമങ്ങളുമെല്ലാമുണ്ട്. അതുകൊണ്ട് നബി(സ) തിരുമേനി ഒരു രാജാവെന്ന നിലയിൽ എല്ലാ കക്ഷികൾക്കും വിധികർത്താവായിരുന്നു. ഓരോ മതങ്ങളുടേയും ആളുകൾ അവരുടെ കേസുകൾ നബിയെക്കൊണ്ടാണ് വിധി പറയിച്ചിരുന്നത്.

“ഒരിക്കൽ ഒരു മുസ്ലിമും യഹൂദിയും തങ്ങളുടെ പരാതിയുമായി നബിയുടെ അടുക്കൽ വന്നു. അവിടന്ന് അന്വേഷണത്തിനുശേഷം മുസ്ലിമിന്നെതിരിൽ വിധി പുറപ്പെടുവിച്ചു.

“എന്നാൽ, ചില അജ്ഞരായ എതിരാളികൾ വിശുദ്ധഖുർആൻ ചിന്തിച്ചു പാരായണം ചെയ്യുന്നില്ല. അവർ എല്ലാ കാര്യങ്ങളും നബിതിരുമേനി പ്രവാചകത്വത്തിനു വിധേയനായിട്ടു പ്രവർത്തിച്ചു എന്ന നിലക്കാണ് കാണുന്നത്. വാസ്തവത്തിൽ അത്തരം ശിക്ഷകളും വിധികളും നൽകിയിരുന്നത് ഒരു രാജാവെന്ന നിലയ്ക്കായിരുന്നു. (അതായത് അവ സർക്കാറിന്റെ പ്രവർത്തനങ്ങളിൽ പെട്ടതായിരുന്നു.) വീണ്ടും പറയുന്നു. “ബനു ഇസ്റായീലിൽ മൂസാ നബിക്കുശഷം നബിയും രാജാവും വെവ്വേറെയായിരുന്നു. രാഷ്ട്രീയപരമായ നിലയിൽ സമാധാനം നിലനിറുത്തിയിരുന്നത് രാജാക്കന്മാരായിരുന്നു. എന്നാൽ നബി തിരുമേനിയുടെ കാലത്ത് ഈ രണ്ട് സ്ഥാനവും അല്ലാഹു നബിതിരുമേനിക്കുതന്നെ നല്കി. ഇതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു.

وَقُل لِّلَّذِينَ أُوتُوا الْكِتَٰبَ وَالْأُمِّيِّنَ ءَأَسْلَمْتُمْ ۚ فَإِنْ
أَسْلَمُوا فَقَدِ اهْتَدَوا ۖ وَّإِن تَوَلَّوْا فَإِنَّمَا عَلَيْكَ الْبَلَٰغُ ۗ

ഗ്രന്ഥം നല്കപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങളും അല്ലാഹുവിന് സ്വയം അർപണം ചെയ്യുന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപണം ചെയ്തുവെങ്കിൽ അവർ നേർമാർഗം പ്രാപിച്ചു. ഇനി അവർ പിന്തിരിഞ്ഞുകളയുന്നതായാൽ ദൈവകല്പന എത്തിക്കുക എ

ന്നതു മാത്രമാണ് നിനക്കുള്ള ബാധ്യത. (3:21)

"ഇതിൽ അവരോട് യുദ്ധം ചെയ്യുക എന്ന് എവിടേയും എഴുതിയിട്ടില്ല. കുറ്റവാളികളിൽ നിന്നുള്ള രക്ഷക്കുവേണ്ടി മാത്രമാണ് യുദ്ധം എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. അവർ മുസ്ലിംകളെ വധിക്കുകയോ പൊതു കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കുകയോ ചെയ്തിരുന്നു. മോഷണങ്ങളിലും കൊള്ളയിലും മുഴുകിയിരുന്നു. അവരോട് ചെയ്ത യുദ്ധം ഒരു രാജാവ് എന്ന നിലക്കായിരുന്നു. അല്ലാതെ നബി എന്ന നിലക്കായിരുന്നില്ല. അതായത്, ഭരണകൂടത്തിലെ ഉന്നതാധികാരിയായതുകൊണ്ടാണ് യുദ്ധം ചെയ്തത്. നബിയായതുകൊണ്ടല്ല. അല്ലാഹു പറയുന്നു:

وَقَاتِلُوا فِي سَبِيلِ اللَّهِ الَّذِينَ يُقَاتِلُونَكُمْ
وَلَا تَعْتَدُوا ۚ إِنَّ اللَّهَ لَا يُحِبُّ الْمُعْتَدِينَ ﴿١٩١﴾

നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധംചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ." (*2:191*) (ചശ്മയെ മഅ്രിഫ റൂഹാനീ ഖസായിൻ വാല്യം 23 പേജ് 242,243)

ഏതൊരു പരിശുദ്ധനബിക്കാണോ ഈ ന്യായപ്രമാണം ഇറങ്ങിയത് ആ നബി എങ്ങനെയാണ് ആ വിധിവിലക്കുകളെ മറികടക്കുക. നബി (സ)തിരുമേനി മക്കാ വിജയത്തിന്റെ അവസരത്തിൽ എല്ലാവർക്കും പൊതുമാപ്പ് നല്കി. മുസ്ലിമായെങ്കിലേ മാപ്പ് കൊടുക്കുകയുള്ളൂ ഇസ്ലാം സ്വകരിച്ചാലെ മാപ്പ് കൊടുക്കൂ എന്ന നിബന്ധനയില്ലാതെഎല്ലാവർക്കും പൊതു മാപ്പ് നല്കി. മാപ്പ് നൽകുന്നതിന് ചില രൂപങ്ങളുണ്ടായിരുന്നു.അതായത് ഇന്ന സ്ഥലങ്ങളിലോ,കൊടിക്കീഴിലോ,കഅ്ബാലയത്തിലോ, ഇന്ന ആളുകളുടെ വീടുകളിലോ അഭയം തേടിയാൽ മാപ്പാക്കപ്പെടുമെന്ന് വിളംബരപ്പെടുത്തിയിരുന്നു. മറ്റെവിടേയും കാണാൻ കഴിയാത്ത ഉന്നതമായ മാതൃകയാകുന്നു.പറഞ്ഞത് **ലാ തഥ്രീബ അലയ്ക്കുമുൽയൗം എന്ന** പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാണ്. അതായത് പോവുക, ഇനി നിങ്ങളുടെ മേൽ ഒരു കുറ്റാരോപണവുമില്ല.

ആ നബിയുടെമേൽ ആയിരോപിആയിരം സലാമും സ്വലാത്തും വർഷിക്കുമാറാകട്ടെ. ആ മഹാത്മാവ് ഈ ഉന്നതമായ മാതൃക സ്ഥാപിക്കുകയും അത് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അല്ലാഹു അതിൽ അടിയുറച്ചുനില്ക്കാൻ നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. (ജുമുഅ ഖുത്ബ 10-03-2006. ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ)

## സമാധാനസ്ഥാപനത്തിനും തെറ്റുധാരണ ദുരീകരിക്കുന്നതിനുമുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ഉദാത്തമായ അധ്യാപനവും നിർദ്ദേശവും

വിവിധ മതക്കാർക്കും വ്യക്തികൾക്കുമുള്ള തെറ്റായ ധാരണകൾ അകറ്റുന്നതിനും പരസ്പരം സന്തോഷത്തോടും സ്നേഹത്തോടും കഴിയുന്നതിനുമായി വാഗ്ദത്ത മസീഹും മഹ്ദിയുമായ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) സർവമത സമ്മേളനം നടത്തുക എന്ന പദ്ധതി സമർപിച്ചിരിക്കുന്നു. വിക്ടോറിയ രാജ്ഞിയുടെ ഡയമണ്ട് ജൂബിലി ആഘോഷവേളയിൽ അവരുടെ മുമ്പിൽ ഈ പദ്ധതി സമർപിച്ചുകൊണ്ട് പറഞ്ഞു,"ഈ സർവമത സമ്മേളനത്തിൽ ഓരോവ്യക്തിയും മറ്റുമതങ്ങളുടെമേൽ കൈവയ്ക്കാതെ താന്താങ്ങളുടെ മതത്തിന്റെ മേന്മകൾ വിവരിക്കേണ്ടത് നിർബന്ധമാണ്." (തുഹ്ഫഃ ഖയ്സരിയ്യഃ, റൂഹാനീ ഖസായിൻ വാള്യം 2, പേജ് 279)

ആ മഹാത്മാവ് ഇതിന്റെ ആവശ്യകത വിവരിച്ചുകൊണ്ട് പറഞ്ഞു, "പൊതുവെ മതനേതാക്കന്മാരും പാതിരിമാരും പൊതുജനങ്ങളോട് തെറ്റായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇക്കാരണത്താൽ അവരിൽ വിദ്വേഷം പടരുകയാണ്."

ആ മഹാത്മാവ് പറയുന്നു, "അവരുടേത് സദുദ്ദേശ്യമായിരുന്നെങ്കിൽ വിശുദ്ധ ഖുർആനെതിരിൽ ആക്ഷേപം ഉന്നയിക്കുമായിരുന്നില്ല. അതേ ആക്ഷേപം മൂസാ(അ)യുടെ തൗറാത്തിനെതിരിലും ഉന്നയിക്കപ്പെടാവുന്നതാണ്. അവർക്ക് ദൈവഭയമുണ്ടെങ്കിൽ, ഈ ഗ്രന്ഥങ്ങളെ ആക്ഷേപിക്കുന്ന നേരത്ത് പ്രമാണം ഒഴികഴിവായി നിശ്ചയിക്കാമായിരുന്നു. അതാകട്ടെ മുസ്‌ലിംകളുടെ പക്കൽ അംഗീകരിക്കാൻ പറ്റാത്തതും സത്യശൂന്യവുമാണ്. അതുകൊണ്ട് നീതി പറയുന്നത്, യൂറോപ്പ് മുഴുവൻ മലക്കുകളുടെ സ്വഭാവക്കാരാകുമെങ്കിലും പാതിരിമാർ അതിൽപ്പെടുകയില്ല എന്നാണ്. യൂറോപ്പിലെ ക്രിസ്ത്യാനികൾ ഇസ്‌ലാമിനെ വെറുപ്പോടും നിന്ദാദൃഷ്ടിയോടും നോക്കിക്കാണാൻ കാരണം, പണ്ടുമുതലേ പാതിരിമാർ വാസ്തവവിരുദ്ധമായ കഥകൾ പറഞ്ഞ് അതിനെ നിന്ദിക്കാനുള്ള പാഠം അവർക്കു നല്കിവന്നു എന്നതാണ്. വിവരമില്ലാത്ത ചില മുസ്‌ലിംകളുടെ പെരുമാറ്റം നല്ലതല്ലെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അജ്ഞതയുടെ ശീലങ്ങൾ അവരിലുണ്ട്. ഏതു പോലെയെന്നാൽ, ചില അപരിഷ്കൃതരായ മുസ്‌ലിംകൾ അക്രമപരമായി രക്തമൊഴുക്കുന്നതിന്റെ പേര് ജിഹാദു എന്നു വെക്കുന്നു. പ്രജകൾ നീതിമാനായ രാജാവി

ന്നെതിരിൽ പോരാടുന്നതിന്റെ പേര് ജിഹാദ് എന്നല്ല. അത് രാജ്യദ്രോഹമാണെന്ന് അവർക്കറിയില്ല. ഉടമ്പടി ലംഘിക്കുക. നന്മയ്ക്കു പകരം തിന്മ ചെയ്യുക. നിരപരാധികളെ വധിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നവൻ അക്രമി എന്നാണ് പറയപ്പെടുക. ഇസ്‌ലാമിനുവേണ്ടി പോരാടുന്ന യോധാവ് എന്നല്ല.

"ദൈവഗ്രന്ഥം അക്രമപരമായി പോരാടുന്നവർക്ക് വാളു കൊണ്ടുള്ള ശിക്ഷയാണ് പറഞ്ഞിട്ടുള്ളത്. സമാധാനം സ്ഥാപിക്കുന്നവർക്കും പ്രജകളെ പരിരക്ഷിക്കുന്നവർക്കും ഓരോ ജനതയ്ക്കും സ്വാതന്ത്ര്യം നല്കുന്നവർക്കും ധിക്കാരത്തിന്റെ പാഠം അത് നല്കുന്നില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിന് ദുഷ്പേരുണ്ടാക്കുക എന്നത് വഞ്ചനയാണ്. അതുകൊണ്ട് മനിഷ്യനന്മയ്ക്കായി ഇന്ത്യയിലെ രാജ്ഞി മുൻകൈയെടുത്ത് മതങ്ങളുടെ യഥാർഥ അവസ്ഥകൾ പ്രചരിപ്പിക്കുന്നതിന് മത സമ്മേളനങ്ങൾ നടത്തുന്നത് വളരെ നല്ല കാര്യമായിരിക്കും."(തുഹ്ഫഃ ഖയ്സ്വരിയ്യഃ, റൂഹാനീ ഖസായിൻ വാള്യം 12, പേജ് 280, 281)

## എല്ലാവരോടും അനുകമ്പ കാണിക്കുക എന്നതു തന്നെയാണ് മനുഷ്യത്വം

"പ്രിയപ്പെട്ട നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ പ്രബോധിക്കാത്ത ഒരു മതം യഥാർഥത്തിൽ മതമല്ല. അതുപോലെ തന്നെ അനുകമ്പാമനോഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ മനുഷ്യൻ എന്ന പേരിന്നർഹനുമല്ല. അല്ലാഹു തന്റെ അനുഗ്രഹം ഒരു ജാതിക്കാർക്കും നല്കാതിരുന്നിട്ടില്ല. ആ സർവൈകദാതാവ് ആര്യാവർത്തത്തിലെ പുരാതനജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നല്കിയോ അതുപോലുള്ള ശക്തികളും ബോധങ്ങളുമെല്ലാം അവൻ അറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനക്കാർക്കും ജപ്പാൻകാർക്കും യൂറോപ്യർക്കും അമേരിക്കക്കാർക്കും നല്കിയിട്ടുണ്ട്. അല്ലാഹുവിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവരെല്ലാവർക്കും ഉപകരിക്കുന്നു. ആ സർവൈകനാഥന്റെ സൃഷ്ടികളായ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ദീപങ്ങൾ കണക്കെ അവർക്കു വെളിച്ചം നല്കുകയും അതോടൊപ്പം അവയ്ക്ക് അല്ലാഹു നിശ്ചയിച്ചിട്ടുള്ള മറ്റു കർമങ്ങൾ അവ നിർവഹിക്കുകയും ചെയ്യുന്നു. വായു, വെള്ളം ,തീ, മണ്ണ് എന്നീ ഭൂവസ്തുക്കളിൽനിന്ന് എല്ലാ ജാതികളും ഫലം അനുഭവിക്കുന്നു. അതുപോലെ തന്നെ ധാന്യങ്ങൾ ഫലമൂലാദികൾ തുടങ്ങിയ ഭൂമിയിലെ ഉല്പന്നങ്ങളേയും എല്ലാവരും തങ്ങളുടെ ഗുണത്തിന്നായി ഉപയോഗപ്പെടുത്തുന്നു. അല്ലാഹുവിന്റെ സർവവ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ

നമ്മെ ഉൽബോധിപ്പിക്കുന്നത്, നാമും മനുഷ്യർക്കു പൊതുവെ നന്മ ചെയ്യുകയും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്.

"സുഹൃത്തുക്കളേ! നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ അല്ലാഹുവിന്റെ ഈ സമ്പ്രദായങ്ങളെ ആദരിക്കാതെയും അവന്റെ പാവനങ്ങളായ ഗുണങ്ങൾക്കൊത്ത് തങ്ങളുടെ നടപടികളെ ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ, അവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെമേൽ മാത്രമല്ല അവരുടെ ഭാവിതലമുറകളുടെ മേലും വന്നുഭവിക്കുന്നതാണ്. അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെ തന്നിൽ പ്രതിഫലിപ്പിക്കുന്നതു മൂലമാണ് മനുഷ്യൻ നാശത്തെ അതിജീവിക്കുന്നത്. സർവസമാധാനത്തിന്റേയും ഉറവിടങ്ങളായ ദൈവഗുണങ്ങളനുസരിച്ച് ജീവിതചര്യകളെ ക്രമപ്പെടുത്തുന്നതിലാണ് മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ജീവിതം ആശ്രയിച്ചു നില്ക്കുന്നതും. " (പേഗാമെ സുൽഹ്, റൂഹാനീ ഖസായിൻ വാള്യം 23, പേജ് 439,440 )(1)

## പ്രവാചകനേയും ദൈവഗ്രന്ഥത്തേയും അവഹേളിക്കരുത്

അദ്ദേഹം വീണ്ടും പറയുന്നു:

"നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായിക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു: 'മനുഷ്യർ അവരുടെ ദുർവൃത്തികളിൽനിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിന് ഭയങ്കരമായിരിക്കുന്ന വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞുപോകുന്നതിനു മുമ്പേ മറ്റൊരു ഭയങ്കര നാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി, അഹോ! ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായ് ഭവിക്കും. അതുകൊണ്ട് അല്ലയോ നാട്ടു

(1)മൈത്രിസന്ദേശം (മലയാളം) മൂന്നാം പതിപ്പ് പേജ് 7,8. 2002 ഡിസംബർ)

കാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന് മുമ്പേ നിങ്ങൾ ജാഗരൂകരാകുവിൻ! ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ സന്ധി ചെയ്യട്ടെ. ഐക്യത്തിന് തടസ്സമായിത്തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.

"മതപരമായ അഭിപ്രായവൈപരീത്യങ്ങൾ മൂലം വിവിധ സമുദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദ ഭാവത്തിന് പ്രതിബന്ധമായിത്തീരുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാധ്യമാകുമെന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിനു ഞാനിവിടെ സമാധാനം പറഞ്ഞുകൊള്ളട്ടെ: 'യഥാർഥത്തിൽ മതപരമായ വൈപരീത്യം യുക്തിയേയും നീതിബോധത്തേയും അനുഭവജ്ഞാനത്തേയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേകബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത്, അവൻ യുക്തിയ്ക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിനു എതിരായതുമായ ഒന്നും കൈക്കൊള്ളാതിരിക്കേണ്ടതിനു തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ, ലഘുതരമായ അഭിപ്രായഭേദങ്ങളൊന്നും മൈത്രിയ്ക്കു തടസ്സമാകുകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്. പരസ്പരസൗഹാർദത്തിനും മൈത്രിക്കും പ്രതിബന്ധമായിത്തീരുന്നത്, ഒരു കൂട്ടർ മറ്റൊരുകൂട്ടരുടെ ഭക്ത്യാദരങ്ങൾക്കു പാത്രമായ പ്രവാചകനേയോ മഹാത്മാവിനേയോ അവരുടെ പവിത്രഗ്രന്ഥത്തേയോ അവഹേളിക്കുന്നതിനും അപലപിക്കുന്നതിനും പ്രേരിതരായിത്തീരുന്ന തരത്തിലുള്ള വിശ്വാസാഭിപ്രായ വൈപരീത്യം മാത്രമാകുന്നു." (പേഗാമെ സുൽഹ്, റൂഹാനീ ഖസായിൻ വാള്യം 23, പേജ് 444 ) (2)

"പ്രിയ സുഹൃത്തുക്കളേ! ഓരോ സമുദായവും അന്യസമുദായങ്ങളുടെ പ്രവാചകന്മാരെ നിന്ദിച്ചു പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് കാലാന്തരത്തിൽ ശരീരത്തിനു മാത്രമല്ല, ആത്മാവിനുകൂടി നാശം വരുത്തുന്നതും അങ്ങനെ മതപരവും ലൗകികവുമായ ജീവിതത്തെതന്നെ ഹനിച്ചുകളയുന്നതുമായ ഒരു ഭയങ്കര വിഷമാണെന്ന് ദീർഘകാലത്തെ അനുഭവങ്ങളും പലപ്പോഴായുള്ള പരീക്ഷണങ്ങളും നമ്മൾക്കു തെളിയിച്ചു തന്നിരിക്കുന്നു. ഏതൊരു രാജ്യനിവാസികൾ അന്യോന്യം മതാചാര്യന്മാരെ ആക്ഷേപിക്കുകയും അവരെ അവഹേളിച്ചു പറയുകയും ചെയ്തുകൊണ്ടിരിക്കുന്നുവോ അവർക്കു സമാധാനജീവിതം സാധ്യ

(2) മൈത്രിസന്ദേശം (മലയാളം) മൂന്നാം പതിപ്പ് പേജ് 14,15. 2002 ഡിസംബർ)

മാകുന്നതല്ല.ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ പ്രവാചകന്മാരേയും അല്ലെങ്കിൽ ഇരുകൂട്ടരും അന്യോന്യം പ്രവാചകന്മാരേയും ഋഷിമാരേയും അവതാരപുരുഷന്മാരേയും അധിക്ഷേപിക്കുകയും ദുഷിച്ചു പറയുകയും ചെയ്യുന്നുവെങ്കിൽ, ആ സമുദായങ്ങൾക്കു അന്യോന്യം ഒരിക്കലും യഥാർഥമായ ഐക്യവും മൈത്രിയുമുണ്ടായിത്തീരുകയില്ല. താൻ വിശ്വസിച്ചാദരിക്കുന്ന പ്രവാചകനേയോ മതാചാര്യനേയോ മറ്റൊരുവൻ നിന്ദിക്കുന്നതു കേൾക്കുമ്പോൾ ആർക്കാണ് രോഷമുണ്ടാകാത്തത്? പ്രത്യേകിച്ചും മുസ്‌ലിംകൾ പ്രവാചകർ തിരുമേനിയെ ദൈവമോ ദൈവപുത്രനോ ആയി വിചാരിക്കുന്നില്ലെങ്കിലും അവർ ആ പുണ്യാത്മാവിനെ ഭൂജാതരായ സകല മഹാത്മാക്കളെക്കാളും ശ്രേഷ്ഠനെന്ന് വിശ്വസിക്കുന്നതുകൊണ്ട്,ആ നബി(സ)തിരുമേനിയെ സംബന്ധിച്ച് സംസാരിക്കുന്നത് ബഹുമാനാദരങ്ങളോടു കൂടിയാകാത്തപക്ഷം ഒരു യഥാർഥമുസ്‌ലിമുമായി സ്നേഹബന്ധം നിലനിറുത്തുവാൻ ഒരു അമുസ്‌ലിമിനു ഒരിക്കലും സാധ്യമാകുന്നതല്ല.

“ഞങ്ങൾ ഇതരസമുദായങ്ങളുടെ പ്രവാചകന്മാരെ ഒരിക്കലും നിന്ദിക്കുന്നില്ല,മറിച്ചു ലോകത്ത് പല കാലഘട്ടങ്ങളിലായി വിവിധജാതികളുടെ ഇടയിൽ ആഗതരായിട്ടുള്ള സകല പ്രവാചകന്മാരേയും വിശ്വസിച്ചാദരിക്കുകയാണ് ചെയ്യുന്നത്. ആ മഹാത്മാക്കളിൽ കോടിക്കണക്കായ ജനങ്ങൾ വിശ്വസിക്കുകയും അവരുടെപേരിൽ ലോകത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തുള്ള ഒരു ജനവിഭാഗം സ്നേഹബഹുമാനങ്ങൾ അർപ്പിക്കുകയും ഈ അവസ്ഥ അനേക യുഗങ്ങളായി തുടർന്നുവരികയും ചെയ്തതുതന്നെ ആ മഹാത്മാക്കളുടെ സത്യത്തിലേക്ക് മതിയായ തെളിവാണ്. എന്തുകൊണ്ടെന്നാൽ, അവർ ദൈവനിയുക്തരായ സത്യപുരുഷന്മാരായിരുന്നില്ലെങ്കിൽ അവരുടെ പേരിൽ കോടിക്കണക്കായ ജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥായിയായ ഭക്തിവിശ്വാസങ്ങൾ കുടികൊണ്ടിരിക്കാൻ സംഗതിയാകുമായിരുന്നില്ല. ദൈവം നിയോഗിച്ചയക്കുന്ന മഹാത്മാക്കൾക്കുണ്ടാകുന്ന തരത്തിലുള്ള സ്വീകാര്യതയും ബഹുമാനവും അന്യർക്ക് സിദ്ധിക്കുന്നതിന് ആ ഭക്തവത്സലൻ ഒരിക്കലും ഇടവരുത്തുകയില്ല. ഒരു കള്ളവാദി സത്യപ്രവാചകന്മാരെപ്പോലെ അഭിനയിച്ച് അവരുടെ സ്ഥാനത്തെ കൈയേറുന്നതിന് ഭാവിക്കുന്ന പക്ഷം അവൻ താമസിയാതെ നാശമടയുന്നതാണ്.” (പേഗാമെ സുൽഹ്, റൂഹാ നീ ഖസായിൻ വാല്യം 23, പേജ് 452,453 )(3)

(3) മൈത്രിസന്ദേശം (മലയാളം) മൂന്നാം പതിപ്പ്പേജ് 24-26. 2002 ഡിസംബർ

## മൈത്രിയാണ് ഗുണപ്രദം

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: "പ്രിയപ്പെട്ടവരേ! സമാധാനത്തെപോലെ കാമ്യമായിട്ട് മറ്റൊന്നുമില്ല. വരുവിൻ! നമ്മൾ ഇരുകൂട്ടർക്കും ഈ ഉഭയസമ്മതം മുഖേന ഒന്നിക്കാം. ഒരു ജാതിയായിത്തീരാം. അന്യോന്യം പ്രവാചകന്മാരേയും മതഗ്രന്ഥങ്ങളേയും ആക്ഷേപിക്കമൂലം എത്രമാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായിത്തീർന്നിരിക്കുന്നതെന്നും രാജ്യത്തിന് എത്ര മാത്രം നഷ്ടമാണ് സഹിക്കേണ്ടി വന്നിരിക്കുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ. വരുവിൻ! ഇനി അന്യോന്യം മതബോധങ്ങളെ വകവെച്ചു കൊടുക്കുന്ന സഹിഷ്ണുതാശീലത്തിന്റെ അനുഗ്രഹഫലങ്ങളേയും ഒന്നു പരീക്ഷിച്ചു നോക്കുവിൻ! ഇതത്രെ പരസ്പരം സന്ധിക്കാനും മൈത്രിഭാവം പുലർത്താനുമുള്ള ഉത്തമമാർഗം. ഇതല്ലാതെ മറ്റേതെങ്കിലും മാർഗേണ മൈത്രി സ്ഥാപിക്കാമെന്ന് വിചാരിക്കുന്നത് ദുർഗന്ധമേറിയ ചലവും ദുഷ്ടും ഉള്ളിലടങ്ങിയ ഒരു പരുവിന്റെ ബാഹ്യമായ തിളക്കം കണ്ടു തൃപ്തിപ്പെടുന്നതിന് തുല്യമാകുന്നു." (പേഗാമെ സുൽഹ്, റൂഹാനീ ഖസായിൻ വാല്യം 23, പേജ് 456 )(4)

## മതത്തിന്റെ യഥാർഥ ഉദ്ദേശ്യം

മൈത്രി സന്ദേശം എന്ന ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തുടർന്ന് പറയുന്നു: "മതധർമം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞുനില്ക്കുകയും അവന്റെ അഭീഷ്ടത്തെ തേടിനടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്തു വന്ന സകല പ്രവാചകന്മാരും അതതുകാലത്തു മനുഷ്യരെ നന്നാക്കിത്തീർക്കുന്നതിന് എഴുന്നേല്പിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കല്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. ഇതു തന്നെയാണ് ഇസ്ലാം മതത്തിന്റെ രത്നച്ചുരുക്കം. എന്നാൽ, നമ്മുടെ വന്ദ്യവന്ദ്യനായ നബി(സ) തിരുമേനിയെ ദൈവഭയലേശമെന്യേ അന്യായമായനിലയിൽ നിന്ദിച്ചു പറയുകയും അധിക്ഷേപിക്കുകയും നബിതിരുമേനിയുടെ പേരിൽ അശുദ്ധമായ കുറ്റങ്ങളാരോപിക്കുകയും ചെയ്യുന്നവരുമായി ഞങ്ങൾ എങ്ങനെയാണ് മൈത്രിയുണ്ടാക്കേണ്ടത്? ഞാൻ സത്യമായും നിങ്ങളോടു പറയുന്നു, മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളു

(4)മൈത്രിസന്ദേശം (മലയാളം) മൂന്നാം പതിപ്പ് പേജ് 30. 2002 ഡിസംബർ

മായും ഞങ്ങൾക്ക് ഐക്യഭാവത്തിലും സൗഹാർദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതായാലും, ഞങ്ങളുടെ ജീവനെക്കാളും മാതാപിതാക്കളെക്കാളും ഏറ്റവുംപ്രിയപ്പെട്ട പരിശുദ്ധ നബിതിരുമേനിയുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായിട്ട് ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാദ്ധ്യമാണ്! അല്ലാഹു ഞങ്ങളെ ഇസ്‌ലാമിൽ തന്നെ മൃതിയടയുവാൻ അനുഗ്രഹിക്കുമാറാകട്ടെ! ഞങ്ങൾ മതവിശ്വാസത്തിന്നെതിരായി ഒന്നും ചെയ്യാൻ ഒരുക്കമല്ല................. ഇസ്‌ലാം ഒരു സമുദായത്തിന്റേയും മതനേതാക്കന്മാരെ ഒരിക്കലും അധിക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാത്ത പരിശുദ്ധ മതമാകുന്നു. വിശുദ്ധ ഖുർആൻ എല്ലാ ജാതിക്കാരുടേയും പ്രവാചകന്മാരെ അംഗികരിച്ചുകൊണ്ട് വിവിധ ജാതികളുടേയും സമുദായങ്ങളുടേയും ഇടയിൽ സമാധാനത്തിന്റേയും സൗഹാർദത്തിന്റേയും അടിസ്ഥാനമിട്ടു തന്നിരിക്കുന്ന ഒരു പവിത്ര ഗ്രന്ഥവുമാണ്. ലോകത്തിലെ മതഗ്രന്ഥങ്ങളിൽവച്ച് ഖുർആനു മാത്രമേ ഈ സൗഭാഗ്യം സിദ്ധിച്ചിട്ടുള്ളു. പൊതുവെ പ്രവാചകന്മാരെപ്പറ്റി ആ വിശുദ്ധഗ്രന്ഥം ഇപ്രകാരമാണ് പഠിപ്പിച്ചിരിക്കുന്നത്

لَا نُفَرِّقُ بَيْنَ اَحَدٍ مِّنْهُمْ ۖ وَنَحْنُ لَهٗ مُسْلِمُوْنَ

'അല്ലയോ വിശ്വാസികളേ! പറയുവിൻ, ഞങ്ങൾ ലോകത്തുണ്ടായ സകല പ്രവാചകന്മാരിലും വിശ്വസിക്കുന്നു; ചിലരെ വിശ്വസിക്കുകയും മറ്റു ചിലരെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന തരത്തിൽ അവരിൽ ആരെ സംബന്ധിച്ചും വ്യത്യാസം ഭാവിക്കുന്നില്ല.' (2:137, 3:85)

ഇങ്ങനെ സമാധാനം പുലർത്തുന്ന ഉപദേശത്തോടുകൂടിയ മറ്റു വല്ല ദൈവികഗ്രന്ഥവും ലോകത്തുണ്ടെങ്കിൽ അതിന്റെ പേര് പറയുവിൻ! സർവദാതാവായ ദൈവത്തിന്റെ കൃപാവിതരണം ഒരു ഗോത്രത്തിനും വർഗത്തിനും പ്രത്യേകമായുള്ളതാണെന്ന് വിശുദ്ധഖുർആൻ പറയുന്നില്ല. ഇസ്റായീൽ ഗോത്രത്തിലുണ്ടായ യഅ്ഖൂബ്, ഇസ്ഹാഖ്, മൂസാ, ദാവൂദ്, ഈസാ മുതലായ പ്രവാചകന്മാരെല്ലാവരേയും അത് അംഗീകരിച്ചു. പേർഷ്യയിലോ ഇന്ത്യയിലോ മറ്റേതെങ്കിലും രാജ്യത്തിലോ ഉണ്ടായ ഒരു പ്രവാചകനേയും വ്യാജവാദിയെന്നോ കപടക്കാരനെന്നോ അതു പറഞ്ഞില്ല. മറിച്ച് എല്ലാ രാജ്യത്തിലും സമുദായത്തിലും പ്രവാചകന്മാരുണ്ടായിട്ടുള്ളതായി സുവ്യക്തം പ്രസ്താവിച്ചുകൊണ്ട് സകല സമുദായങ്ങളുടേയും ഇടയിൽ സമാധാനവും സൗഹാർദവും പുലർത്തുന്നതിനുള്ള അസ്തിവാരത്തെ അതു ഉറപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, സമാധാനത്തിന്റെ സന്ദേശവാഹകനായ ആ പ്രവാചകർ

(സ) തിരുമേനിയെ ഇതര ജാതിക്കാർ അകാരണമായി ശകാരിക്കുകയും അധിക്ഷേപിക്കുകയും നിന്ദിച്ചു പറയുകയും ചെയ്യുന്നത് ഹാ! എത്ര മർമഭേദകമായിട്ടുള്ളതാണ്!!

അല്ലയോ പ്രിയ നാട്ടുകാരേ! ഞാൻ ഇത്രയും നിങ്ങളോടു പറഞ്ഞത് നിങ്ങളെ വേദനിപ്പിക്കുന്നതിനോ നിങ്ങളുടെ മനോവികാരങ്ങളെ ക്ഷതപ്പെടുത്തുന്നതിനോ ആയിട്ടല്ല; സദ്വിചാരത്തോടുകൂടി നിങ്ങളെ ഒരു സംഗതി ബോധ്യപ്പെടുത്തുന്നതിനായിട്ടാകുന്നു. അതായത് ഇതരസമുദായക്കാരുടെ പ്രവാചകന്മാരെ ശകാരിക്കുന്നതും അധിക്ഷേപിക്കുന്നതും ഒരു ശീലമാക്കുകയും ഈ ദുസമ്പ്രദായത്തെ തങ്ങളുടെ മതത്തിന്റെ ഭാഗമെന്നോണം കൈക്കൊള്ളുകയും ചെയ്തിരിക്കുന്ന ഏതൊരു സമുദായക്കാരും ഒരു തെളിവും കൂടാതെയുള്ള അവരുടെ ഈ അന്യായമായ കൈകാര്യം നിമിത്തം ദൈവദൃഷ്ടിയിൽ പാപികളായിത്തീരുന്നു. തന്നേയുമല്ല, അവർ സമുദായങ്ങൾക്കിടയിൽ വിരോധത്തിന്റേയും വിദ്വേഷത്തിന്റേയും ബീജാവാപം ചെയ്യുന്നുവെന്ന കുറ്റത്തിനുകൂടി പാത്രമായിത്തീരുന്നു. ഒരാൾ മറ്റൊരാളുടെ അച്ഛനെ ചീത്ത പറുയകയോ അമ്മയുടെ പേരിൽ അപവാദം പറയുകയോ ചെയ്യുന്നപക്ഷം ആയാൾ യഥാർഥത്തിൽ തന്റെ സ്വന്തം മാതാപിതാക്കന്മാരുടെ മാനത്തിനു ക്ഷതം വരുത്തുകയല്ലേ ചെയ്യുന്നതെന്ന് നിങ്ങൾ ഒന്ന് ആലോചിച്ച് പറയുവിൻ! ഏതൊരാളെ ഇപ്രകാരം ശകാരിക്കുകയും ചീത്തപറയുകയും ചെയ്തുവോ അയാൾ അതിനു പകരമായി മറ്റേയാൾക്കും അതേ ഭാഷയിലുള്ള ചീത്തവാക്കുകൾ കേൾപിക്കുകയാണെങ്കിൽ, ഈ ചീത്തകൾക്ക് യഥാർഥത്തിൽ കാരണഭൂതൻ ആദ്യം ചീത്തപറഞ്ഞവനാണെന്നല്ലേ നാം പറയുക? ഈ നിലക്ക് തന്റെ മാതാപിതാക്കന്മാരുടെ മാനത്തിന്റെ ശത്രുവും ആയാൾ തന്നെയായിരിക്കുമല്ലോ!"(പേഗാമെ സുൽഹ്, റൂഹാനീ ഖസായിൻ വാല്യം 23, പേജ് 458-460)(5)

## മാനസാന്തരപ്പെടുവിൻ, രക്ഷപ്പെടുവിൻ

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: "ഓർത്തുകൊള്ളുവിൻ! വളരെയധികം ഭൂകമ്പങ്ങളെ കുറിച്ച് അല്ലാഹു എനിക്കു അറിവ് നല്കിയിരിക്കുന്നു. അതുകൊണ്ട് അമേരിക്കയേയും യൂറോപ്പിനേയും ഭൂകമ്പങ്ങൾ കുലുക്കിക്കളഞ്ഞതുപോലെ ഏഷ്യയേയും കുലുക്കുമെന്ന് ഉറപ്പിച്ചുകൊള്ളുവിൻ. അവയിൽ ചിലത് പ്രളയദിനത്തിന് തുല്യമായിരിക്കും. രക്തപ്പുഴകൾ ഒഴുകു

(5)മൈത്രിസന്ദേശം (മലയാളം) മൂന്നാം പതിപ്പ് പേജ് 33-36. 2002 ഡിസംബർ)

മാറ് അനേകംപേർ മരണമടയും. ഈ മരണത്തിൽ നിന്ന് പക്ഷിമൃഗാദികൾകൂടി രക്ഷയിലായിരിക്കയില്ല. മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്ത വിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസമുണ്ടായിട്ടില്ലെന്ന് തോന്നുമാറ് അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കര രൂപത്തിലുള്ള മറ്റു പല നാശങ്ങളും സംഭവിക്കും.........ആ നാളുകൾ അടുത്തുവരുന്നു; അല്ല. അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ (ഖിയാമത്തിന്റെ)കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭീകരങ്ങളായ മറ്റു പല വിപത്തുകളും ഭൂമിയിൽ നിന്നും ആകാശത്തിൽനിന്നും വെളിപ്പെടും. ഇതുകളെല്ലാം സംഭവിക്കുന്നത് മനുഷ്യർ ദൈവത്തെ മറന്ന് ഭക്തിമാർഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകികത്തിൽതന്നെ ആപതിക്കുകയും ചെയ്തതിനാലത്രെ! ഞാൻ വന്നില്ലായിരുന്നെങ്കിൽ ഈ നാശങ്ങൾ അല്പം പിറകോട്ട് മാറ്റിവെക്കപ്പെടുമായിരുന്നു. എന്നാൽ, ഞാൻ വന്നതോടുകൂടി ആ ദൈവത്തിന്റെ മറഞ്ഞു കിടന്ന രഹസ്യപരിപാടികളെല്ലാം പ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു.

وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا

'ഒരു പ്രവാചകനെ എഴുന്നേല്പിച്ചല്ലാതെ നാം ഒരു ജനതയേയും ശിക്ഷിക്കുകയില്ല' എന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു.(17:16) ........ ഈ നാശങ്ങളിൽ നിന്ന് അതീതരായിരിക്കാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കൃത്രിമമാർഗങ്ങളിലും തന്ത്രങ്ങൾകൊണ്ടും സ്വയം രക്ഷപ്പെടാൻ നിങ്ങൾക്കു കഴിയുമോ? ഒരിക്കലുമില്ല! ആ നാളിൽ എല്ലാ മാനുഷികതന്ത്രങ്ങളും ആസൂത്രണങ്ങളും പരാജയപ്പെടുകതന്നെ ചെയ്യും. അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ശക്തമായ ഭൂകമ്പമുണ്ടായി, നിങ്ങളുടെ രാജ്യം അതിൽനിന്ന് രക്ഷപ്പെട്ടു എന്ന് നിങ്ങൾ ധരിക്കണ്ട. അതിനെക്കാൾ കൂടുതൽ നാശത്തിന്റെ മുഖം ഒരുപക്ഷേ നിങ്ങൾ കാണും. അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യാ! നീയും രക്ഷയിലല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ! ഒരു ക്രിത്രിമ ദൈവവും നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമായി ഭവിക്കുന്നതും ഞാൻ കാണുന്നു. ആ ഏകനായ ദൈവം കാലമായിട്ട് മൗനിയായിരുന്നു. അവന്റെ കൺമുമ്പിൽ വെറുക്കപ്പെട്ട പ്രവർത്തികൾ

ചെയ്യപ്പെട്ടു. അവൻ മൗനം പാലിച്ചു. എന്നാൽ, ഇനി അവൻ ഗാംഭീര്യത്തോടുകൂടി തന്റെ മുഖം കാണിക്കും. കേൾക്കാൻ ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ; ആ സമയം ദൂരത്തല്ല. അല്ലാഹുവിന്റെ അഭയത്തിൻകീഴിൽ എല്ലാവരേയും ഒരുമിച്ചു കൂട്ടാൻ ഞാൻ ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടതും നിർബന്ധമാണല്ലോ. ഞാൻ സത്യമായും നിങ്ങളോടു പറയുന്നു:'ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്തിൽ സംഭവിച്ചത് നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും. എന്നാൽ, അല്ലാഹു ക്രോധം വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന് പാത്രമായിത്തീരുന്നതിന് പശ്ചാത്തപിച്ച് മാനസാന്തരം വരുത്തുവിൻ."(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22, പേജ് 268,269)

## ഇസ്‌ലാമിന്റെ കളഞ്ഞുപോയ മഹത്ത്വം വീണ്ടെടുക്കാൻ വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ പ്രവേശിക്കേണ്ടത് നിർബന്ധമാകുന്നു

അതുകൊണ്ട് ഇന്ന് ദീനിന്റെ പുനരുജ്ജീവനത്തിനും ഇസ്‌ലാമിന്റെ കളഞ്ഞുപോയ പ്രൗഢിയും സൗന്ദര്യവും തിരിച്ചുകൊണ്ടുവരുന്നതിനും നബി(സ)യ്ക്കെതിരിലുള്ള ആക്രമണത്തെ പ്രതിരോധിക്കുന്നതിനും അല്ലാഹു തന്റെ ഏതൊരു യോദ്ധാവിനെയാണോ എഴുന്നേല്പിച്ചത് അദ്ദേഹത്തെ പിൻപറ്റിയും അദ്ദേഹം നല്കിയ തെളിവുകളും പ്രമാണങ്ങളും ഉപയോഗിച്ചും -അല്ലാഹു അദ്ദേഹത്തിന് നേരിട്ട് നൽകിയ- അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുംകൊണ്ട് ഇസ്‌ലാമിന്റേയും നബി തിരുമേനിയുടേയും പതാക പൂർണ ആവേശത്തോടും പ്രൗഢിയോടും കൂടി ലോകത്ത് പറപ്പിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്. അത് പറപ്പിച്ചുകൊണ്ടേപോകുന്നതാണ്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഇക്കാലത്തെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു: "ഇസ്‌ലാമിന്റെ മേൽ എത്ര കഠിനതരമായ ദിനസങ്ങളാണ് വന്ന് ഭവിച്ചിട്ടുള്ളത്. അല്ലാഹു അതുകൊണ്ടാണ് ഒരു ജമാഅത്ത് രൂപീകരിച്ചത്.കളഞ്ഞുപോയ പ്രൗഢിയെ അത് തിരിച്ചുകൊണ്ടുവരുന്നതാണ്. മുസ്‌ലിംകളേ! നിങ്ങൾ നിങ്ങളുടെ പിടിവാശി ഉപേക്ഷിക്കുക. ചിന്തിക്കുക. നബി(സ)യുടെ മേൽ നാനാഭാഗത്തു നിന്നും ആക്രമണമുണ്ടാകുന്ന ഇത്തരം സന്ദർഭത്തിലും അദ്ദേഹത്തിന്റെ അഭിമാനത്തെ സംരക്ഷിക്കുന്നതിനായി അല്ലാഹു ആവേശത്തോടെ വന്നില്ലെന്നാണോ? ആ ഉദ്ധരണി ഇപ്രകാരമാണ്.

"ഈ കാലം എത്ര അനുഗൃഹീതമാണ്. കോലാഹലങ്ങൾ നിറഞ്ഞ ഇക്കാലത്ത് അല്ലാഹു അവന്റെ അനുഗ്രഹംകൊണ്ടുമാത്രം നബി(സ)തിരുമേനിയുടെ മഹത്ത്വം പ്രകടിപ്പിക്കാൻ അനുഗൃഹീതമായ ഈ തീരുമാനമെടുത്തു. അതായത്, അദൃശ്യമായി ഇസ്‌ലാമിനെ സഹായിക്കാനുള്ള ഏർപ്പാടുണ്ടാക്കി. അവനൊരു ജമാഅത്ത് രൂപീകരിച്ചു. ഇസ്‌ലാമിനു വേണ്ടി വേദനയനുഭവിക്കുന്നവരോട് ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. ഇതിനെക്കാൾ വലിയൊരു ഭീഷണി നേരിട്ടകാലം ഇതിനു മുമ്പേ ഇസ്‌ലാമിനുണ്ടായിട്ടുണ്ടോ? നബിതിരുമേനിയേയും വിശുദ്ധഖുർആനേയും നിന്ദിക്കുകയും അപഹസിക്കുകയും ചെയ്ത ഒരവസരം ഇതിനുമുമ്പേ കടന്നുകഴിഞ്ഞിട്ടുണ്ടോ? മുസ്‌ലിംകളുടെ കാര്യമോർക്കുമ്പോൾ എനിക്ക് അതിയായ വിഷാദവും ദുഃഖവുമുണ്ടാകുന്നു. ചിലപ്പോൾ നിയന്ത്രണം കൈവിട്ടുപോകുന്നു. ഈ അനാദരവ് മനസ്സിലാക്കാനുള്ള ബോധം പോലും ഇവരിൽ അവശേഷിക്കുന്നില്ലേ? ഇത്തരം കോലാഹലങ്ങൾ നടക്കുമ്പോൾ ഇതിനെ തടയാനും ഇസ്‌ലാമിന്റെ ശത്രുക്കളുടെ വായടപ്പിച്ച് നബിതിരുമേനിയുടെ അഭിമാനവും അന്തസ്സും ലോകത്തുയർത്തിപ്പിടിക്കാനും ഒരു ജമാഅത്ത് രൂപീകരിക്കാൻപോലും അല്ലാഹു തയ്യാറായില്ലെന്നാണോ? അല്ലാഹുവും അവന്റെ മലക്കുകളും സ്വയം നബിതിരുമേനിയുടെമേൽ അനുഗ്രഹാശിസ്സുകൾ നേരുമ്പോൾ നബിതിരുമേനിയെ നിന്ദിക്കുന്ന ഇക്കാലത്ത് നമ്മൾ ആ സ്വലാത്ത് പ്രകടമാക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. അതിനുള്ള ഏർപ്പാടാണ് ഈ ജമാഅത്തിന്റെ രൂപത്തിൽ അല്ലാഹു ചെയ്തിട്ടുള്ളത്."(മൽഫൂദാത് വാള്യം 3 പേജ് 8,9. 2003 പതിപ്പ്)

ഇങ്ങനെ അഹ്മദിയ്യാ ജമാഅത്തിനു വലിയ ഉത്തരവാദിത്തമാണുള്ളത്. കാരണം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) നെ വിശ്വസിക്കുന്നു എന്നതാണ് അഹ്മദികളായ നമ്മുടെ വാദം. അതുകൊണ്ട് നബിതിരുമേനിക്കെതിരിൽ അപമര്യാദയുടെ പ്രളയം പ്രവഹിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ നബിയുടെമേൽ അനുഗ്രഹാശംസകൾ നേരുന്നുണ്ടാകും. എന്നല്ല, അനുഗ്രഹാശംസകൾ തീർച്ചയായും നേരുന്നുണ്ട്.നേർന്നുക്കൊണ്ടിരിക്കുന്നുമുണ്ട്.അപ്പോൾ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)നെ വിശ്വസിച്ച നമ്മളും നമ്മുടെ പ്രാർഥനകളെ സ്വലാത്തിന്റെ അച്ചിലിട്ട് വാർത്തെടുക്കേണ്ടതാണ്. സത്യസന്ധതയോടുകൂടി അന്തരീക്ഷത്തിൽ അധികമധികമായി സ്വലാത്ത് വിതറുക. അങ്ങനെ അതിന്റെ ഓരോ ഭാഗവും സ്വലാത്തിന്റെ പരിമളം പരത്തുന്നതായി തീരട്ടെ. നമ്മുടെ എല്ലാ പ്രാർഥനകളും ഈ

സ്വലാത്തിന്റെ മാധ്യസ്ഥത്താൽ അല്ലാഹുവിന്റെ ദർബാറിലെത്തി സ്വീകാര്യത്തിന്റെ നില പ്രാപിക്കുന്നതായി തീരട്ടെ. ഇതാണ് നബി(സ) തിരുമേനിയോടും കുടുംബത്തോടുമുള്ള സ്നേഹത്തിന്റേയും പ്രേമത്തിന്റേയും പ്രകടനം. അല്ലാഹു മുസ്ലിം സമുദായത്തിന് വിവേകം നല്കുമാറാകട്ടെ. ഇതെല്ലാം മനസ്സിലാക്കാനുള്ള കഴിവ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ ഈ സന്ദേശവാഹകനെ തിരിച്ചറിയുന്നവരായിത്തീരട്ടെ. ഐക്യത്തിന്റേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷത്തെ വീണ്ടും ലോകത്ത് സൃഷ്ടിച്ചുകൊണ്ട് നബിതിരുമേനിയുടെ സ്ഥാനത്തെ ഉയർത്തിക്കൊണ്ടിരിക്കുന്ന അവിടത്തെ ആത്മീയസുതന്റെ ജമാഅത്തിൽ അംഗങ്ങളാകാൻ അല്ലാഹു മുസ്ലിംകൾക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. നോക്കുക, ഇത് മുഹർറ മാസമാണ്. ഈ പരിശുദ്ധമാസത്തിൽ മുഹമ്മദ് നബിയുടെ ഉമ്മത്തിയായിക്കൊണ്ട് അതേ മണ്ണിൽ വീണ്ടും മുസ്ലിംകൾ മുസ്ലിംകളുടെ രക്തമൊഴുക്കുകയാണ്. അവർ പാഠം പഠിക്കുന്നില്ല. ഇപ്പോഴും ചോര ഒഴുക്കിക്കൊണ്ടേയിരിക്കുകയാണ്. അല്ലാഹു ഇവർക്ക് സദ്ബുദ്ധി നല്കുമാറാകട്ടെ. ഈ പ്രവർത്തനത്തിൽനിന്ന് പിന്തിരിയുന്നവരായി തീരട്ടെ.ദൈവഭയം ഹൃദയത്തിലുണ്ടാക്കിക്കൊണ്ട് ഇസ്ലാമിന്റെ യഥാർഥ പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരട്ടെ.

ഇവർ ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തതുകൊണ്ടാണ്.നബിതിരുമേനിയുടെ കല്പനയെ നിഷേധിക്കുന്നതുകൊണ്ടാണ്. ഇന്ന് ഓരോ അഹ്മദിക്കും വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്.നിങ്ങൾ ഇക്കാലത്തെ ഇമാമിനെ തിരിച്ചറിഞ്ഞവരാണ്. നബിതിരുമേനിയോടുള്ള സ്നേഹാവേശത്താൽ ഒരുപാട് സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. പ്രാർഥനകളിൽ മുഴുകുക. നിങ്ങൾക്കു വേണ്ടിയും മറ്റു മുസ്ലിംകൾക്കുവേണ്ടിയും അല്ലാഹു മുസ്ലിം സമുദായത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടിയും പ്രത്യേകം പ്രാർഥിക്കുക. നബിതിരുമേനിയോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നത് നാം നമ്മുടെ പ്രാർഥനകളിൽ  മുസ്ലിം സമുദായത്തിന് വേണ്ടി കൂടുതൽ സമയം മാറ്റിവെക്കുക എന്നതാണ്. അന്യരുടെ ഉദ്ദേശ്യങ്ങൾ ശരിയായതല്ല. ഏതെല്ലാം ഗൂഢതന്ത്രങ്ങളാണ് അവർക്കെതിരിൽ നടക്കാനിരിക്കുന്നത് അറിയില്ല. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

അല്ലാഹു നമ്മെ എപ്പോഴും നേരായ പാതയിലൂടെ നടത്തുമാറാകട്ടെ. നമ്മളും അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായിത്തീരട്ടെ. അവൻ നമുക്ക് ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാൻ ഭാഗ്യം നല്കിയതിന് അവനോട്

നന്ദി കാണിച്ചു കൊണ്ടിരിക്കുക. നമ്മുടെ കടമകൾ നല്ലവണ്ണം നിറവേറ്റാൻ ശ്രമിക്കുക. നമ്മൾ എപ്പോഴും അവന്റെ തൃപ്തിയുടെ മാർഗത്തിൽ നടക്കുന്നവരായിത്തീരട്ടെ. (ജുമുഅ ഖുത്ബ 24-02-2006 ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ)

# അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) 2012 സെപ്റ്റംബർ 21ന് ചെയ്ത ജുമുഅ ഖുത്ബയേയും അതിനോടനുബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തേയും സംബന്ധിച്ച് ആഗോള മാധ്യമങ്ങളുടെ അവലോകനം

بسم الله الرحمن الرحیم

പ്രസ്സ് ഡസ്ക് ലണ്ടൻ
2012 സപ്തംബർ 22

# മുസ്‌ലിംകളുടെ ആഗോള നേതാവ് ഇസ്‌ലാം വിരുദ്ധ സിനിമയെ അപലപിച്ചു

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറഞ്ഞു: 'മുസ്‌ലിംകളുടെ ദുഃഖവും രോഷവും പൂർണമായും ന്യായമാണ്. എന്നാൽ, അക്രമപ്രവർത്തനങ്ങൾ അപലപിക്കപ്പെടണം. ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ലോകം മുഴുവനുമുള്ള മുസ്‌ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയ സിനിമ Innocence of Muslim's നെതിരെ പ്രതിഷേധിക്കാനും മുഴുലോകത്തുമുള്ള മുസ്‌ലിംകൾ ഇതിനെതിരെ സമാധാനപരമായ നിലയിൽ സംഘടിക്കാനും ഉപദേശിച്ചു. എല്ലാ ജനങ്ങളുടേയും മതപരമായ വികാരങ്ങൾ സുരക്ഷിതമായി നിലനിറുത്താൻ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് പരിധികൾ നിർണയിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

സെപ്റ്റംബർ 21 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടനിൽ ചെയ്ത ജുമുഅ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു: ലോകം മുഴുവനുമുള്ള മുസ്‌ലിംകൾക്ക് ഈ സിനിമയും നബി(സ)തിരുമേനിയെ അപകീർത്തിപ്പെടത്താൻ ശ്രമിച്ചുകൊണ്ട് ഫ്രാൻസിൽ പ്രസിദ്ധീകരിച്ച കാർട്ടൂൺ പുനഃപ്രസിദ്ധീകരിക്കുമെന്ന ഒരു പ്രസിദ്ധ പത്രത്തിന്റെ തീരുമാനവും ഒരുപാട് വിഷമമാണ് ഏല്പിച്ചിട്ടുള്ളത്. മാധ്യമങ്ങളുടെ പ്രതിനിധികൾ അതായത് ബി.ബി.സി ന്യൂസ്. ബി.ബി.സി ന്യൂസ് നൈറ്റ്, സ്കായ് ന്യൂസ്, സ്കായ് അറബി, റയ്റ്റേഴ്സ്, പ്രസ്സ് അസോസിയേഷൻ തുടങ്ങി ധാരാളം മറ്റു പ്രതിനിധികളും ഈ അവസരത്തിൽ സന്നിഹിതരായിരുന്നു. ജുമുഅയ്ക്കുശേഷം അവർ ഖലീഫയുമായി കൂടിക്കാഴ്ചയും നടത്തി.

തന്റെ പ്രഭാഷണത്തിൽ ഖലീഫത്തുൽ മസീഹ് പറഞ്ഞു, 'ഇസ്‌ലാം വിരുദ്ധ സിനിമയ്ക്കും മറ്റു ആക്രമണങ്ങൾക്കും പിന്നിൽ ഇസ്‌ലാമിനോട് എന്നെന്നും നിലനിന്നുവരുന്ന ഭയമാണ്. എന്നല്ല, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അവരെ മോശമായ കാര്യങ്ങൾക്ക് പ്രേരിപ്പിക്കുന്നത് ഇസ്‌ലാമിനോടുള്ള അവരുടെ പിന്തിരിഞ്ഞോട്ടവും പരാജയവുമാണ്.

ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് സാഹിബ് വിവിധ മുസ്‌ലിം രാഷ്ട്രങ്ങളിൽ ഭീകരവാദികൾ നടത്തിയ അക്രമ പ്രവർത്തനങ്ങളെ ശക്തമായി അപലപിച്ചു. അദ്ദേഹം പറഞ്ഞു, അംബാസിഡർമാരേയും എമ്പസി ഉദ്യോഗസ്ഥരേയും മറ്റു നിരാപരാധികളേയും വധിക്കുന്നത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. പൊതുമുതലുകൾ നശിപ്പിക്കുന്നത് അങ്ങേയറ്റം തെറ്റാണ്. ഇസ്‌ലാമിനു ചീത്തപേരുണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് മാത്രമേ അതുകൊണ്ട് നേട്ടമുള്ളു. ചില ബാധ്യതകൾക്ക് ചിലതിന്റെ മേൽ മുൻഗണന നല്കേണ്ടതിനെസംബന്ധിച്ച് ഖലീഫത്തുൽ മസീഹ് പറഞ്ഞു: 'ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മുഴുലോകത്തിന്റേയും സമാധാനം നശിക്കാൻ പാടില്ല.' ആഗോള നേതാക്കന്മാരോടും പൊതുജനങ്ങളോടും അദ്ദേഹം പറഞ്ഞു, 'ഇത്തരം സിനിമ നിർമാതാക്കൾക്കും കാർട്ടൂൺ വരയ്ക്കുന്നവർക്കും എപ്പോഴും പിന്തുണ നല്കിക്കൊണ്ട് -അതാണെങ്കിൽ മറ്റുള്ളവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതും നിരപരാധികൾക്ക് വിഷമമുണ്ടാക്കുന്നതുമാണ് -ലോകത്ത് വിദ്വേഷം ആളിക്കത്തിക്കാൻ എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയാണോ എന്ന് നിങ്ങളും ചിന്തിക്കേണ്ടതാണ്.

പ്രകോപനപരമായ കാര്യങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് സകല മുസ്‌ലിംകളോടും സംഘടിതവും ഫലപ്രദവുമായ മറുപടി നല്കാൻ ഉപദേശിച്ചു. അദ്ദേഹം പറഞ്ഞു, 'മുസ്‌ലിം ഭരണകൂടങ്ങളും പാശ്ചാത്യരാജ്യത്ത് വസിക്കുന്ന മുസ്‌ലിംകളും ചേർന്നുകൊണ്ട് ഇസ്‌ലാമിന്റേയും ഹദ്‌റത്ത് മുഹമ്മദുനബി(സ)തിരുമേനിയുടേയും സമാധാനപൂർണ്ണമായ അധ്യാപനങ്ങൾ ലോകത്തിന്റെ മുമ്പിൽ പ്രചരിപ്പിക്കേണ്ടതാണ്. എപ്പോഴും എല്ലാ തലങ്ങളിലും ഇസ്‌ലാമിനേയും നബി(സ) തിരുമേനിയുടെ പരിശുദ്ധ സ്വഭാവങ്ങളേയും കാത്തുസൂക്ഷിക്കാൻ സമാധാനപപൂർണ്ണമായ നിലപാട് സ്വീകരിക്കേണ്ടതാണ്.' ഹുദൂർ പറഞ്ഞു, 'ഭീകരപ്രവർത്തനം ഇതിനു മറുപടിയല്ല. ഇതിനുള്ള മറുപടി ഞാൻ പറഞ്ഞു വന്നതു തന്നെയാണ്. അതായത് നമ്മുടെ കർമങ്ങൾ നന്നാക്കിത്തീർക്കുക. മനുഷ്യാത്മാക്കൾക്ക് മോക്ഷം നല്കുന്ന ആ നബിയുടെ മേൽ സ്വലാത്തു ചൊല്ലുക. ഭൗതികമായ പ്രവർത്തനങ്ങൾക്കു വേണ്ടി മുസ്‌ലിം രാഷ്ട്രങ്ങൾ സംഘടിക്കുകയും പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്ന മുസലിംകൾ തങ്ങളുടെ വോട്ടിന്റെ ശക്തി കാണിക്കുകയും വേണം.' ഹുദൂർ പറഞ്ഞു, കഴിഞ്ഞ കുറച്ചുകാലമായി ഇസ്‌ലാമിന്റെ മേലുള്ള ആക്രമണങ്ങളിൽ വർധനവുണ്ടായിട്ടുള്ളതായികാണുന്നു. ചില മുസ്‌ലീംകളുടെ അനുചിതമായ നടപടിയും അപലപനീയമാ

ണ്. അദ്ദേഹം പറഞ്ഞു, മിക്കപ്പോഴും മറ്റുള്ളവരാണ് കുഴപ്പമുണ്ടാക്കുന്നതിൽ മുമ്പന്മാരായിട്ടുള്ളതെന്ന കാര്യം മറക്കാൻ പാടില്ല.

ഇസ്‌ലാമിന്റെ തനിമയാർന്ന മുഖം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനത്തെ കുറിച്ച് അദ്ദേഹം പറഞ്ഞു, അഹ്മദി മുസ്‌ലിംകളായ ഞങ്ങൾ ജനങ്ങളെ സേവിക്കാൻ കിട്ടുന്ന ഒരു അവസരവും പാഴാക്കാറില്ല. അമേരിക്കയിൽ രക്തത്തിന് ആവശ്യം നേരിട്ടു. കഴിഞ്ഞ വർഷം ഞങ്ങൾ 12000 ബോട്ടിൽ രക്തമാണ് ദാനം ചെയ്തത്. ഇപ്പോൾ വീണ്ടും ഞങ്ങൾ രക്തം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഞാനവരോടു പറഞ്ഞു, അഹ്മദി മുസ്‌ലിംകളായ ഞങ്ങൾ ജീവിതം നല്കുന്നതിനു വേണ്ടിയാണ് ഞങ്ങളുടെ രക്തം കൊടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ, നിങ്ങൾ ദുഷ്കർമങ്ങൾ ചെയ്യുന്നവരുമായി ചേർന്ന് ഞങ്ങളുടെ ഹൃദയം കീറിമുറിക്കുന്നു. അവസാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ്, നബി(സ)തിരുമേനിയെ നിന്ദിക്കാനും അവഹേളിക്കാനുമുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെടുമെന്ന് വിവരിച്ചുകൊണ്ടു പറഞ്ഞു, ഇക്കാലത്തിന്റെ ഇമാം പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. 'എല്ലാ വിജയവും ആകാശത്തു നിന്നാണ് വരുന്നത്. ആകാശം ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഏതൊരു ദൈവദൂതനെ അധിക്ഷേപിക്കാനാണോ നിങ്ങൾ ശ്രമിക്കുന്നത് ആ ദൈവദൂതൻ ലോകത്ത് വിജയിക്കുകതന്നെ ചെയ്യും.'

ജുമുഅ നമസ്കാരത്തിനുശേഷം നടന്ന പത്രസമ്മേളനത്തിൽ ഹുദൂർ മാധ്യമപ്രവർത്തകരോടു പറഞ്ഞു, മുസ്‌ലിംകൾ ആദരണീയനായ ദൈവദൂതനെ തുല്യതയില്ലാതെ സ്നേഹിക്കുന്നവരാണ്. ഏതെങ്കിലും ഇഷ്ടപ്പെടുന്ന ആളെ അവഹേളിക്കുമ്പോൾ എല്ലാവർക്കും അത് വിഷമമുണ്ടാക്കും. ഇപ്രകാരം നബി(സ)തിരുമേനിയുടെമേൽ ഉണ്ടാകുന്ന ഓരോ ആക്രമണവും ഓരോ മുസ്‌ലിമിനേയും മുറിപ്പെടുത്തുന്നു.

ഇസ്‌ലാം വിരുദ്ധ സിനിമ പ്രദർശിപ്പിച്ചതിനെ തുടർന്നുണ്ടായ അക്രമങ്ങളെ സംബന്ധിച്ച് ഒരു ചോദ്യത്തിനു മറുപടിയായി ഹുദൂർ പറഞ്ഞു, അക്രമപരമായ പ്രതിഷേധങ്ങൾ ശരിയല്ല. അംബാസിഡറേയും എമ്പസി ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള നിരാപരാധികളേയും വധിക്കുന്നത് ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. അദ്ദേഹം പറഞ്ഞു, എല്ലാ പ്രതിഷേധ പ്രകടനങ്ങളും നിയമത്തിന്റെ വൃത്തത്തിനുള്ളിൽ നിന്നു കൊണ്ടും സമാധാനപരമായിട്ടുമായിരിക്കണം.

THE EXPRESS TRIBUNE

The Express Tribune
September 23,2012

## ഇസ്‌ലാം വിരുദ്ധ സിനിമ: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പറയുന്നു, ഇസ്‌ലാംവിരുദ്ധ സിനിമക്കെതിരെയുള്ള മുസ്‌ലീംകളുടെ ദുഃഖവും രോഷവും എല്ലാ വിധത്തിലും ശരിയാണ്

ജനങ്ങളുടെ മതപരമായ വികാരങ്ങൾ സംരക്ഷിക്കാൻ ആവിഷ്കാര സ്വാതന്ത്ര്യത്തിന് പരിധികൾ നിർണയിക്കേണ്ടതാണ്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഇമാം പറയുന്നു: ഇസ്‌ലാം വിരുദ്ധ സിനിമയെ സംബന്ധിച്ചുള്ള മുസ്‌ലിംകളുടെ ദുഃഖവും രോഷവും എല്ലാ രീതിയിലും അനുവദനീയമായിട്ടുള്ളതാണ്. പക്ഷേ അക്രമപരമായ പ്രതിഷേധങ്ങൾ അപലപനീയമാണ്.

മിർസാ മസ്റൂർ അഹ്മദ് (അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം) മാധ്യമപ്രവർത്തകരോട് സംസാരിച്ചുകൊണ്ട് പറഞ്ഞു, 'ലോകമുസ്‌ലിംകൾ ഒറ്റക്കെട്ടായി നിന്ന് ഈ സിനിമയ്ക്കെതിരെ സമാധാനപരമായി പ്രതിഷേധിക്കേണ്ടതാണ്. ഈ സിനിമ മുസ്‌ലിം ലോകത്തെ കഠിനമായി വേദനിപ്പിക്കുക യും ദുഃഖത്തിന്റേയും രോഷത്തിന്റേയും വികാരങ്ങളെ ഇളക്കിവിടുകയും ചെയ്തിരിക്കുകയാണ്. മിർസാ മസ്റൂർ അഹ്മദ് ജനങ്ങളുടെ മതവികാരങ്ങളെ സംരക്ഷിക്കുന്നതിനായി ആവിഷ്കാരസ്വാതന്ത്ര്യത്തിന് പരിധികൾ നിർണയിക്കണമെന്നും ശക്തമായി പറഞ്ഞു. പുറപ്പെടുവിച്ച വാർത്താവിജ്ഞാപനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ താഴെ കാണുന്ന ഉദ്ധരണിയും രേഖപ്പെടുത്തിയിരിക്കുന്നു:

"അതുകൊണ്ട് ഇസ്‌ലാമിന്റെ മുമ്പിൽ നിന്നുള്ള അവരുടെ പിന്തിരിഞ്ഞോട്ടവും പരാജയവുമാണിത്. അത് ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ അനാവശ്യം ചെയ്യാൻ അവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മുഴുലോകത്തിന്റേയും സമാധാനം അണയാൻ അനുവദിച്ചുകൂടാ. അദ്ദേഹം വിവിധരാജ്യങ്ങളിലുണ്ടായ അക്രമങ്ങളെ ശക്തമായി അപലപിച്ചു. ആ അക്രമങ്ങളുടെ ഫലമായി അംബാസിഡർ ഉൾപ്പെടെ ചില രാജ്യങ്ങളിലെ എമ്പസി ഉദ്യോഗസ്ഥരും നിരവധി നിരപരാധികളും വധിക്കപ്പെട്ടിരുന്നു. പൊതുമുതൽ നശിപ്പിക്കുക, കെട്ടിടങ്ങൾക്ക് തീവയ്ക്കുക, തുടങ്ങിയവയൊന്നും അനുവദനീയമല്ലാത്ത നടപടികളാണ്. ഇതിലൂടെ ഒരു കക്ഷിക്കും ഒരു നേട്ടവും ഉണ്ടാകുകയില്ല.

THE TIMES OF INDIA

*Times of India*
26 September, 2012

ടൈംസ് ഓഫ് ഇന്ത്യ അവരുടെ 2012 സെപ്റ്റംബർ 26-ലെ പത്രത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

## ഇസ്‌ലാം വിരുദ്ധ സിനിമ: അഹ്മദിയ്യാ ജമാഅത്ത് സമാധാന സമ്മേളനം സംഘടിപ്പിക്കും

അമൃതസർ: ഒരു ഭാഗത്ത് ലോകമുസ്‌ലിംകൾ തങ്ങളുടെ മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തിയ Innocence of Muslim's എന്ന വിവാദ പരമായ സിനിമക്കെതിരെ കടുത്ത അമർഷവും രോഷവും പ്രകടിപ്പി ച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഗുരു ദാസ്പൂർ ജില്ലയിലെ തങ്ങളുടെ കേന്ദ്രമായ ഖാദിയാനിൽ സെപ്റ്റം ബർ 30-ന് ഒരു സമാധാനസമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചി രിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇമാമിന്റെ നിർദേശമ നുസരിച്ചാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. അതിൽ അദ്ദേഹം ലോക മുസ്‌ലിംകളോട് ഈ സിനിമയ്ക്കെതിരെ സമാധാനപരമായി പ്രതിഷേ ധിക്കാൻ അഭ്യർഥിച്ചു. ഈ സിനിമയുടെ പരസ്യ പ്രദർശനത്തിന്റെ ഫല മായി ഉണ്ടായ അക്രമത്തിന്റെ അലകളോടും നിരപരാധികൾ വധിക്ക പ്പെട്ട സംഭവങ്ങളോടും വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് വിവിധ രാജ്യങ്ങളിൽ കാണപ്പെട്ട അക്രമപ്ര വർത്തനങ്ങളെ അപലപിച്ചു. അദ്ദേഹം പറഞ്ഞു, 'അംബാസിഡറേയും എമ്പസി ഉദ്യോഗസ്ഥരേയും നിരാപരാധിളേയും വധിച്ചത് ഇസ്‌ലാമി കാധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. പൊതുമുതലുകൾക്ക് നഷ്ടം വരുത്തുക കെട്ടിടങ്ങൾക്ക് തീ വെയ്ക്കുക തുടങ്ങിയ പ്രവർത്തികളും ശരിയായ നടപടിയല്ല. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ ആഗ്രഹിക്കു ന്നവർക്കു മാത്രമേ ഗുണം ചെയ്യുകയുള്ളു. വെറുപ്പിനെ ആളിക്കത്തിക്ക ത്തിക്കുകയാണോ വേണ്ടത് അതോ നമ്മൾ സംഘടിച്ചും ബുദ്ധിപര മായും പ്രതിഷേധിക്കുകയാണോ വേണ്ടത് എന്ന് ചിന്തിക്കേണ്ട ആവ ശ്യമുണ്ട്.

മുസ്‌ലിം ഭരണകൂടങ്ങളും പാശ്ചാത്യനാടുകളിൽ വസിക്കുന്ന മുസ് ലിംകളും ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനം സമാ

ധാനപരമായി ലോകത്ത് പ്രചരിപ്പിക്കാൻ സംഘടിച്ചു പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഇസ്‌ലാമിനും നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിനുമെതിരെ ആക്രമണം ഉണ്ടാകുന്ന സ്ഥലത്തും സന്ദർഭത്തിലും ഉടനെ അതിനെ പ്രതിരോധിക്കാനുള്ള സമാധാനപരമായ നിലപാട് സ്വീകരിക്കേണ്ടതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസ്സ് കമ്മിറ്റിയുടെ ഇൻചാർജ് സയ്യിദ് തുഫയ്ൽ അഹ്മദ് ശഹ്ബാസ്, രാഷ്ട്രീയനേതാക്കന്മാരേയും മതപ്രതിനിധികളേയും ഈ സമാധാന സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചിട്ടുണ്ടെന്ന് പറഞ്ഞു.

*Ottawa Citizen Newspaper*
September 30 2012

കാനഡയിലെ ഒരു പ്രസിദ്ധ ദിനപത്രമായ *Ottawa Citizen* സെപ്റ്റംബർ 30-ലെ പത്രത്തിലെഴുതുന്നു:

## ഒട്ടാവായിലെ മുസ്‌ലിം നേതാവ് ഇസ്‌ലാം വിരുദ്ധ സിനിമയ്ക്കെതിരെ നടന്ന കലഹങ്ങളെ അപലപിച്ചു.

ഒട്ടാവായിൽ താമസിക്കുന്ന ഒരു മുസ്‌ലിം കക്ഷിയുടെ നേതാവ് അങ്ങേയറ്റം വ്യർഥവും നിരർഥവും പ്രകോപനപരവുമായ സിനിമയെ തുടർന്നുണ്ടായ അക്രമപരമായ പ്രതിഷേധത്തെ അപലപിച്ചു. അതിൽ രക്തം ചിന്തപ്പെട്ടു. ലിബിയയിലെ Benghazi കൗൺസിൽ നിലയത്തിനുനേരെ നടന്ന ആക്രമണത്തിന്റെ ഫലമായി ഒരു അമേരിക്കൻ അംബാസിഡറും എമ്പസി ജീവനക്കാരായ മൂന്നുപേരും വധിക്കപ്പെട്ടിരുന്നു. Cumberland അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയകേന്ദ്രത്തിൽ ശനിയാഴ്ച വൈകുന്നേരം സംഘടിപ്പിച്ച യോഗത്തിൽ ഇമാം ഇംതിയാസ് അഹ്മദ് ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു," Innocence Of Muslim's എന്ന സിനിമയ്ക്കെതിരെ സമാധാനപരമായ നിലയിൽ പ്രതഷേധിക്കാമായിരുന്നു. ഇത് അമേരിക്കയിൽ നിർമിച്ച 14 മിനിറ്റ് ദൈർഘ്യമുള്ള ഒരു തരംതാണ സിനിമയാണ്. ഇന്റർനെറ്റിലും ഇത് റിലീസ് ചെയ്തിട്ടുണ്ട്.'

അദ്ദേഹം പറഞ്ഞു, 'സിനിമയുടെ നിർമാതാവ് ഈ സിനിമ നിർമിച്ച് നാണം കെട്ടതും വ്യർഥവും അനാവശ്യവുമായ പ്രവർത്തിയാണ് ചെയ്തിട്ടുള്ളത്. അത് ഇസ്‌ലാമിക ലോകത്ത് മുഴുവൻ അസ്വസ്ഥത പരത്തുകയുണ്ടായി. ഓരോ മുസ്‌ലിമും തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർ കൊടികൾ കത്തിച്ചും പൊതുമുതലുകൾ തകർത്തും എമ്പസികളുടെ മേൽ ആക്രമണം നടത്തിയും തങ്ങളുടെ അമർഷം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.'

അദ്ദേഹം പറഞ്ഞു:'പ്രതിഷേധക്കാർ മനസ്സിലാക്കുന്നത് പതാകകൾ കത്തിച്ചും പൊതുമുതൽ നശിപ്പിച്ചും എമ്പസികൾ അഗ്നിക്കിരയാക്കിയും അംബാസിഡറെ വധിച്ചും പകരം വീട്ടിയെന്നാണോ? ഇത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് കടകവിരുദ്ധമായ പ്രവർത്തിയാണ്. ഇത് യഥാർഥ ഇസ്‌ലാമല്ല.'അഹ്മദിയ്യ ജമാഅത്ത് ഒരു ന്യൂനപക്ഷ ഇസ്‌ലാം കക്ഷിയാണ്. അവർ ആഗോളതലത്തിൽ മതാന്തരീയ സംഭാഷണങ്ങളുടെ സംര

ക്ഷണത്തിനായി വാദിക്കുന്നവരാണ്. അഹ്മദ് പറയുന്നതുപ്രകാരം, Cumberland-ൽ സംഘടിപ്പിച്ച യോഗത്തിൽ 500 ആളുകൾ പങ്കെടുത്തിരുന്നു. 'ഇത് ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്' എന്ന് പറയുന്ന ചിലയാളുകളുടെ അക്രമപരമായ ഈ നിലപാടിനെ, ലോക മുസ്ലിം നേതാക്കന്മാരെപ്പോലെ അഹ്മദ് സാഹിബും ശക്തമായി വിമർശിച്ചു.

കഴിഞ്ഞയാഴ്ച ലണ്ടനിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ് എല്ലാ മുസ്ലിംകളോടും ഈ സിനിമയ്ക്കെതിരെ സമാധാനപരമായി സംഘടിച്ച് പ്രതിഷേധിക്കാൻ പറയുകയും അക്രമങ്ങളെ ശക്തമായി അപലപിക്കുകയും ചെയ്തിരുന്നു.

അഹ്മദ് സാഹിബ് പറഞ്ഞു, ' ആവിഷ്കാര സാതന്ത്ര്യത്തിന്റെയും പേരിൽ ഒരു മതത്തിലേയും പരിശുദ്ധാത്മക്കളെ സംബന്ധിച്ച് ഒരു തരത്തിലുള്ള അനാവശ്യവും പറയാൻ പാടില്ല. ഈ സിനിമയ്ക്കെതിരെ സമാധാനപരമായി സംഘടിക്കാൻ കഴിഞ്ഞയാഴ്ച ലണ്ടനിൽ അഹ്മദിയ്യ ജമാഅത്തിന്റെ ആഗോള നേതാവ് എല്ലാ മുസ്ലീംകളോടും ആഹ്വാനം ചെയ്തിരുന്നു. അദ്ദേഹം അക്രമങ്ങളെ അപലപിക്കുകയും ചെയ്തു. മതപരമായ വിശ്വാസങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന് പരിധികൾ നിർണയിക്കണമെന്നും അദ്ദേഹം നിർദേശിച്ചിരുന്നു. "ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ലോകസമാധാനം തകർക്കാൻ അനുവദിച്ചു കൂട."

'പാക്കിസ്ഥാനിലെ കുടുംബാംഗങ്ങളെകുറിച്ച് താൻ ആശങ്കയിലാണെന്ന് ഒട്ടാവ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയായുടെ ഖാഇദ് ഉവയ്സ് മഹ്മൂദ് പറഞ്ഞു. ഇവിടെത്തെ എ. എഫ്. പിയുടെ വാർത്തയനുസരിച്ച് ഈ സിനിമയുടെ ഫലമായുണ്ടായ പ്രക്ഷോഭത്തിൽ 21 ആളുകൾ കൊല്ലപ്പെടുകയും 200 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മഹ്മൂദ് സാഹിബ് പറഞ്ഞു, 'കൂറു പുലർത്തുക എന്നാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. നബി (സ) തിരുമേനി പറഞ്ഞു, ദേശസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. ജനങ്ങൾ സ്വന്തം സ്വത്തുക്കളാണ് പാക്കിസ്ഥാനിൽ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ അയൽവാസികൾക്കും നഷ്ടമുണ്ടാക്കുന്നു. സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനുള്ള ശരിയായ രീതിയല്ല ഇത്. മഹിളസംഘടനയുടെ നേതാവ് യാസീൻ മലിക് സാഹിബ സമാധാനപരമായ പദ്ധതി വിശദീകരിച്ചുകൊണ്ട് പറഞ്ഞു, 'പ്രക്ഷോഭം ഉണ്ടാക്കുന്നതിനും കൊള്ളിവയ്പ് നടത്തുന്നതിനും പകരം നമുക്ക് തൂലികയിലൂടെ നമ്മുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയാണ് വേണ്ടത്.'

Wandsworth Guardian UK
24th September 2012

## ഒരു മുസ്‌ലിം നേതാവ് സിനിമയ്‌ക്കെതിരെ ഉണ്ടാകുന്ന നശീകരണാത്മക പ്രതിഷേധങ്ങളെ അപലപിച്ചു

ഒരു മതസംഘടനയുടെ ആത്മീയനേതാവ് ജുമുഅ ദിവസം പതിനായിരക്കണക്കിന് ജനങ്ങളുടെ മുമ്പിൽ-അവർ പള്ളിയിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ വന്നതായിരുന്നു- ഒരു ഇസ്‌ലാമികവിരുദ്ധ സിനിമയ്‌ക്കെതിരെ ലോകം മുഴുവൻ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമപരമായ പ്രതിഷേധങ്ങളെ ശക്തമായി അപലപിക്കുകയുണ്ടായി.

അഹ്‌മദിയ്യ ജമാഅത്തിലെ അംഗങ്ങൾ മോർഡനിലെ മസ്ജിദ് ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ)ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദിന്റെ പ്രഭാഷണം കേൾക്കാനാണ് സംഘടിച്ചത്. പ്രഭാഷണം ഒരു മണിക്കൂർ നീണ്ടുനിന്നു. മുഴുലോകത്തും തൽസമയസംപ്രേഷണം ചെയ്യപ്പെട്ട തന്റെ പ്രസംഗത്തിൽ അദ്ദേഹം പ്രതിഷേധക്കാരുടെ നടപടിയിൽ വേദന പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു, സമാധാനപരമായിട്ടാണ് സിനിമയ്‌ക്കെതിരെ പ്രതിഷേധിക്കേണ്ടത്.

അമേരിക്കയിൽ നിർമിക്കപ്പെട്ട തരംതാണ നിലയിലുള്ള, 'ഇന്നോസൻസ് ഓഫ് മുസ്‌ലിംസ്' എന്ന സിനിമ 14 മിനിറ്റ് ദൈർഘ്യമുള്ളതാണ്. ഇതിന്റെ പരസ്യമാണ് ഈ മാസം മധ്യപൂർവദേശത്തും വടക്കൻ ആഫ്രിക്കയിലും ഏഷ്യയിലും ആസ്‌ട്രേലിയായിലും നാശകരമായ കലാപമുണ്ടാക്കിയത്. ഈ സിനിമയുടെ പല ഭാഗങ്ങളും യൂട്യൂബിലും ഇട്ടിരുന്നു. ഇതിൽ ഒരു കഥാപാത്രം മുഹമ്മദു നബി(സ)യായിട്ട് അഭിനയിക്കുന്നുണ്ട്. മുഹമ്മദുനബിയായിട്ട് ആരെങ്കിലും അഭിനയിക്കുക എന്നത് ഇസ്‌ലാമികലോകം നിഷിദ്ധമായിട്ടാണ് കാണുന്നത്. ഇക്കാര്യം മുസ്‌ലിംകളുടെ രോഷത്തെ ആളിക്കത്തിക്കാനിടയായി. ഈ സിനിമയിൽ മുഹമ്മദു നബി പല സ്ത്രീകളോടുമൊത്ത് വ്യഭിചരിക്കുന്നതായും സ്വവർഗരതിയ്ക്ക് അനുവാദം കൊടുക്കുന്ന ആളുമായി ചിത്രീകരിച്ചിരിക്കുന്നു.

ഖുത്ബയ്ക്കുശേഷം ഹുദൂർ പറഞ്ഞു,'നബി(സ)തിരുമേനിയെ അല്പം പോലും അപമാനിക്കുന്നത് ഞങ്ങൾക്ക് അസഹ്യമാണ്. ആരെങ്കിലും നിങ്ങളുടെ മുന്നിൽവച്ച് നിങ്ങളുടെ പിതാവിനെ നിന്ദിച്ചു പറഞ്ഞാൽ അതിന്റെ പേര് അഭിപ്രായ സ്വാതന്ത്ര്യമെന്ന് നിങ്ങൾ പറയുമോ? തീർച്ച

യായും നിങ്ങൾ അതിനെതിരെ ശക്തമായി പ്രതികരിക്കും. മറ്റു മത ങ്ങളെ നിന്ദിക്കുന്നത് നിയമവിരുദ്ധമായി നിശ്ചയിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.'

അദ്ദേഹം പറഞ്ഞു,'അക്രമപരമായി പ്രതിഷേധിക്കുന്നവർ തീർച്ചയാ യും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവ രല്ല. ഇതെല്ലാം നേതൃത്വം ഇല്ലാത്തതിന്റെ ഫലമാണ്.'

അദ്ദേഹം പറഞ്ഞു, 'മുസ്‌ലിംകളുടെ പ്രതിഷേധരീതി ശരിയല്ല,'

അമേരിക്കയിൽ നിർമിക്കപ്പെട്ട സിനിമ മുസ്‌ലിംലോകത്തെ മുഴുവൻ അക്രമത്തിന് പ്രേരിപ്പിച്ചു. പാക്കിസ്ഥാനിൽ സെപ്റ്റംബർ 21-ന് ഉണ്ടായ അക്രമങ്ങളിൽ 21 പേർ വധിക്കപ്പെട്ടു.

ശനിയാഴ്ച പാക്കിസ്ഥാൻ സർക്കാറിന്റെ പ്രതിനിധി പത്രസമ്മേളന ത്തിൽ പറഞ്ഞത്, അമേരിക്കയിൽ നിർമിക്കപ്പെട്ട ഇസ്‌ലാം വിരുദ്ധ സിനി മയുടെ പ്രൊഡ്യൂസറെ കൊല്ലുന്നവർക്ക് ഒരു ലക്ഷം ഡോളർ സമ്മാനം നല്കുമെന്നാണ്. ഇതിനും പുറമെ അദ്ദേഹം ഭീകരവാദസംഘടനകളായ ഉദാഹരണത്തിന് അൽഖായിദയോടും ത്വാലിബാനോടും ഒളിവിൽ കഴി യുന്ന ഈ സിനിമ നിർമാതാക്കളെ പിടിക്കാൻ സഹായിക്കണമെന്നും അഭ്യർഥിച്ചു.

സ്വദ്ർ ലജ്‌ന ഇമായില്ലാഹ് നാസ്വിറ റഹ്മാൻ പറഞ്ഞു, 'അഹ്മദിയ്യാ ജമാഅത്തിന് അഗാധമായ ദുഃഖമാണുണ്ടായിട്ടുള്ളത്. നബി(സ)തിരു മേനിയുടെ പരിപവിത്രമായ ജീവിതത്തെ കളങ്കപ്പെടുത്താനുള്ള ശ്രമം ഹൃദയഭേദകമാണ്. ഞങ്ങളുടെ കണ്ണുകൾ രക്തത്തിന്റെ കണ്ണീരാണ് ഒഴു ക്കുന്നത്.' പ്രതിഷേധക്കാരെക്കുറിച്ച് അവർ പറഞ്ഞു, 'ഇത്തരം ദ്രോഹ പ്രവർത്തികൾ ചെയ്യുന്നവരെ സ്വന്തമായി ശിക്ഷിക്കുക എന്നത് മുസ് ലിംകളുടെ പ്രവർത്തിയല്ല. ഈ പ്രശ്നപരിഹാരത്തിന് അല്ലാഹുവിനോട് പ്രാർഥിക്കേണ്ടതാണ്. നിയമം കൈയിലെടുക്കരുത്.'

അഹ്മദീ മുർതളാ ഓഫ് പട്നി പറഞ്ഞു, 'ഇത്തരം പ്രവർത്തികൾ ക്കുള്ള മറുപടി പൂർണസമാധാനത്തോടും പ്രമാണത്തോടുംകൂടി സംവാ ദരൂപത്തിൽ നല്കേണ്ടതാണ്.' അദ്ദേഹം പറഞ്ഞു, 'ഹദ്റത്ത് മുഹമ്മദു നബി(സ)തിരുമേനിയെ എല്ലാ മുസ്‌ലിംകളും സ്നേഹിക്കുന്നു. നബി (സ) തിരുമേനിയുടെ വ്യക്തിത്വത്തെ മറ്റുള്ളവരോടുള്ളതിനെക്കാൾ കൂടു തൽ സ്നേഹിക്കണമെന്ന് ഞങ്ങളെ ചെറുപ്പം മുതൽ പഠിപ്പിച്ചു വരുന്ന താണ്. അതുകൊണ്ട് മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാൻ പാടി ല്ല. മറ്റുള്ളവരുടെ വികാരാതിർത്തിയിൽ ആവിഷ്‌കാരസ്വാതന്ത്ര്യത്തിന്റെ എല്ലാ പ്രവർത്തന പരിധിയും അവസാനിക്കുന്നു.'

അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ പാക്കിസ്ഥാൻ പോലുള്ള ഭീകര ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ അക്രമങ്ങൾക്കും ദ്രോങ്ങൾക്കും ഇരയാവുകയാണ്. കാരണം അവർ അവരുടെ ആത്മീയനേതാവിനെ (വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനിയെ) ഇസ്‌ലാമിൽ വെളിപ്പെട്ട ഒരു നബിയായി വിശ്വസിക്കുന്നവരാണ്. എന്നാൽ, മുസ്‌ലിംകൾ ഭൂരിഭാഗവും മുഹമ്മദുനബി(സ)യെ അവസാനത്തെ പ്രവാചകനായി കരുതുന്നു. 2010 ൽ ഇതേ പത്രം തെക്കൻ ലണ്ടനിലെ മതമൗലികവാദികളായ മുസ്‌ലിംകൾ അഹ്മദിയ്യാ കക്ഷിയിലെ ആളുകളെ പരസ്യമായിട്ട് അപകീർത്തിപ്പെടുത്തുന്നതും അവരോടു വിവേചനപരമായി പെരുമാറുന്നതും Tooting-ൽ ഇവരുടെ ഉപജീവനമാർഗങ്ങളേയും രാഷ്ട്രീയ സ്ഥാനങ്ങളേയും ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്നതും വെളിച്ചത്തുകൊണ്ടുവന്നിരുന്നു.

ഇതേ വർഷം ലാഹോറിൽ ഭീകരവാദികൾ 93 അഹ്മദികളെ വധിക്കുകയുണ്ടായി. അവർ ഒരു മസ്ജിദിൽ ആരാധന നടത്തുകയായിരുന്നു. ആ വധിക്കപ്പെട്ടവരിൽ Sispara Gardens, Southfields ലെ താമസക്കാരനായ മുഹമ്മദ് അശ്റഫ് ബിലാലും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ കച്ചവടസംബന്ധമായി പാക്കിസ്ഥാനിൽ പോയപ്പോഴാണ് വധിക്കപ്പെട്ടത്.

*News Track India*
Mon, 24 September 2012

**ANI**

# ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ലോകസമാധാനം തകർക്കാൻ അനുവദിച്ചുകൂട

## അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ്

അഹ്മദിയ്യാ ജമാഅത്ത് പാക്കിസ്ഥാന്റെ ആഗോള നേതാവ് പറഞ്ഞു, ഇസ്‌ലാം വിരുദ്ധ സിനിമയെ സംബന്ധിച്ചുള്ള മുസ്‌ലിംകൾ പ്രകടിപ്പിക്കുന്ന ദുഃഖവും അമർഷവും എല്ലാ തരത്തിലും അനുവദനീയമായിട്ടുള്ളതാണ്

ഇസ്‌ലാമാബാദ്: 2012 സെ.24. എ. എൻ. എ. അഹ്മദിയ്യാ ജമാഅത്ത് പാക്കിസ്ഥാന്റെ ആഗോള നേതാവ് പറഞ്ഞു: 'ഇസ്‌ലാം വിരുദ്ധ സിനിമയെ സംബന്ധിച്ച് മുസ്‌ലിംകൾ പ്രകടിപ്പിക്കുന്ന ദുഃഖവും അമർഷവും എല്ലാ തരത്തിലും അനുവദനീയമായിട്ടുള്ളതാണ്. എന്നാൽ, അദ്ദേഹം അക്രമപരമായ നടപടികളെ അപലപിച്ചു. The Express Tribune ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ വിവരണത്തിൽനിന്നുള്ള ഉദ്ധരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടെഴുതുന്നു: 'ഇസ്‌ലാമിന്റെ മുമ്പിൽ അവരുടെ (അമുസ്‌ലിംകളുടെ) പരാജയവും തോറ്റോടലുമാണിത്. ഇത് അവരെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ വങ്കത്തരത്തിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറഞ്ഞു, 'മുസ്‌ലിം ലോകത്ത് കടുത്ത ദുഃഖത്തിന്റേയും വിഷമത്തിന്റേയും അമർഷത്തിന്റേയും വികാരങ്ങളെ ഇളക്കിവിട്ട ഇസ്‌ലാം വിരുദ്ധ സിനിമക്കെതിരെ ലോകത്തുള്ള എല്ലാ മുസ്‌ലിംകളും ഐക്ക്യപ്പെട്ടുകൊണ്ട് സമാധാനപരമായി പ്രതികരിക്കേണ്ടതാണ്.'

ജനങ്ങളുടെ മതവികാരങ്ങളെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് പരിധികൾ നിശ്ചയിക്കണമെന്നും ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ആവശ്യപ്പെട്ടു. വിവിധ രാജ്യങ്ങളിൽ കാണപ്പെട്ട അക്രമപ്രവർത്തനങ്ങളെ അദ്ദേഹം ശക്തമായി അപലപിച്ചു. അക്രമത്തിന്റെ ഫലമായി ചില രാജ്യങ്ങളിൽ അംബാസിഡറും

എമ്പസിയിലെ ഉദ്യോഗസ്ഥരുമുൾപ്പെടെ നിരപരാധികൾ വധിക്കപ്പെട്ടിരുന്നു. (എ.എൻ.ഐ)

അമേരിക്കക്കാരനായ ഒരു ഇസ്‌റായീലി ലേഖകൻ നിർമിച്ച സിനിമയിൽ അല്ലാഹുവിന്റെ ദൂതനായ മുഹമ്മദിനെ(സ) -നമ്മൾ അല്ലാഹുവിൽ ശരണം പ്രാപിക്കുന്നു- വഞ്ചകനും കുട്ടികളോടു ലൈംഗികക്രൂരത കാട്ടുന്നവനും സ്ത്രീലമ്പടനുമായി ചിത്രീകരിച്ചിരുന്നു. അതു ഇസ്‌ലാമിക ലോകത്ത് വമ്പിച്ച കോലാഹലമാണ് സൃഷ്ടിച്ചത്. ഇതിന്റെ ഫലമായി അമേരിക്കക്കെതിരെ ആഗോളവ്യാപകമായി പ്രക്ഷോഭങ്ങളുണ്ടായി.

*Metro News Ottawa, Canada*
By Graham Lanktree
September 28, 2012

# മുസ്‌ലിം പരമോന്നത നേതാവിന്റെ സമാധാനത്തിനുവേണ്ടിയുള്ള അഭ്യർഥന

*പ്രകോപനപരമായ സിനിമ, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പരിധികൾക്കപ്പുറത്താണ്*

ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അല്ലാഹു അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തി പകരുമാറാകട്ടെ) 2012 സെപ്റ്റംബർ 21 ന് ഇസ്‌ലാം വിരുദ്ധ സിനിമ Innocence of Muslim's നെതിരെ സമാധാനപരമായ നിലയിൽ സംഘടിക്കാൻ എല്ലാ മുസ്‌ലിംകളോടും അഭ്യർഥിച്ചിരിക്കുന്നു. മുസ്‌ലിംകളുടെ മതത്തെ കഠിനമായി അധിക്ഷേപിച്ചുകൊണ്ട് നിരുത്തരവാദപരമായ നിലയിൽ നിർമിക്കപ്പെട്ട സിനിമക്കെതിരെ ആഴ്ചകളായി നടന്നു വരുന്ന പ്രതിഷേധപ്രകടനങ്ങൾക്കുശേഷം Ottawa യിലെ ഒരു മുസ്‌ലിം ജമാഅത്ത് ശനിയാഴ്ച നടത്തുന്ന യോഗത്തിൽ പ്രക്ഷോഭങ്ങൾ അവസാനിപ്പിക്കാനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പരിധികൾ നിശ്ചയിക്കാനും ആവശ്യപ്പെടുന്നതാണ്.

ഒരു മുസ്‌ലിം മിഷണറിയും ജമാഅത്തിന്റെ ഔദ്യോഗിക ഭാരവാഹിയുമായ ഇംതിയാസ് അഹ്മദ് പറഞ്ഞു, 'പതാക കത്തിക്കുക, പൊതുമുതൽ നശിപ്പിക്കുക, അമ്പാസിഡർ അടക്കമുള്ള നിഷ്ക്കളങ്കരായ ആളുകളെ വധിക്കുക തുടങ്ങിയവയെല്ലാം ഇസ്‌ലാമിക വിരുദ്ധമാണ്. തീർച്ചയായും ആവിഷ്ക്കാരസ്വാതന്ത്ര്യത്തേയും മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുന്നതിനേയും തമ്മിൽ വേർപെടുത്തുന്ന അതിസൂക്ഷ്മമായൊരു അതിർവരമ്പുണ്ട്. നമ്മുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഫലമായി മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടുന്നുവെങ്കിൽ നാം അതിന് ഒരു അതിരു നിശ്ചയിക്കേണ്ടതാണ്.'

ഇംതിയാസ് അഹ്മദ് പറഞ്ഞതനുസരിച്ച് ഈ തീവ്രവാദപരമായ നടപടിക്കെതിരെ ശബ്ദിക്കാൻ Ottawa യിൽ നിലകൊള്ളുന്ന അഹ്മദിയ്യാ

ജമാഅത്തിന്റെ-അവർ പാക്കിസ്ഥാനിൽ വിവേചനപരമായ പെരുമാറ്റങ്ങൾക്ക് ഇരയുമാണ്-400 പ്രതിനിധികൾ സംഘടിക്കുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു, ഇത്തരം നടപടിക്കെതിരെ പ്രതികരിക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗം നമ്മൾ പ്രാർഥനയിലൂടെ അല്ലാഹുവിനോട് സഹായം തേടുക എന്നതാണ്. ഇസ്‌ലാമിക ജീവിതം കാഴ്ചവയ്ക്കുക എന്നതാണ്. തീവ്രവാദം ഒരു പ്രശ്നത്തിനും പരിഹാരമല്ല. ഇപ്രകാരംതന്നെ ഞങ്ങൾ അമേരിക്കയിൽ നിർമിക്കപ്പെട്ട ഇസ്‌ലാംവിരുദ്ധ സിനിമയേയും ഫ്രാൻസിൽ പ്രസിദ്ധീകരിച്ച കാർട്ടൂണുകളേയും ശക്തമായി അപലപിക്കുന്നു.

അഹ്മദിയ്യ ജമാഅത്തിന്റെ പരമോന്നത ആത്മീയ നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് 21-09-2012 ന് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് പരിധികൾ നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടു. എല്ലാ മതങ്ങളുടേയും മതവികാരങ്ങളെ കാത്തുസൂക്ഷിക്കാൻ അത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇംതിയാസ് അഹ്മദ് പറഞ്ഞു, 'ഞങ്ങൾ കാനഡ സർക്കാറിന് നന്ദി പറയുകയാണ്. അവർ ഞങ്ങൾക്ക് ഞങ്ങളുടെ മതമനുസരിച്ച് പ്രവർത്തിക്കാൻ പൂർണ സ്വാതന്ത്ര്യം നല്കിയിരിക്കുകയാണ്. വാസ്തവത്തിൽ ഞങ്ങൾക്ക് ഞങ്ങളുടെ സ്വന്തം നാട്ടിൽ (പാക്കിസ്ഥാനിൽ) ഞങ്ങൾ മുസ്‌ലീംകളാണെന്ന് പറയാൻ പറ്റാത്ത സാഹചര്യമാണുള്ളത്.' അദ്ദേഹം പാക്കിസ്ഥാനിലെ രണ്ടുമുതൽ അഞ്ചു മില്യൻ വരെയുള്ള അഹ്മദികളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി ദ്രോഹപ്രവർത്തികളേയും കഠിനമായ അക്രമങ്ങളേയും കുറിച്ച് പറയുകയുണ്ടായി.

അദ്ദേഹം പറഞ്ഞു, 'ഓരോ മതവും തങ്ങളുടെ പ്രവാചകനെ ആദരിക്കുന്നു. ക്രിസ്ത്യാനികൾ ഹദ്റത്ത് ഈസാ(അ)യെ ആദരിക്കുന്നു. പക്ഷേ, ചില ഘട്ടങ്ങളിൽ അജ്ഞരായ പാതിരിമാർ ജനവികാരങ്ങളെ തങ്ങളുടെ സ്വാർഥലാഭത്തിനായി ഉപയോഗിക്കാറുണ്ട്. എന്നാൽ, പ്രതിഷേധിക്കാൻവേണ്ടി തെരുവിലിറങ്ങാനും കലഹങ്ങളുണ്ടാക്കാനും ഹദ്റത്ത് മുഹമ്മദു നബി(സ) ഒരിക്കലും പഠിപ്പിച്ചിട്ടില്ല.'

ഇംതിയാസ് അഹ്മദ് 2012 സെപ്റ്റംബർ 29ന് ശനിയാഴ്ച വൈകുന്നേരം 5 മണിയ്ക്ക് കമ്പർലാന്റിലെ മാർക്കറ്റ് സ്ട്രീറ്റിൽ ഒരു ചർച്ച സംഘടിപ്പിക്കുന്നുണ്ട്. അതിൽ തീവ്രവാദനടപടിയെ അപലപിക്കുന്നതാണ്.

One News എന്ന ടി വി ചാനലിന്റെ റിപ്പോർട്ട് :-

……. യൂറോപ്പിൽ നീതി ആഗ്രഹിക്കുന്ന മുസ്‌ലിം നേതാവ് അക്രമപരമായ പ്രതിഷേധങ്ങളിൽനിന്ന് തന്റെ നാടിനെ രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. യൂറോപ്പിലെ ഞങ്ങളുടെ പ്രതിനിധി Garth Bray ക്ക് ലണ്ടനിലെ ഒരു പള്ളിയിൽ പ്രവേശിക്കാൻ പ്രത്യേകമായ അനുവാദം ലഭിച്ചു.

പാരീസിൽ ഹദ്റത്ത് മുഹമ്മദിന്റെ നഗ്നമായ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ഏഷ്യയിലും മധ്യപൗരസ്ത്യ ദേശങ്ങളിലും അമേരിക്കൻ പതാക കത്തിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടണിലും ഇതേ അവസ്ഥ തന്നെയാണുള്ളത്. സമാധാനം പാലിക്കാനുള്ള എല്ലാ അഭ്യർഥനകളും പാഴായിക്കൊണ്ടിരിക്കുകയാണ്.

“എന്നെ വളരെ താൽപര്യത്തോടെ തങ്ങളുടെ നീതിപൂർവമായ അഭിപ്രായങ്ങൾ കേൾപിക്കാൻ ക്ഷണിച്ചതാണ്. രണ്ടു വനിത പ്രതിനിധികളേയും ക്ഷണിച്ചിരുന്നു.

ഖലീഫ സിനിമയും കാർട്ടൂണും നിർമിച്ചവരെ അപലപിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ‘അല്ലാഹു തീർച്ചയായും ഇത്തരം ആളുകളെക്കൊണ്ട് നരകം നിറയ്ക്കുന്നതാണ്.”

എന്നാൽ, അതിനോടൊപ്പം ദ്രോഹപ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കുന്നവരുടെ പിന്നാലെ നടന്ന് അവരെ ശിക്ഷിക്കുക എന്നത് തന്റെ ജോലിയല്ലെന്ന് ശ്രോതാക്കളെ ഓർമപ്പെടുത്തുകയും ചെയ്തു. ‘ഞങ്ങൾ ഒരു തരത്തിലുള്ള കലഹങ്ങളിലും അക്രമങ്ങളിലും വിശ്വസിക്കുന്നവരല്ല. ഏതെങ്കിലും അഹ്മദി ഇത്തരം പ്രതിഷേധങ്ങളിലും കലഹങ്ങളിലും പങ്കെടുത്തതായും നിങ്ങൾ ഒരിക്കലും കണ്ടിട്ടുണ്ടാകുകയില്ല.”

ലണ്ടനിലെ തെക്കുപടിഞ്ഞാറു ഭാഗത്ത് പള്ളി നിർമിച്ചിട്ടുള്ളവരുടെ വാദം ഇത് തെക്കൻ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയാണെന്നാണ്. ഈ പള്ളിയിൽവച്ച് നടത്തപ്പെട്ട ജുമുഅ ഖുത്ബ ലോകത്തെ നൂറുകണക്കിന് രാജ്യങ്ങളിലുള്ള ജനങ്ങൾ കേട്ടിട്ടുണ്ടാകും. കാർട്ടൂണിലൂടേയും സിനിമയിലൂടേയും ഇസ്‌ലാം മതത്തെ നിന്ദിച്ചു കാണിക്കാനുള്ള ശ്രമങ്ങൾക്ക് മറുപടി പറയേണ്ടത് ഭാഷണങ്ങളിലൂടെ ആയിരിക്കണമെന്ന് അദ്ദേഹം ലോക അഹ്മദികളോടായി പറഞ്ഞു.

പക്ഷേ. ഒരുപാടു മുസ്ലിംകൾ ഇതിനെക്കാൾ കൂടുതൽ അക്രമപ്രവർത്തനങ്ങൾക്ക് തുനിഞ്ഞിരിക്കുകയാണെന്ന് ഖലീഫ സമ്മതിച്ചു. അദ്ദേഹം പറഞ്ഞു, 'ഇത് വെറും പാശ്ചാത്യരോടുള്ള വിദ്വേഷത്തിന്റെ ഫലമല്ല. പ്രത്യുത ഇതിന്റെ പിന്നിൽ അക്രമത്തിലൂടെ തങ്ങളുടെ അനുയായികളെ വർധിപ്പിക്കാൻ ആഗ്രഹിക്കുന്ന കുറച്ചാളുകൾക്ക് പങ്കുണ്ട്.

ഒരു ന്യൂനപക്ഷ കക്ഷിയുടെ നേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ ഉപദേശത്തിന് കൂടുതലാളുകൾ ചെവി കൊടുക്കുമെന്ന് പ്രതീക്ഷിക്കാൻ വയ്യ. അല്ലെങ്കിൽ പിശാവർ പോലുള്ള നാടുകളിൽ ഈ ഉപദേശം ആക്രമണത്തെ തടയുന്നതിൽ ഏതെങ്കിലും വിധത്തിൽ സഹായി ആകുമെന്നും പ്രതീക്ഷിക്കാൻ പറ്റില്ല.

# اَلْفَضْلُ مَا شَهِدَتْ بِهِ الاَعْدَآءُ

## (ശത്രുക്കളും അംഗീകരിക്കുന്നതാണ് ശ്രേഷ്ഠത)

ഇസ്ലാംമത സ്ഥാപകരായ
ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെക്കുറിച്ച്
ചില നേതാക്കന്മാരും ചരിത്രകാരന്മാരും
ഓറിയന്റലിസ്റ്റുകളും പറഞ്ഞ ചില അഭിപ്രായങ്ങൾ.

# നബി(സ)തിരുമേനിയെക്കുറിച്ച്
# അന്യരുടെ ആദരയുക്തമായ അഭിപ്രായങ്ങൾ

ജോർജ് സെയ്ൽ (George Sale) ഒരു എഴുത്തുകാരനാണ്. അദ്ദേഹം ഇംഗ്ലീഷിൽ വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്തിട്ടുണ്ട്. തർജമയ്ക്കു മുമ്പേ അതിനെ പരിചയപ്പെടുത്തിക്കൊണ്ട് സുദീർഘമായൊരു ആമുഖം അദ്ദേഹം എഴുതിയിട്ടുണ്ട്. ഇതിന്റെ 'ടു ദി റീഡർ' (To the reader) എന്ന അധ്യായത്തിൽ **'സ്പാൻ ഹേമിയസ്'** (Spanhemius) പറഞ്ഞതായിട്ട് എഴുതുന്നു: "മുഹമ്മദ് (സ) പൂർണമായ നിലയിൽ സ്വാഭാവികമായ കഴിവുകളാൽ അലങ്കൃതനായിരുന്നു. അതിമനോഹരമായ രൂപലാവണ്യം, ബുദ്ധിശാലി, ദീർഘദർശി, പ്രിയങ്കരവും പ്രസന്നവുമായ ജീവിതരീതി, ദരിദ്രരെ പരിപാലിക്കുന്നവൻ, എല്ലാവരോടും വിനയത്തോടെ പെരുമാറുന്നവൻ, ശത്രുക്കൾക്കെതിരെ ദൃഢനിശ്ചയത്തോടും ധീരതയോടും കൂടി നിലകൊള്ളുന്നവൻ, എല്ലാത്തിനെക്കാളുമുപരി ദൈവനാമത്തെ അങ്ങേയറ്റം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവനുമായിരുന്നു. കള്ളസത്യം ചെയ്യുന്നവനും വ്യഭിചരിക്കുന്നവനും ഘാതകനും അപവാദം പറയുന്നവനും ദുർവ്യയം ചെയ്യുന്നവനും അത്യാഗ്രഹിക്കും കള്ളസാക്ഷ്യം പറയുന്നവനുമെതിരെ അങ്ങേയറ്റം കാഠിന്യം പുലർത്തുന്നവനുമായിരുന്നു. സഹനശീലനും, ദാനധർമങ്ങൾ ചെയ്യുന്നവനും, ദയകാണിക്കുന്നവനും ഉപകാരം ചെയ്യുന്നവനും, കൃതജ്ഞത പ്രകടിപ്പിക്കുന്നവനും, മാതാപിതാക്കളേയും മഹാത്മാക്കളേയും ആദരിക്കാൻ ശാസിച്ചു പറയുന്നവനും ദൈവത്തെ പുകഴ്ത്തുന്നതിലും വാഴ്ത്തുന്നതിലും അങ്ങേയറ്റം ലയിച്ചിരിക്കുന്നവനുമായിരുന്നു."

(George Sale. To the reader. In:The Koran: Commonly called the Alkoran of Mohammed. J.B. Lippincott & Co.,PA. pp.vi-vii (1860))

ഒരു എഴുത്തുകാരനായ **സ്റ്റാൻലെ ലയ്ൻ-പോൾ** (Stanley Lane-Poole) എഴുതുന്നു: "മുഹമ്മദു(സ) തന്റെ ജന്മനാടായ മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നവരുമായ മക്കക്കാരായ ശത്രുക്കൾക്ക് മാപ്പുകൊടുത്തു. മനുഷ്യചരിത്രത്തിൽ ഒരിടത്തും സമാനതകളില്ലാത്ത വിജയകരവും പരിശുദ്ധവുമായ ഒരു പ്രവേശനമായിരുന്നു അത്."

(Stanley Lane-Poole. Introduction. In: Speeches and Table Talk of the Prophet Muhammed. Macmillan & Co., London. p xlvi (1882)

ദി ഔട്ട് ലയ്ൻ ഓഫ് ഹിസ്റ്ററി (The Outline of History)എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് **പ്രൊഫസർ എച്ച്. ജി. വെൽസ്.** (H.G.Wells) അദ്ദേഹം പറയുന്നു: "ഇസ്‌ലാംമത പ്രവാചകന്റെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവാണ് അദ്ദേഹത്തിൽ ആദ്യം വിശ്വസിച്ചത് അദ്ദേഹത്തെ ഏറ്റവും കൂടുതൽ അടുത്തറിയുന്നവരായിരുന്നു എന്നത്.........ഹദ്റത്ത് മുഹമ്മദു(സ) ഒരിക്കലും കള്ളവാദി ആയിരുന്നില്ല.......... ഇസ്‌ലാമിൽ വലിയ വലിയ നന്മകളും മഹത്വമേറിയ ഗുണങ്ങളും ഉണ്ടെന്നത് നിഷേധിക്കാൻ പറ്റാത്ത യാഥാർഥ്യമാണ്. ഇസ്‌ലാം മത പ്രവാചകൻ അക്രമവും കൊലയും അവസാനിപ്പിക്കപ്പെട്ട ഒരു സമുദായത്തിന് അടിത്തറ പാകി."

(H.G.Wells. Part II: Muhammed and Islam. In: The Outline of History. University of MichiganLibrary., Ml. p 269 (1920)

ഇസ്‌ലാം അറ്റ് ദ ക്രോസ് റോഡ്സ് (Islam at the Cross roads)എന്ന ഗ്രന്ഥത്തിൽ **ഡി ലേസി ഓലിയേറി** (De Lacy O'Leary) എഴുതുന്നു: "തീവ്രവാദികളായ മുസ്‌ലിംകൾ ലോകത്ത് വിജയം വരിച്ചുവെ ന്നതും വാളിന്റെ മുനയിൽ കീഴടക്കിയ ജനതയെക്കൊണ്ട് ഇസ്‌ലാം മതം വിശ്വസിപ്പിച്ചുവെന്നതും ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ള കഥകളിൽ അങ്ങേയറ്റം വ്യർഥമായതും ആശ്ചര്യമുളവാക്കുന്നതുമായ കഥയാണ്."

(De Lacy O'Leary. Islam at the Cross roads. Kegan Paul., London, p.8 (1923))

**മഹാത്മാ ഗാന്ധി** 'യംഗ് ഇന്ത്യ'(Young India) എന്ന പത്രത്തിൽ എഴുതുന്നു: "ഒരു അഭിപ്രായവ്യത്യാസവുമില്ലാതെ ലക്ഷക്കണക്കിന് ആളുകളുടെ മേൽ ഭരണം നടത്തിയ വ്യക്തിയുടെ ജീവിതത്തെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും അറിയാൻ ഞാനാഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെ പഠിച്ചതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ മുമ്പത്തെക്കാളേറെ ദൃഢവിശ്വാസം കൈവന്നിരിക്കുന്നു: 'ഇസ്‌ലാം അക്കാലത്ത് ജനഹൃദയങ്ങളിൽ വാളുകൊണ്ട് ഇടം നേടിയതല്ല, മറിച്ച് ആ പ്രവാചകന്റെ ലാളിത്യം, സ്വപ്രവർത്തിയിൽ സന്തുഷ്ടനായിരിക്കുന്ന ശീലം, അതീവ ശ്രദ്ധയോടെയുള്ള തന്റെ പ്രതിജ്ഞാ പാലനം, തന്റെ സുഹൃത്തുക്കളിലും അനുയായികളിലുമുള്ള പരമമായ വിശ്വാസം, എപ്പോഴും നിർഭയനും ധൈര്യവാനുമായിരിക്കൽ, ദൈവത്തിന്റെ സത്തയിലും തന്റെ മതത്തിലുമുള്ള സമ്പൂർണമായ ദൃഢവിശ്വാസം ഇതൊക്കെയായിരുന്നു എല്ലാ ദുർഘട ഘട്ടങ്ങളിലും അദ്ദേഹത്തെ നിയന്ത്രിച്ചിരുന്നതും എല്ലാവരേയും തന്നോടൊപ്പം കൂട്ടി മുന്നോട്ടു കൊണ്ടുപോയതും.

ആ പ്രവാചകന്റെ ജീവിതത്തെ സംബന്ധിച്ച് എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ

രണ്ടാമത്തെ വാള്യം വായിച്ചു തീർന്നപ്പോൾ ആ ഗ്രന്ഥം തീർന്നുപോയ കാരണത്താൽ എന്നിൽ ഉദാസീനത പ്രകടമായയി."(Mahatma Gandhi, Young India. september 23rd 1924)

1986-ൽ ചരമം പ്രാപിച്ച ലഫ്റ്റണന്റ് ജനറൽ ആയിരുന്ന **സർ ജോൺ ബാഗോട്ട് ഗ്ലബ്ബ്** (Sir John Bagot Glubb) എഴുതുന്നു: "ഈ ഗ്രന്ഥം വായിച്ചു കഴിയുമ്പോൾ വായനക്കാരൻ എന്ത് അഭിപ്രായം പറഞ്ഞാലും, മുഹമ്മദി(സ)ന്റെ ആത്മീയാനുഭവങ്ങൾ, പഴയതും പുതിയതുമായ വേദ പുസ്തകങ്ങളിലെ കഥകളോടും ക്രൈസ്തവ പുണ്യവാളന്മാരുടെ ആത്മീയാനുഭവങ്ങളോടും അത്ഭുതകരമായ രീതിയിൽ താദാത്മ്യം പുലർത്തുന്നുവെന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല. ഇപ്രകാരം ഹിന്ദുമതങ്ങളിലും മറ്റുമതങ്ങളിലും വിശ്വസിക്കുന്നവർക്കുണ്ടായ അസംഖ്യം സ്വപ്നങ്ങളും ജാഗ്രദർശനങ്ങളും സാദൃശ്യമുള്ളതാകാനും സാധ്യതകളേറെയാണ്. ഇതിനും പുറമെ മിക്കപ്പോഴും അത്തരം അനുഭവങ്ങൾ പരിശുദ്ധവും ശ്രേഷ്ഠവുമായ ജീവിതാരംഭത്തിന്റെ ലക്ഷണവുമായിരിക്കും. അത്തരം സംഭവങ്ങളെ ആത്മാവിന്റെ വഞ്ചനയെന്നു വിശദീകരിക്കുന്നത് ഉചിതമായി തോന്നുന്നില്ല. കാരണം ആ സംഭവങ്ങൾ ധാരാളമാളുകൾക്ക് ഒരുപോലെ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. അവർ തമ്മിലുള്ള ദൂരമാണെങ്കിൽ ആയിരക്കണക്കിന് വർഷങ്ങളും ആയിരക്കണക്കിന് മൈലുകളുമാണ്. അവരിലൊരാൾ മറ്റൊരാളെക്കുറിച്ച് കേട്ടിട്ടുപോലും ഉണ്ടാകുകയില്ല. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും അവരുടെ ജീവിതസംഭവങ്ങളിൽ അസാധാരണമായ പൊരുത്തമാണ് കാണുന്നത്. ഇക്കൂട്ടർ എല്ലാവരും അത്ഭുതകരമായനിലയിൽ സാദൃശ്യമുള്ള സ്വപ്നങ്ങളും ജാഗ്രദർശനങ്ങളും സ്വന്തമായി ഉണ്ടാക്കിയെന്നു പറയുന്നത് ബുദ്ധിപരമല്ല. ഈ ആളുകൾ തമ്മിൽ ഒരു പരിചയവും ഇല്ലാതിരുന്നിട്ടുകൂടിയാണിത്.

ഹബ്ശയിലേക്ക് (അബീസീന)ഹിജ്റത്ത് ചെയ്തവരെക്കുറിച്ച് എഴുതിയിരിക്കുന്നു,'ഈ പട്ടികയിൽ നിന്ന് മനസ്സിലാകുന്നത് ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞവരെല്ലാം അതിലുണ്ടായിരുന്നുവെന്നാണ്. അല്ലാഹുവിന്റെ ദൂതർ(സ) മക്കയിലെ ശക്തരായ എതിരാളികളുടെ ഇടയിൽ കുറഞ്ഞ അനുയായികളുമൊത്താണ് താമസിച്ചത്. ഈ അവസ്ഥ വിളിച്ചോതുന്നത്, സ്വാഭാവികമായ ധൈര്യവും ദൃഢവിശ്വാസവും നബി(സ)തിരുമേനിയിൽ നിലനിന്നിരുന്നുവെന്നാണ്.

(John Bagot Glubb. The Life and Times of Muhammad. Hodder & Stoughton 1970 (reprint 2002))

**ജോൺ വില്യം ഡ്രാപർ** (John William Draper) ഹിസ്റ്ററി ഓഫ് ദ ഇന്റ്ലി

ലക്ച്വൽ ഡവലപ്പ്മെന്റ് ഓഫ് യൂറോപ്പ് (History of the intellectual Development of Europe) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: ജസ്റ്റിനിയൻ (Justinian)ന്റെ മരണത്തിന് നാലു വർഷത്തിനു ശേഷം ക്രിസ്ത്വബ്ദം 569-ൽ മക്കയിൽ ഒരു വ്യക്തി ജനിച്ചു. അദ്ദേഹം എല്ലാ വ്യക്തികളിലും വച്ച് ഏറ്റവുമധികം മനുഷ്യകുലത്തിനുമേൽ തന്റെ സ്വാധീനം ചൊലുത്തിക്കൊണ്ടാണ് പോയത്. ആ വ്യക്തിയാണ് മുഹമ്മദ്(സ). അദ്ദേഹത്തെ ചില യൂറോപ്യന്മാർ വ്യാജവാദി എന്നു പറയുന്നു. പക്ഷേ, മുഹമ്മദു(സ)ന്റെ ഉള്ളിൽ ചില സവിശേഷതകളുണ്ടായിരുന്നു. അക്കാരണത്താൽ പല സമുദായാങ്ങളുടെയും ഭാഗധേയം നിർണയിക്കപ്പെട്ടു. പ്രബോധനം ചെയ്യുന്ന ഒരു യോധാവായിരുന്നു അദ്ദേഹം. പ്രസംഗപീഠം വാക്വൈഭവത്താൽ നിർഭരമായിരുന്നു. രണാങ്കണത്തിൽ ഇറങ്ങിയാൽ ധീരനായിരുന്നു. അദ്ദേഹത്തിന്റെ മതം 'അല്ലാഹു ഏകനാകുന്നു' എന്നു മാത്രമായിരുന്നു. ഈ സത്യം വിശദീകരിക്കുന്നതിന് അദ്ദേഹം സൈദ്ധാന്തികമായ ചർച്ചകൾ സ്വീകരിച്ചില്ല. നേരെ മറിച്ച്, തന്റെ അനുയായികളോട് വൃത്തി, നമസ്കാരം, നോമ്പ് പോലുള്ള കാര്യങ്ങളനുഷ്ഠിക്കാൻ പറഞ്ഞുകൊണ്ട് അവരുടെ സാമൂഹികാവസ്ഥകളെ കർമപരമായ നിലയിൽ ശ്രേഷ്ഠതരമാക്കി. ആ വ്യക്തി ദാനധർമങ്ങൾക്ക് മറ്റെന്തിനെക്കാളും മുൻഗണന നല്കി.

(John William Draper, M.D., L.L.D.A History of the intellectual Development of Europe. Harper and Brothers Publishers., NY.P.244 (1863))

"ഒരു സുപ്രസിദ്ധ ഓറിയന്റിലിസ്റ്റായ **വില്യം മോൻട്ഗൊമെരി** (William Montgomery) മുഹമ്മദ് അറ്റ് മദീന (Muhammad at Madina)എന്ന ഗ്രന്ഥത്തിലെഴുതുന്നു: മുഹമ്മദുനബി(സ)യുടേയും ഇസ്ലാമിന്റേയും പ്രാരംഭകാലത്തെ ചരിത്രങ്ങളിൽ എത്ര മാത്രം ചിന്തിക്കുന്നുവോ അത്ര മാത്രം ആ മഹാത്മാവിന്റെ വിജയങ്ങളുടെ വിശാലാവസ്ഥ കണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. അക്കാലത്തെ പരിതഃസ്ഥിതിയിൽ ഉന്നതനായ വ്യക്തിയായിരുന്നിട്ടും അദ്ദേഹത്തിന് വളരെ കുറച്ചു അനുയായികളെ മാത്രമേ കിട്ടിയുള്ളു. ദീർഘവീക്ഷണവും, ഭരിക്കാനുള്ള സംഘടനാവൈഭവവും, ദൈവത്തിൽ ഭരമേൽപ്പിക്കൽ, അല്ലാഹുവാണ് തന്നെ അയച്ചതെന്ന ദൃഢ്യബോധവും അദ്ദേഹത്തിന് ഇല്ലായിരുന്നെങ്കിൽ മനുഷ്യചരിത്രത്തിൽ ഒരു പ്രധാനപ്പെട്ട അധ്യായം രചിക്കുന്നത് ഇല്ലാതാകുമായിരുന്നു. നബി(സ)തിരുമേനിയുടെ ജീവിതത്തെ സംബന്ധിച്ചുള്ള ഈ ഗ്രന്ഥം മഹാനായൊരു ആദംസന്തതിയെ മനസ്സിലാക്കുന്നതിനും അദ്ദേഹത്തെ ആദരിക്കുന്നതിനും സഹായകമാകും."

(William Montgomery Watt. Muhammad at Madina Oxford University Press.pp.335(1981))

സുപ്രസിദ്ധ ക്രൈസ്തവ ചരിത്രകാരൻ റജിനാൾഡ് ബോസ്‌വർത് സ്മിത് (Reginald Bosworth Smith) എഴുതുന്നു: "മതത്തിന്റേയും ഭരണത്തിന്റേയും നേതാവും ഗവർണർ എന്ന നിലയിൽ പോപ്പിന്റേയും ഖയ്സറിന്റേയും രണ്ടു വ്യക്തിത്വങ്ങളും ഹദ്റത്ത് മുഹമ്മദ്(സ) എന്ന വ്യക്തിയിൽ സമ്മേളിച്ചിരിക്കുന്നു. അദ്ദേഹം പോപ്പ് ആയിരുന്നു. എന്നാൽ, പോപ്പിനെപ്പോലെ ബാഹ്യപ്രകടനങ്ങളിൽ നിന്ന് പരിശുദ്ധൻ. അദ്ദേഹം ഖയ്സർ ആയിരുന്നു. എന്നാൽ, ഖയ്സറിന്റെ ഭൗതികാഡംഭരങ്ങളിൽ നിന്നെല്ലാം തികച്ചും മുക്തൻ. പട്ടാളമില്ലാതെ, രാജകൊട്ടാരമില്ലാതെ, നികുതിപിരിവില്ലാതെ ദൈവനാമത്തിൽ മാത്രം ലോകത്ത് സമാധാനവും വ്യവസ്ഥിതിയും ആരെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിനർഹനായിട്ടുള്ള ഒരേയൊരു വ്യക്തി ഹദ്റത്ത് മുഹമ്മദ്(സ) മാത്രമാണ്. ഇപ്പറഞ്ഞ സാമഗ്രികളൊന്നുമില്ലാതെതന്നെ അദ്ദേഹത്തിന് സകല കഴിവുകളും ലഭിച്ചിട്ടുണ്ടായിരുന്നു."

(Rev.Bosworth Smith. Character of Mohammad.In: MOHAMMAD AND MOHAMMADANISM Smith, Elder & Co.,London.p.235 (1876))

ഇതേ, ബോസ്‌വർത് സ്മിത് (Bosworth Smith) മുഹമ്മദ് ആന്റ് മുഹമ്മദാനിസം (Mohammad and Mohammadanism) എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: "അദ്ദേഹത്തിന്റെ മതത്തെ ഏറ്റവുമാദ്യം വിശ്വസിച്ചിരുന്നവർ അദ്ദേഹത്തെ നല്ലവണ്ണം അടുത്തറിയുന്നവരായിരുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ ഭാര്യ, അവരുടെ അടിമ, അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രൻ, അദ്ദേഹത്തിന്റെ പഴയകാല സ്നേഹിതൻ. ഇദ്ദേഹത്തെ സംബന്ധിച്ച് ഹദ്റത്ത് മുഹമ്മദ്(സ) പറഞ്ഞത്, ഇസ്‌ലാമിൽ പ്രവേശിച്ചിരുന്നവരിൽ ഒരിക്കലും പുറംതിരിക്കാതെയും വ്യാകുലപെടാതെയുമിരുന്ന ഒരേയൊരു വ്യക്തിയായിരുന്നുവെന്നാണ്. സാധാരണ പ്രവാചകന്മാരെപ്പോലെ ഹദ്റത്ത് മുഹമ്മദിന്റെ(സ) ഭാഗധേയം നിസ്സാരമായിരുന്നില്ല. കാരണം അദ്ദേഹത്തിന്റെ മഹത്ത്വത്തെ നിഷേധിച്ചിരുന്നവർ അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തെ കുറിച്ച് ശരിയായ അറിവില്ലാത്തവർ മാത്രമായിരുന്നു."(അതേ ഗ്രന്ഥം പേജ് 127)

വീണ്ടും പറയുന്നു: "മുഹമ്മദ്(സ)വിരോധിച്ച ആചാരസമ്പ്രദായങ്ങൾ, അത് വിരോധിച്ചുവെന്ന് മാത്രമല്ല പ്രത്യുത അവയെ പൂർണമായും ഉച്ചാടനം ചെയ്തു. ഉദാഹരണത്തിന് മനുഷ്യക്കുരുതി, പെൺകുഞ്ഞുങ്ങളെ

വധിക്കൽ, കൊലപാതകം, പരിധിയില്ലാതെ സ്ത്രീകളെ വിവാഹം കഴിക്കൽ, അടിമകളോടുള്ള അക്രമവും ദ്രോഹവും, മദ്യപാനം, ചൂതാട്ടം. ഇതിന്റെ പരമ്പരകൾ നിർബാധം അറേബ്യയിലും അയൽ രാജ്യങ്ങളിലും നടമാടിയിരുന്നു. അദ്ദേഹം അതെല്ലാം അവസാനിപ്പിച്ചു."(അതേ ഗ്രന്ഥം പേജ് 125)

വീണ്ടും പറയുന്നു: "ഹദ്റത്ത് മുഹമ്മദ്(സ)തന്റെ ലക്ഷ്യത്തിന്റെ സത്യതയിലും നന്മയിലും അതിസൂക്ഷ്മമായി വിശ്വസിച്ചുകൊണ്ട് എന്തൊന്ന് ചെയ്തിരുന്നുവോ മറ്റൊരാൾക്ക് അതിൽ ദൃഢവിശ്വാസമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല." (അതേഗ്രന്ഥം പേജ് 127)

അദ്ദേഹം പറയുന്നു: "അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഓരോ സംഭവങ്ങളും അദ്ദേഹത്തെ യഥാർഥ്യവാദിയും ആവേശഭരിതനുമായി സ്ഥാപിച്ചു കാണിക്കുന്നതാണ്. അദ്ദേഹം തന്റെ അംഗീകൃത വിശ്വാസങ്ങളുടേയും വീക്ഷണങ്ങളുടേയും പരമപദംവരെ എത്താൻ പതുക്കപ്പെതുക്കെ, വിഷമങ്ങൾ സഹിച്ച് ശ്രമിക്കുന്നു."(അതേ ഗ്രന്ഥം പേജ് 127)

വീണ്ടും പറയുന്നു: "അറേബ്യൻ ജനതയ്ക്ക് മാറ്റത്തിന്റെ ആവശ്യമുണ്ടായിരുന്നുവെന്നു പറയുക, അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പുതിയപ്രവാചകന്റെ വെളിപ്പെടലിനുള്ള സമയം വന്നിരുന്നുവെന്ന് പറയുക, അങ്ങനെയാണെങ്കിൽ ഹദ്റത്ത് മുഹമ്മദു തന്നെ എന്തുകൊണ്ട് 'ആ പ്രവാചകൻ' ആയിക്കൂടാ? ഈ വിഷയത്തിൽ വർത്തമാനകാല എഴുത്തുകാരൻ 'സ്പ്രിംഗർ' സ്ഥാപിച്ചിട്ടുള്ളത്, ഹദ്റത്ത് മുഹമ്മദ് വരുന്നതിനു വർഷങ്ങൾക്കു മുമ്പേ ഒരു പ്രവാചകൻ വരുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നു, പ്രവചനവുമുണ്ടായിരുന്നുവെന്നാണ്. (അതേ ഗ്രന്ഥം പേജ് 133)

തുടർന്നും ബോസ്‌വർത് (Bosworth) വിവരിക്കുന്നു: "മൊത്തത്തിൽ നോക്കിയാൽ ഹദ്റത്ത് മുഹമ്മദ്(സ)വിവിധ അവസ്ഥകളിൽ എത്രമാത്രം മാറിയിരുന്നുവെന്നതിൽ എനിക്ക് അത്ഭുതമൊന്നുമില്ല. മറിച്ച് അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തിൽ വളരെ കുറഞ്ഞ മാറ്റമേ ഉണ്ടായിട്ടുള്ളുവെന്നതാണ് അത്ഭുതം! മരുഭൂമിയിൽ ആടുമേയ്ച്ചു നടക്കുന്ന നാളുകളിൽ, ശാമിലെ കച്ചവടക്കാരൻ എന്ന നിലയിൽ, ഹിറാഗുഹയിലെ തപോയജ്ഞത്തിന്റെ നാളുകളിൽ, ന്യൂനപക്ഷ സംഘടനയുടെ പരിവർത്തനകാരി എന്ന നിലയിൽ, മദീനയിൽ നാടുകടത്തപ്പെട്ട നാളുകളിൽ, ഒരു അംഗീകൃതവിജയി എന്ന നിലയിൽ, യൂനാനീ രാജാക്കന്മാരുടേയും ഇറാനീ ഹിർക്കൽമാരുടേയും സമനിലക്കാരൻ എന്ന നിലയിൽ നമുക്ക് അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തിൽ അചഞ്ചല സ്ഥൈര്യത്തിന്റെ അസാ

ധാരണ ദൃശ്യം കാണാൻ സാധിക്കുന്നതാണ്." പറയുന്നു: "മറ്റൊരു മനുഷ്യന്റെ പുറത്തുകാണുന്ന അവസ്ഥകൾ ഇത്രയധികം മാറിയാലും ഒരിക്കലും അയാളുടെ വ്യക്തിത്ത്വത്തിൽ ഇത്ര മാത്രം കുറവായിട്ടുള്ള മാറ്റം പ്രകടമാകുമെന്ന് എനിക്കു തോന്നുന്നില്ല. ഹദ്‌റത്ത് മുഹമ്മദ്(സ)ന്റെ പുറത്തുകാണുന്ന അവസ്ഥകൾ മാറിക്കൊണ്ടിരുന്നു. എന്നാൽ, ഈ എല്ലാ അവസ്ഥകളിലും എനിക്ക് അദ്ദേഹത്തിന്റെ വ്യക്തിത്ത്വമുണ്ടല്ലോ, അത് ഒരേ പോലെയാണ് കാണാൻ കഴിയുന്നത്.(അതേ ഗ്രന്ഥം പേജ് 133)

**വാഷിംങ്ടൺ ഇർവിങ്** (Washington Irving)ലൈഫ് ഓഫ് മഹോമറ്റ് (Life of Mahomet) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: "അദ്ദേഹത്തിന്റെ യുദ്ധവിജയങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ അഹങ്കാരമോ ദുരഭിമാനമോ ഉണ്ടാക്കിയില്ല. ഈ വിജയങ്ങളിൽ വ്യക്തി താൽപര്യം എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ അത് തീർച്ചയായും അദ്ദേഹത്തിൽ കാണുമായിരുന്നു. ഏറ്റവും ദുർഘടമായ ഘട്ടത്തിലും തന്റെ ശക്തിയുടെ മേന്മയും തന്റെ ശീലങ്ങളും മുഖഭാവങ്ങളും ഒരേ ലാവണ്യത്തോടെ നിലനിറുത്തി; എത്രമാത്രമെന്നുവച്ചാൽ തന്റെ രാജകീയ ജീവിതത്തിൽ പോലും. ആരെങ്കിലും അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചാൽ, അനൗപചാരികമായി ആദരവ് കാണിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല."

(Washington Irving. The Life of Mahomet. Bernard Tauchnitz,. Leipzig.pp.272-3(1850))

സർ വില്യം മൂയർ (Sir William Muir) ലൈഫ് ഓഫ് മഹോമറ്റ് (Life of Mahomet) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: "അദ്ദേഹം തന്റെ എല്ലാ പ്രവർത്തിയും പൂർത്തിയാക്കുമായിരുന്നു. ഏതു ജോലി ഏറ്റെടുത്താലും മുഴവിപ്പിക്കാത്തിടത്തോളം അത് വിട്ടുകളയുമായിരുന്നില്ല. സാമൂഹികമായ ഇടപടലുകളിലും അദ്ദേഹത്തിന്റെ രീതി ഇതു തന്നെയായിരുന്നു. ആരോടെങ്കിലും സംസാരിക്കാൻ അദ്ദേഹം തിരിഞ്ഞാൽ പകുതിയല്ല, മുഴുവൻ ശരീരവും ആ വ്യക്തിയിലേക്ക് തിരിക്കുമായിരുന്നു. കൈകൊടുത്താൽ കൊടുക്കപ്പെട്ടയാൾ പിൻവലിക്കാതെ കൈ പിൻവലിച്ചിരുന്നില്ല. ഇപ്രകാരംതന്നെ ഏതെങ്കിലും അപരിചിതനുമായി സംസാരിക്കുമ്പോൾ ഇടയ്ക്കുവച്ചു നിറുത്തി അടുത്തയാളുടെ സംസാരം കേൾക്കാനിഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ കുടുംബപരമായ ലാളിത്യം എപ്പോഴും അതിജയിച്ചുനിന്നു. ഓരോ ജോലിയും അദ്ദേഹം സ്വയം ചെയ്തിരുന്നു. സ്വന്തം കൈകൊണ്ടാണ് ദാനം കൊടുത്തിരുന്നത്. വീട്ടുജോലികളിൽ ഭാര്യമാരെ സഹായിക്കു

മായിരുന്നു.”

വീണ്ടും പറയുന്നു: “നദി അതിന്റെ കരയുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ് സകല വ്യക്തികൾക്കും അദ്ദേഹവുമായിട്ടുള്ള ബന്ധം. പുറംദേശത്തുനിന്ന് വരുന്ന സംഘങ്ങളെ ആദരവോടും ബഹുമാനത്തോടുംകൂടി സ്വാഗതം ചെയ്തിരുന്നു. ആ സംഘങ്ങളുടെ വരവിൽനിന്നും മറ്റു ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ച ചരിത്രത്തിൽനിന്നും സ്ഥാപിതമാകുന്നത് മുഹമ്മദിന്റെ ഉള്ളിൽ യോഗ്യനായ ഒരു ഭരണാധികാരിയുടെ സകല കഴിവുകളും ഉണ്ടായിരുന്നുവെന്നാണ്. ഏറ്റവും അത്ഭുതകരമായ കാര്യം അദ്ദേഹത്തിന് എഴുതാൻ അറിയില്ലായിരുന്നു എന്നതാണ്.”

വീണ്ടും പറയുന്നു: “അദ്ദേഹം തന്റെ ഏറ്റവും നിസ്സാരനായ അനുയായിയോടുപോലും പുലർത്തിപോന്ന സൽപെരുമാറ്റവും മനോഭാവവുമായിരുന്നു അദ്ദേഹത്തിന്റെ ഒരു പ്രധാനപ്പെട്ട ഗുണം, ലജ്ജ, അനുകമ്പ, ക്ഷമ, ദാനശീലത, വിനയം, ഇവയെല്ലാം അദ്ദേഹത്തിന്റെ സ്വഭാവങ്ങളുടെ വ്യക്തമായ ഭാഗങ്ങളായിരുന്നു. ഇക്കാരണത്താൽ അദ്ദേഹം തന്റെ പരിസ്ഥിതിയിൽ ഓരോ വ്യക്തിയേയും തന്നിലേക്ക് ആസക്തനാക്കിയിരുന്നു. നിഷേധം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഏതെങ്കിലും യാചകന്റെ ആവശ്യം നിറവേറ്റാൻ കഴിഞ്ഞില്ലെങ്കിൽ മൗനം പാലിക്കുമായിരുന്നു. അദ്ദേഹം ആരുടെയെങ്കിലും ക്ഷണം നിരസിച്ചതായി ഒരിക്കലും കേട്ടിട്ടില്ല; ക്ഷണിച്ചയാൾ എത്ര നിസ്സാരനാണെങ്കിലും. ആരെങ്കിലും ഉപഹാരം നല്കിയാൽ അതു മടക്കിയ ചരിത്രമില്ല; എത്ര ചെറിയ ആളാണെങ്കിൽപോലും. അദ്ദേഹത്തിന്റെ ആശ്ചര്യകരമായൊരു ഗുണവിശേഷം, അദ്ദേഹത്തിന്റെ സദസ്സിലിരിക്കുന്ന ഓരോ വ്യക്തിയും ധരിച്ചിരുന്നത് താൻതന്നെയാണ് മുഖ്യാതിഥി എന്നായിരുന്നു. ഒരാൾക്കുണ്ടായ വിജയത്തിൽ അയാൾ സന്തോഷിക്കുന്നത് കണ്ടാൽ അത്യുത്സാഹത്തോടെ ഹസ്തദാനം ചെയ്യുകയും ആശ്ലേഷിക്കുകയും ചെയ്യുമായിരുന്നു. അവകാശം നിഷേധിക്കപ്പെട്ടവരോടും ബുദ്ധിമുട്ടുകളിൽ അകപ്പെട്ടവരോടും അങ്ങേയറ്റം വിനയത്തോടെ സഹതാപം പ്രകടിപ്പിച്ചിരുന്നു. കുട്ടികളോടു അതീവവാത്സല്യത്തോടെ പെരുമാറി. വഴിയിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് സലാം പറയുന്നതിൽ ഒരു നാണക്കേടും കാണിച്ചിരുന്നില്ല. ക്ഷാമകാലത്ത് മറ്റുള്ളവരേയും തന്റെ ഭക്ഷണത്തിൽ പങ്കാളികളാക്കിയിരുന്നു. ഓരോരുത്തരുടേയും ജീവിതം സുഗമമാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ശാന്തഭാവവും കൃപാവായ്പും അദ്ദേഹത്തിന്റെ സ്വഭാവങ്ങളിലെല്ലാം തെളിഞ്ഞുകാണാമായിരുന്നു. കൂറുപു

ലർത്തുന്ന സുഹൃത്തായിരുന്നു മുഹമ്മദ്(സ). അദ്ദേഹം അബൂബക്ക റിനെ സ്വസഹോദരനെക്കാളധികം സ്നേഹിച്ചു. അലിയോട് പിതൃസ്ഥാ നീയനെപ്പോലെ അനുകമ്പ കാണിച്ചു. മോചിതനായ അടിമ സയ്ദിനോട് ആ കരുണാവാനായ നബിക്ക് എത്രമാത്രം ബന്ധമായിരുന്നുവെന്നുവ ച്ചാൽ, അയാൾ തന്റെ പിതാവിനോടൊപ്പം പോകുന്നതിനു പകരം മക്ക യിൽ താമസത്തിന് മുൻഗണന നല്കി. തന്റെ മേൽനോട്ടക്കാരന്റെ കോന്തല പിടിച്ചുകൊണ്ട് സയ്ദ് പറഞ്ഞു:'ഞാൻ അങ്ങയെ വിട്ടു പോകി ല്ല. അങ്ങ് തന്നെയാണ് എന്റെ പിതാവും മാതാവും!' ഈ സുഹൃത് ബന്ധം സയ്ദിന്റെ മരണംവരെ നിലനിന്നു. പിന്നീട് സയ്ദിന്റെ മകൻ ഉസാമയോടും അവന്റെ പിതാവു കാരണത്താൽ അദ്ദേഹം എപ്പോഴും വാത്സല്യത്തോടെ പെരുമാറി. ഉഥ്മാനും ഉമറും അദ്ദേഹത്തോട് ഒരു പ്രത്യേക ബന്ധം വച്ചുപുലർത്തിയിരുന്നു. അദ്ദേഹം ഹുദയ്ബിയ എന്ന സ്ഥലത്ത്, 'ബയ്അതുർരിള്വാൻ' -അനുസരണ പ്രതിജ്ഞയെടുക്കുന്ന നേരത്ത് ശത്രുക്കളാൽ വളയപ്പെട്ട തന്റെ ജാമാതാവിന്റെ പ്രതിരോധ ത്തിന്നായി ജീവൻ ബലിയർപിക്കാൻ സന്നദ്ധനാണെന്ന് ചെയ്ത പ്രതി ജ്ഞ, ആ സത്യസന്ധമായ സുഹൃത് ബന്ധത്തിന്റെ ഒരു മകുടോദാഹ രണമാണ്. മുഹമ്മദ്(സ)ന്റെ അചഞ്ചലമായ സ്നേഹം എടുത്തുദ്ധരി ക്കാൻ പറ്റിയ വേറെയും ധാരാളം സംഭവങ്ങളുണ്ട്. ഒരവസരത്തിലും ആ സ്നേഹം അസ്ഥാനത്തായിരുന്നില്ല. പ്രത്യുത എല്ലാ സംഭവങ്ങളും അത്യുത്സാഹത്തോടെയുള്ള സ്നേഹത്തിന്റെ കണ്ണാടിയാണ്.

വീണ്ടും എഴുതുന്നു: "തന്റെ ശക്തിയുടെ ഉന്നതിയിലും അദ്ദേഹം ന്യായാധിപനും നീതിമാനുമായിരുന്നു. തന്റെ വാദത്തെ സന്തോഷത്തോ ടുകൂടി സ്വീകരിക്കാൻ തയ്യാറായ ശത്രുക്കളോടും അലിവു കാണിക്കു ന്നതിൽ അദ്ദേഹം ഒരു കുറവും വരുത്തിയില്ല. മക്കക്കാരുടെ ക്രൂരവും അക്രമപരവുമായ പെരുമാറ്റം നോക്കുമ്പോൾ മക്കാവിജയി തന്റെ അമർഷവും കോപവും തീർക്കാൻ തീകൊണ്ടും ചോരകൊണ്ടും ഹോളി കളിക്കേണ്ടതായിരുന്നു. പക്ഷേ, മുഹമ്മദ്(സ)അല്പം ചില കുറ്റവാളി കളൊഴിച്ച് എല്ലാവർക്കും പൊതുമാപ്പ് പ്രഖ്യാപിച്ചു. ഭൂതകാലത്തെ കയ്പു നിറഞ്ഞ എല്ലാ ഓർമകളും ഒന്നിച്ചു മറന്നു. അവരുടെ എല്ലാ പരിഹാസവും ധിക്കാരം കാണിക്കലും അക്രമവും ദ്രോഹവും ഒക്കെ യുണ്ടായിട്ടും അദ്ദേഹം തന്റെ ബദ്ധവൈരിയോടുപോലും നന്മയോടെ പെരുമാറി. മദീനയിൽ അബ്ദുല്ലായും മറ്റുവ്യതിചലിച്ചുപോയ കൂട്ടുകാരും -അവർ വർഷങ്ങളായിട്ട് അദ്ദേഹത്തിന്റെ പ്രവർത്തനപദ്ധതികളിൽ തട സ്സമുണ്ടാക്കുകയും അദ്ദേഹത്തിന്റെ ഭരണത്തിൽ ഛിദ്രതയുണ്ടാക്കാൻ

ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടും അവർക്കെല്ലാം മാപ്പുകൊടുത്തതും തെളിമയാർന്നൊരു ഉദാഹരണമാണ്. തന്റെ മുമ്പിൽ തലതാഴ്ത്തിയിരിക്കുന്ന ഗോത്രങ്ങളോടും -അവരാണെങ്കിൽ മക്ക വിജയത്തിനു മുമ്പേ കഠിനമായി എതിർത്തുകൊണ്ടിരുന്നവരാണ് - അലിവോടെ പെരുമാറി.”

(Sir William Muir. Life of Muhammad(Volume IV). Smith, Elder and Company.,London.pp.303-307 (1861))

അദ്ദേഹം എഴുതുന്നു: “മുഹമ്മദിന്റെ സത്യത്തെ പിന്തുണയ്ക്കുന്ന ഒരടയാളമായിരുന്നു, ആരെല്ലാമായിരുന്നോ അദ്ദേഹത്തെ തുടക്കത്തിൽ വിശ്വസിച്ചിരുന്നത് അവരെല്ലാം ഉത്തമ സ്വഭാവ വൈശിഷ്യങ്ങളുടെ ഉടമസ്ഥരായിരുന്നുവെന്നത്. എന്നല്ല അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തിനും കുടുംബാംഗങ്ങൾക്കും-അവരെല്ലാം അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെ കുറിച്ച് നല്ലവണ്ണം അറിയുന്നവരായിരുന്നു- പൊതുവെ കപടനും വഞ്ചകനുമായിട്ടുള്ളവന്റെ വീട്ടിലും പുറത്തുമുള്ള പെരുമാറ്റത്തിൽ വൈരുധ്യം കാണുന്നതുപോലെ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കാണാൻ കഴിഞ്ഞില്ല.”

(Sir William Muir. Life of Muhammad(Volume II ). Smith, Elder and Company., London.pp.97-8 (1861))

**സർ തോമസ് കാർലയ്ൻ** (Sir Thomas Carlyle) നബി(സ)തിരുമേനി നിരക്ഷരൻ എന്നതിനെ സംബന്ധിച്ചെഴുതുന്നു: “അദ്ദേഹത്തിന് ഏതെങ്കിലും മദ്രസയിൽ നിന്ന് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല എന്ന കാര്യം നാമൊരിക്കലും വിസ്മരിക്കാൻ പാടില്ല. ഇതിനെ നാം സ്കൂൾ പഠനം (School learning) എന്നാണ് പറയുന്നത്. അതൊന്നുമുണ്ടായിരുന്നില്ല. എഴുത്തുകല അറേബ്യയിൽ തികച്ചും പുതിയതായിരുന്നു. മുഹമ്മദിന്(സ)ഒരിക്കലും സ്വയം എഴുതാൻ കഴിഞ്ഞിരുന്നില്ല എന്ന അഭിപ്രായം തികച്ചും യാഥാർത്ഥ്യമാണെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ എല്ലാ വിദ്യാഭ്യസവും മരുഭൂമിയിലെ താമസത്തിന്റേയും അതിലെ അനുഭവങ്ങളുടേയും ചുറ്റും വലംവച്ചുള്ളതാണ്. അതിരില്ലാത്ത ഈ പ്രപഞ്ചവും ഇരുട്ടുകൾ നിറഞ്ഞ തന്റെ നാടും, തന്റെ സ്വന്തം ബാഹ്യമായ കണ്ണുകളും ചിന്തകളുംകൊണ്ട് അദ്ദേഹത്തിനെന്താണ് കരസ്ഥമാക്കുവാൻ കഴിയുമായിരുന്നത്? നോക്കുമ്പോൾ ഗ്രന്ഥങ്ങളും ലഭ്യമല്ലായിരുന്നുവെന്നതാണ് ഏറെ അത്ഭുതം! അറേബ്യയിലെ ഇരുൾമുറ്റിയ മരുഭൂമിയിൽ കേട്ടറിഞ്ഞ കാര്യങ്ങളും താൻ വ്യക്തിപരമായി കണ്ടറിഞ്ഞിട്ടുള്ളതുമല്ലാതെ അദ്ദേഹത്തിന് ഒരറിവുമുണ്ടായിരുന്നില്ല. മുമ്പേ നിലനിന്നുവ

ന്നിരുന്ന തത്ത്വജ്ഞാനപരമായ കാര്യങ്ങളോ അല്ലെങ്കിൽ അറേബ്യയ്ക്കു പുറമേ മറ്റു നാടുകളിൽ ഉണ്ടായിരുന്ന തത്ത്വജ്ഞാനപരമായ കാര്യങ്ങളോ അദ്ദേഹംവരെ എത്താത്ത കാരണത്താൽ അതൊന്നും അദ്ദേഹത്തിന് പ്രാപ്യമായിരുന്നില്ല. ഭരണാകർത്താക്കളോ മതപണ്ഡിതന്മാരോ ആരുംതന്നെ ഈ മഹാനായ മനുഷ്യനുമായി നേരിട്ട് സംസാരിച്ചിട്ടില്ല. അദ്ദേഹം ആ മരുഭൂമിയിൽ തികച്ചും തനിച്ചായിരുന്നു. അങ്ങനെയാണ് അദ്ദേഹം ദിവ്യശക്തിയുടേയും തന്റെ ചിന്തകളുടേയും അച്ചുതണ്ടിൽ അഭിവൃദ്ധിപ്പെട്ടതും."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.47 (1846))

അദ്ദേഹത്തിന്റെ വിവാഹത്തേയും കുടുംബപരമായ ബന്ധങ്ങളേയും കുറിച്ചെഴുതുന്നു: "അദ്ദേഹം എങ്ങനെയാണ് ഖദീജയുടെ കൂട്ടുകാരനായത്? സമ്പന്നയായ ഒരു വിധവയുടെ തൊഴിൽപരമായ കാര്യങ്ങളുടെ മാനേജരായത്? യാത്ര ചെയ്ത് ശാമിലെ കച്ചവടചന്തയിൽ എങ്ങനെയാണ് പങ്കെടുത്തത്? എങ്ങനെയാണ് ഇതെല്ലാം അദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞത്? അദ്ദേഹം ഇതെല്ലാം അങ്ങേയറ്റം ആത്മാർഥതയോടും സാമർഥ്യത്തോടും കൂടിയാണ് ചെയ്തതെന്ന് എല്ലാവർക്കും നല്ലവണ്ണം അറിയാം. ഖദീജയുടെ(റ) മനസ്സിൽ അദ്ദേഹത്തോട് ആദരവും നന്ദിയും എങ്ങനെയുണ്ടായി? അവർ രണ്ടുപേരുടേയും വിവാഹത്തിന്റെ വർണന അത് അറേബ്യൻ എഴുത്തുകാർ രേഖപ്പെടുത്തീട്ടുണ്ട്. വളരെ മനോഹരവും ചിന്താർഹവുമാണത്. മുഹമ്മദിന്റെ പ്രായം 25 വയസ്സായിരുന്നു; ഖദീജയുടേത് നാല്പതും." വീണ്ടും എഴുതുന്നു: "അദ്ദേഹം ആ സദ്ഗുണസമ്പന്നയോടൊത്ത് അങ്ങേയറ്റം സ്നേഹത്തോടും സമാധാനത്തോടും ജീവിച്ചു. അദ്ദേഹം ഖദീജ(റ)യെ അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു; അദ്ദേഹം അവരുടേത് മാത്രമായിരുന്നു. അദ്ദേഹത്തെ വ്യാജപ്രവാചകൻ എന്നു പറയുന്നതിൽ ഈ യാഥാർഥ്യം തടസ്സമാണ്; അതായത് അദ്ദേഹം ജീവിതത്തിന്റെ ഈ കാലഘട്ടം ആക്ഷേപങ്ങളൊന്നും ഉന്നയിക്കാൻ പറ്റാത്തവിധം വളരെ സൂക്ഷ്മതയോടെയാണ് കഴിച്ചുകൂട്ടിയത്. ഇക്കാലഘട്ടം അങ്ങേയറ്റം ലളിതവും സമാധാനനിർഭരവുമായിരുന്നു; അങ്ങനെ അദ്ദേഹത്തിന്റെ യുവത്വനാളുകൾ കഴിഞ്ഞുപോയി."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.48 (1846))

**സർ തോമസ് കാർലയ്ൻ** (Thomas Carlyle) പറയുന്നു: "ക്രിസ്ത്യാ

നികളായ നമ്മളിൽ മുഹമ്മദ്(സ)ഒരു തന്ത്രജ്ഞനും സാധാരണ മനുഷ്യനും കള്ള പ്രവാചകനുമാണ്. അദ്ദേഹത്തിന്റെ മതം ഭ്രാന്തത്വത്തിന്റേയും മൂഢകാര്യങ്ങളുടേയും കൂമ്പാരമാണ്. ഇതെല്ലാം ഇപ്പോൾ തെറ്റാണെന്ന് ജനങ്ങളുടെ മുമ്പിൽ തെളിഞ്ഞുകൊണ്ടിരിക്കുന്നു." അദ്ദേഹം പറയുന്നു: "മതമൗലികവാദികളായ ക്രിസ്ത്യാനികൾ ഈ മനുഷ്യനെ സംബന്ധിച്ച് എന്തെന്തെല്ലാം കളവുകൾ ഉണ്ടാക്കി പറഞ്ഞിരുന്നുവോ അതെല്ലാം ഖണ്ഡിതമായും ഇപ്പോൾ നമ്മുടെ അപമാനത്തിന് കാരണമായിക്കൊണ്ടിരിക്കുന്നു. ഏതൊരുകാര്യങ്ങളാണോ ആ മനുഷ്യൻ പറഞ്ഞിരുന്നത് അതുമുഖേന 12 നുറ്റാണ്ടുകളായി 18 കോടി മനുഷ്യർ സന്മാർഗത്തിന്റെ മേൽതട്ടിൽ നിലകൊള്ളുന്നു. ഇക്കാലത്ത് എത്രമാത്രം ആളുകൾ മുഹമ്മദിൽ(സ)വിശ്വസിക്കുന്നുണ്ടോ അതിനെക്കാൾ കൂടുതൽ ഒരു ഗ്രന്ഥത്തിലും ഇക്കാലത്തെ ജനങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ നോട്ടത്തിൽ ഒരു വ്യാജമനുഷ്യനാണ് ഈ മതം പ്രചരിപ്പിച്ചതെന്ന ധാരണയെക്കാൾ നിന്ദ്യവും നിരീശ്വരവാദപരവുമായ മറ്റൊരു ധാരണ ഇല്ലതന്നെ."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.60-1 (1846)

ഒരു ഫ്രഞ്ച് തത്ത്വചിന്തകനായ ലാമാർട്ടിൻ (Lamartin)തന്റെ ഗ്രന്ഥമായ ഹിസ്റ്ററി ഓഫ് ടർക്കിയിൽ (History of Turkey)എഴുതുന്നു: "ഏതെങ്കിലും വ്യക്തിയുടെ കഴിവിനെ ഉരച്ചു നോക്കാൻ മൂന്നു മാനദണ്ഡങ്ങൾ നിശ്ചയിക്കുകയാണെങ്കിൽ -അതായത് ആ വ്യക്തിയുടെ ലക്ഷ്യം എത്രമാത്രം ഉയർന്നതാണ്, ആ ലക്ഷ്യം നേടാൻ അയാളുടെ കൈയിലുള്ള മാർഗങ്ങൾ എത്രമാത്രം പരിമിതമാണ്, അതിന്റെ ഫലങ്ങൾ എത്രമാത്രം മഹത്തരമാണ്-ഇന്ന് ഇക്കാര്യത്തിൽ മുഹമ്മദി(സ)നെ നേരിടാൻ നെഞ്ഞൂക്കുള്ള ഏതു മനുഷ്യനെയാണ് കിട്ടുക? ലോകത്തിലെ വിശ്വവിഖ്യാതരായ വ്യക്തികൾ കുറേ സൈന്യങ്ങളേയും നിയമങ്ങളേയും ഭരണകൂടങ്ങളേയുമാണ് കീഴടക്കിയത്. അവർ കേവലം ഭൗതികഭരണകൂടമാണ് സ്ഥാപിച്ചത്. അവരിലും ചില ശക്തികൾ അവരുടെ കൺമുമ്പിൽ പൊട്ടിതകർന്ന് തവിടുപൊടിയായി. എന്നാൽ, മുഹമ്മദു(സ) ലോകത്തിലെ സൈന്യങ്ങൾ, നിയമങ്ങൾ, ഭരണകൂടങ്ങൾ, വിവിധ ജനതകൾ, വംശങ്ങൾ എന്നല്ല, ലോകത്തെ മൊത്തം ജനസംഖ്യയിൽ മൂന്നിലൊരുവിഭാഗത്തെ ഒരുമിച്ചുകൂട്ടി. അതിനു പുറമെ അദ്ദേഹം ബലിപീഠങ്ങൾ, ദൈവങ്ങൾ, മതങ്ങൾ, വിശ്വാസദർശനങ്ങൾ, ആത്മാക്കൾ തുടങ്ങിയവയെ എല്ലാം നവീകരിച്ചു. മുഹമ്മദു(സ)ന്റെ അടിത്തറ വെറു

മൊരു ഗ്രന്ഥമായിരുന്നു. അതിന്റെ ഓരോ അക്ഷരവും നിയമമായിമാറി. ആ വ്യക്തി ആത്മീയമായ വ്യക്തിത്വം നല്കി ഓരോ ഭാഷക്കാരേയും വംശക്കാരേയും അനുഗ്രഹിച്ചു.”

വീണ്ടും എഴുതുന്നു: “മുഹമ്മദ്(സ) ഒരു തത്ത്വജ്ഞൻ, പ്രഭാഷകൻ, പ്രവാചകൻ, നിയമജ്ഞൻ, യോധാവ്, ചിന്തകളെ അതിജയിക്കുന്നവൻ, ബുദ്ധിപരമായ വിദ്യകളെ നവീകരിക്കുന്നവൻ, എന്നതിനെക്കാളൊക്കെ ഉപരി നിരവധി ഭൗതികഭരണകൂടങ്ങളേയും ആത്മീയഭരണകൂടങ്ങളേയും സ്ഥാപിക്കുന്ന വ്യക്തിയുമായിരുന്നു. മാനുഷികമായ മഹത്വത്തെ ഉരച്ചുനോക്കാൻ ഒരു മാനദണ്ഡം നിശ്ചയിക്കുകയാണെങ്കിൽ മുഹമ്മദ്(സ) നെക്കാളുപരി ഏതെങ്കിലും മറ്റൊരു മഹത് വ്യക്തി ജനിച്ചിട്ടുണ്ടോ?”

(A. De Lamartin. History of Turkey (English Translation). D . Appleton & Co., NY. p.154-155(1855-7))

ജോൺ ഡേവൻ പോർട്ട് (John Davenport) എഴുതുന്നു: “ഏതൊരു വ്യക്തിയാണോ ഹീനവും നിന്ദ്യവുമായ ബിംബാരധനയ്ക്കു പകരം-അതിൽ അദ്ദേഹത്തിന്റെ ദേശവാസികൾ അതായത് അറബികൾ അകപ്പെട്ടിരുന്നു-യഥാർഥ ദൈവത്തിനുവേണ്ടിയുള്ള ആരാധന സ്ഥാപിച്ച് വലുതും എപ്പോഴും നിലനില്ക്കുന്നതുമായ സംസ്കരണം നടത്തിയത് അദ്ദേഹം കള്ള+പ്രവാചകനായിരുന്നുവെന്ന് ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമോ? നമുക്ക് ഈ അത്യുത്സാഹിയായ പരിഷ്കർത്താവിനെ വഞ്ചകനാക്കാൻ കഴിയുമോ? അത്തരം വ്യക്തിയുടെ എല്ലാ പ്രവർത്തനങ്ങളും ചതിയായിരുന്നുവെന്ന് പറയാൻ പറ്റുമോ? ഇല്ല, അങ്ങനെ ഒരിക്കലും പറയാൻ കഴിയില്ല. മുഹമ്മദ് (സ)ന് സദുദ്ദേശ്യവും വിശ്വസ്തതയും കൂടാതെ മറ്റെന്തെങ്കിലും കാരണത്താൽ അത്തരം സ്ഥൈര്യത്തോടുകൂടി വെളിപാട് ഇറങ്ങിത്തുടങ്ങിയതുമുതൽ അവസാന ശ്വാസംവരെ ഉറച്ചു നില്ക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിനോടൊപ്പം സ്ഥിരമായിട്ടുണ്ടായിരുന്ന ഒരാൾക്കും -അവരാണെങ്കിൽ അദ്ദേഹവുമായിട്ട് സുദൃഢബന്ധം പുലർത്തിയിരുന്നവരാണ്- അദ്ദേഹം കപടനാണെന്നുള്ള സംശയം ഒരിക്കലും ഉണ്ടായിട്ടില്ല.”

(John Davenport. An Apology for Mohammed and the Koran J.Davy & Sons., London. p. 139 (1869))

വീണ്ടും എഴുതുന്നു: “പാശ്ചാത്യരാജകുമാരന്മാർ മുസ്ലിം മുജാഹിദുകളുടേയും തുർക്കികളുടേയും സ്ഥാനത്ത് ഏഷ്യയിലെ ഭരണാധികാരികളായിരുന്നെങ്കിൽ മുസ്ലിംകൾ ക്രിസ്ത്യാനികളോടു പെരുമാറിയിരുന്നതുപോലെ മുസ്ലിംകളോടു സഹിഷ്ണുതയോടെ പെരുമാറുമായി

രുന്നില്ല. ഇത് ദൃഢവിശ്വാസത്തോടും തികഞ്ഞ സത്യസന്ധതയോടും കൂടി പറയാൻ കഴിയും. കാരണം ക്രിസ്ത്യാനികൾ മതപരമായ അഭിപ്രായവ്യത്യാസമുള്ള തങ്ങളുടെ ഈ സഹമതത്തെ അങ്ങേയറ്റം ഏകപക്ഷീയവും അന്യായവുമായ അക്രമത്തിന് കുറിമാനമാക്കുകയുണ്ടായി."(പേജ് 82)

ജോൺ ഡേവൻപോർട്ട് വീണ്ടും എഴുതുന്നു: "ന്യായാധിപന്മാരുടേയും ലോകത്ത് വിജയശ്രീലാളിതരായവരുടേയും ജീവചരിത്രങ്ങളിൽ മുഹമ്മദ്(സ)ന്റെ ജീവചരിത്രത്തെക്കാൾ കൂടുതൽ വിശദവും സത്യസന്ധവുമായിട്ടുള്ള ഒരു ജീവചരിത്രവും ഇല്ലെന്ന കാര്യത്തിൽ ഒരു സംശയവുമില്ല." (പേജ് 82)

മൈക്കിൾ എച്ച് ഹാർട്ട് (Michael H. Hart)ഏ റാങ്കിംങ് ഓഫ് ദ മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ പേഴ്സൺസ് ഇൻ ഹിസ്റ്ററി (A Ranking of the Most Influential Persons in History)എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: "ലോകത്ത് സ്വാധീനം ചെലുത്തിയ വ്യക്തികളിൽ മുഹമ്മദ്(സ)ന്റെ നാമം ഒന്നാം സ്ഥാനത്ത് തിരഞ്ഞെടുക്കുക എന്നത് ചില വായനക്കാരെ അത്ഭുതപ്പെടുത്തുകയും ചിലർ അതിനെ ചോദ്യം ചെയ്യുകയും ചെയ്തേക്കാം. പക്ഷേ, ചരിത്രത്തിൽ മതപരമായും ലൗകികപരമായും വിജയിയായിത്തീർന്ന ഒരേയൊരു വ്യക്തി അദ്ദേഹം മാത്രമായിരുന്നു."

(A Michael H. Hart. THE 100: A RANKING OF THE MOST INFLUENTIAL PERSONS IN HISTORY. Carol publishing group., p.3.)

"മനുഷ്യചരിത്രത്തിൽ മുഹമ്മദ്(സ)എങ്ങനെയാണ് സ്വാധീനം ചെലുത്തിയതെന്നുള്ള ചോദ്യത്തെ ഒരാൾക്ക് എങ്ങനെയാണ് വിലയിരുത്താൻ കഴിയുക. മറ്റു മതങ്ങളെപ്പോലെ ഇസ്‌ലാമും അതിന്റെ അനുയായികളുടെ ജീവിതങ്ങളിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇക്കാരണത്താലാണ് ലോകത്ത് കാണുന്ന വലിയവലിയ മതങ്ങളുടെ സ്ഥാപകർക്ക് ഈ ഗ്രന്ഥത്തിൽ സുപ്രധാന സ്ഥാനം നല്കപ്പെട്ടിട്ടുള്ളത്."

അദ്ദേഹം എഴുതുന്നു: "ഒരു കണക്കനുസരിച്ച് ലോകത്ത് ക്രിസ്ത്യാനികളുടെ അംഗസംഖ്യ മുസ്‌ലിംകളുടേതിനെക്കാൾ ഇരട്ടിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുഹമ്മദ്(സ) നെ ഈസാക്കു മുമ്പേ വയ്ക്കുന്നത് നിങ്ങൾക്ക് അത്ഭുതമായിത്തോന്നാം. പക്ഷേ, എന്റെ ഈ തീരുമാനത്തിനു പിന്നിൽ രണ്ടു വലിയ കാരണങ്ങളുണ്ട്. ഒന്നാമത്തേത് ക്രൈസ്തവമതത്തിന്റെ വളർച്ചയിൽ ഈസാ (അ)ന്റെ പങ്കിനെ അപേക്ഷിച്ച് മുഹമ്മദ് (സ)ന് ഇസ്‌ലാമിന്റെ വളർച്ചയിൽ സുപ്രധാനമായ ഒരുപാട് പങ്കുണ്ട്. ഈസാ(അ) തന്നെയാണ് ക്രൈസ്തവമതത്തിന്റെ ആത്മീയവും

ധാർമികവുമായ ജീവിതചട്ടത്തിന് കാരണമെങ്കിലും ക്രൈസ്തവമതത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനപരമായ പങ്കുവഹിച്ചത് വിശുദ്ധ പൗലോസാണ്. ക്രൈസ്തവമതത്തിന് ഇന്നുള്ള രൂപം നല്കിയതും പുതിയ നിയമത്തിന്റെ വലിയൊരു ഭാഗം എഴുതിയതും വിശുദ്ധ പൗലോസ് തന്നെയായിരുന്നു.”

വീണ്ടും എഴുതുന്നു: “ഇസ്‌ലാംമതത്തിന്റേയും അതിലുള്ള ധാർമികവും മതപരവുമായ എല്ലാ തത്ത്വങ്ങളുടേയും ഉത്തരവാദിത്തം മുഹമ്മദ്(സ)നായിരുന്നു. മുഹമ്മദ്(സ) ഈ പുതിയ മതത്തിന് സ്വയം രൂപം നല്കി. ഇസ്‌ലാമികാധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ അടിസ്ഥാനപരമായ പങ്കുവഹിച്ചു. ഇതിനു പുറമെ മുസ്‌ലീംകളുടെ വിശുദ്ധ ഏട് അതായത് വിശുദ്ധ ഖുർആൻ മുഹമ്മദ് (സ)ന്റെ ഉൾക്കാഴ്ചകളടങ്ങിയ ഒരു ഗ്രന്ഥമായിരുന്നു. അതിന്റെ രചയിതാവും മുഹമ്മദ് തന്നെയായിരുന്നു.”

പറയുന്നു: “ഇതിനെ സംബന്ധിച്ച് ‘അത് അല്ലാഹുവിൽ നിന്ന് തനിക്ക് വഹിയായി-വെളിപാടായി ഇറക്കപ്പെട്ടതാണെന്ന് അദ്ദേഹം (അതായത് മുഹമ്മദ്(സ)) പറയുന്നു. വിശുദ്ധ ഖുർആനിന്റെ വലിയൊരു ഭാഗം മുഹമ്മദ്(സ)ന്റെ ജീവിതകാലത്തുതന്നെ പകർത്തിയെടുത്ത് സുരക്ഷിതമാക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന് അല്പകാലം കഴിഞ്ഞുടനെ അത് മൊത്തമായും സുരക്ഷിതമാക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് വിശുദ്ധ ഖുർആൻ മുഹമ്മദ്(സ)ന്റെ അധ്യാപനങ്ങളുടേയും ചിന്താധാരകളുടേയും തനിപ്പകർപാണ്. ഒരു വായനക്കാരന്റെ ചിന്തയനുസരിച്ച് അത് അദ്ദേഹത്തിന്റെതന്നെ വാക്കുകളാണ്. എന്നാൽ, ഇപ്രകാരം ഈസാ(അ)യുടെ അധ്യാപനങ്ങളുടെ ഒരു സമാഹാരവുമില്ല. മുസ്‌ലീംകളുടെ പക്കൽ വിശുദ്ധ ഖുർആനുള്ള പ്രാധാന്യം ക്രിസ്ത്യാനികളുടെ പക്കൽ ബൈബിളിനുള്ളതുപോലെയാണ്. അതുകൊണ്ട് വിശുദ്ധ ഖുർആൻ മുഖേന മുഹമ്മദ്(സ)ജനങ്ങളെ പൂർണമായും സ്വാധീനിച്ചു. മുഹമ്മദ്(സ)ന്റെ സ്വാധീനമാണ് ഇസ്‌ലാമിനുമേൽ അധികമുണ്ടായിരുന്നതെന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. ഈസാ(അ)യും വിശുദ്ധ പൗലോസും, അവർ രണ്ടുപേരും ചേർന്ന് ക്രൈസ്തവമതത്തിനുമേൽ ചെലുത്തിയ സ്വാധീനത്തെ അപേക്ഷിച്ച്, മതപരമായ വീക്ഷണത്തിൽ മാത്രം നോക്കുകയാണെങ്കിൽ ഈസാ(അ)ചെലുത്തിയ അത്രയും സ്വാധീനം മുഹമ്മദ്(സ)ഉം മനുഷ്യചരിത്രത്തിൽ ചെലുത്തിയതായി കാണാം.(പേജ് 8-9)

കേരൺ ആംസ്ട്രോങ് (Karen Armstrong) തന്റെ ഗ്രന്ഥമായ മുഹമ്മദ് -ഏ ബയോഗ്രഫി ഓഫ് ദ പ്രോഫറ്റ് (Muhammad -A Biography of the

Prophet)എന്ന് ഗ്രന്ഥത്തിലെഴുതുന്നു: “മുഹമ്മദ്(സ)ന് ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ആത്മീയതയുടെ സംസ്ഥാപനത്തിനായി പൂജ്യത്തിൽനിന്ന് പ്രവർത്തനം നടത്തേണ്ടി വന്നു. അദ്ദേഹം തന്റെ മിഷൻ തുടങ്ങിയപ്പോൾ ആരെങ്കിലും അദ്ദേഹത്തിന്റെ മിഷനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറാകുമെന്നത് അസംഭാവ്യമായിരുന്നു. ഏകദൈവത്തിൽ വിശ്വസിക്കാൻ അറബികൾ ഒട്ടും തയ്യാറായിരുന്നില്ല. ഉന്നതമായ ആ വീക്ഷണം ഉൾക്കൊള്ളാൻ അവർക്ക് കഴിവും ഇല്ലായിരുന്നു. വാസ്തവത്തിൽ അക്രമികളും ഭയങ്കരന്മാരുമായ ആ സമൂഹത്തിൽ ഏകദൈവ വീക്ഷണം പരിചയപ്പെടുത്തുകയെന്നത് രൂക്ഷാവസ്ഥ സൃഷ്ടിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആ സമൂഹത്തിൽ തന്റെ ജീവിതം രക്ഷിക്കാൻ കഴിഞ്ഞ മുഹമ്മദ്(സ) തീർച്ചയായും മഹാഭാഗ്യവാനാണ്. യഥാർഥത്തിൽ മുഹമ്മദി (സ)ന്റെ ജീവൻ എപ്പോഴും അപകടത്തിലായിരുന്നു. അതിൽനിന്ന് രക്ഷപ്പെടുകയെന്നത് ഒരു അത്ഭുതദൃഷ്ടാന്തമാണ്. ഇങ്ങനെയൊക്കെയായിട്ടും മുഹമ്മദ്(സ)തന്നെ അവസാനം വിജയിച്ചു. ഗോത്രങ്ങൾ തമ്മിൽ നിലനിന്നുവന്ന സ്പർധകളും തന്റെ ജീവിതകാലത്തുതന്നെ മുഹമ്മദ്(സ)ഇല്ലാതാക്കി. നിർമതത്വം അറേബ്യൻ ജനതയ്ക്ക് ഒരു പ്രശ്നമായിരുന്നില്ല. ഇപ്പോൾ അറേബ്യൻ ജനത തങ്ങളുടെ ചരിത്രത്തിന്റെ പുതിയ കാലഘട്ടത്തിൽ പ്രവേശിക്കാൻ തയ്യാറായിരുന്നു.”

Karen Armstrong, Muhammad -A Biography of the Prophet. Harper Collins Publishers., p.53-54 (1993))

വീണ്ടും അദ്ദേഹം പറയുന്നു: “അവസാനം ഈ പാശ്ചാത്യർ തന്നെയായിരുന്നു, അല്ലാതെ ഇസ്ലാമല്ല മതസംവാദങ്ങളുടെമേൽ നിയന്ത്രണം ഏർപെടുത്തിയത്. കുരിശുയുദ്ധങ്ങളുടെ കാലത്ത് യൂറോപ്പ് മറ്റുള്ളവരുടെ വീക്ഷണങ്ങളെ അടിച്ചമർത്താനുള്ള ആവേശംകൊണ്ട് ഭ്രാന്തന്മാരായി തീർന്നിരുന്നുവെന്ന് മനസിലാകുന്നു. അത് എത്ര ആവേശത്തോടെയാണ് തന്റെ എതിരാളികൾക്ക് ശിക്ഷ കൊടുത്തിരുന്നതെന്നാൽ, അതിന്റെ ഉദാഹരണം മതചരിത്രത്തിൽ കാണുകയില്ല. വിഭിന്നാഭിപ്രായക്കാരുടെ മേൽ അക്രമങ്ങൾ, പ്രൊട്ടസ്റ്റന്റുകാരുടെമേൽ കത്തോലിക്കക്കാരുടെ അക്രമത്തിന്റേയും അപ്രകാരംതന്നെ കത്തോലിക്കക്കാരുടെമേൽ പ്രൊട്ടസ്റ്റന്റുകാരുടെ അക്രമത്തിന്റേ യും അടിത്തറ ഈ കുഴഞ്ഞ്മറിഞ്ഞ മതവിശ്വാസങ്ങളിലായിരുന്നു. ഇതിനുള്ള അനുവാദം യഹൂദമതവും ഇസ്ലാം മതവും വ്യക്തിപരമായ കാര്യങ്ങളിൽ ഐച്ഛികമായിട്ടാണ് നല്കിയിരുന്നത്. ക്രൈസ്തവരുടെ നിരീശ്വരവാദപരമായ

വിശ്വാസവുമായിട്ട് യഹൂദ മതത്തിനും ഇസ്‌ലാം മതത്തിനും ഒരു ബന്ധവുമില്ല. ക്രൈസ്തവരുടെ മതവിശ്വാസം ഏകദൈവത്തെ കുറിച്ചുള്ള മനുഷ്യന്റെ ഭാവനകളെ അസ്വീകാര്യതയുടെ അതിർത്തിയിലാണ് കൊണ്ടെത്തിക്കുന്നത്. എന്നല്ല, അതിനെ ബഹുദൈവാരാധനാപരമാക്കി തീർക്കുകയും ചെയ്യുന്നു.” (പേജ് 27)

ആനീ ബസന്റ് (Annie Besant) ദ ലൈഫ് ആന്റ് ടീച്ചിംങ്സ് ഓഫ് മുഹമ്മദ് (The Life and Teachings of Muhammad)എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: “അറേബ്യയിലെ മഹാനായ നബിയുടെ ജീവിതവും അദ്ദേഹത്തിന്റെ സ്വഭാവങ്ങളും വായിച്ചിട്ടുള്ളവരും ആ നബി എന്ത് അധ്യാപനമാണ് നല്കിയിട്ടുള്ളതെന്ന് അറിയുന്നവരും എങ്ങനെയാണ് അദ്ദേഹം ജീവിച്ചതെന്ന് മനസ്സിലാക്കിയിട്ടുള്ളവരും ദൈവത്തിന്റെ പ്രവാചകന്മാരിൽ ഈ മഹാനായ പ്രവാചകനെ ബഹുമാനിക്കാതിരിക്കുക എന്നത് അസംഭാവ്യമാണ്. ഞാൻ പറയുന്ന കാര്യങ്ങൾ ഒരുപാടാളുകൾക്ക് ആദ്യമെതന്നെ അറിവുള്ളതായിരിക്കും. പക്ഷേ, ഞാൻ ഈ കാര്യങ്ങൾ വായിക്കുമ്പോഴെല്ലാം ഈ അറബി ഉസ്താദിനെ ബഹുമാനിക്കാൻ എന്നിൽ പുതിയൊരു ബോധം ഉണ്ടായിത്തീരുന്നു. അദ്ദേഹത്തെ സ്തുതിക്കുന്നതിൽ പുതിയൊരു നിറം കാണാനും കഴിയുന്നു.”

(Annie Besant. The Life and Teachings of Muhammad Theosophical Publishing House.,India. p. 4 (1932))

റോഥ് ക്റാൻസ്റ്റൺ (Ruth Cranston) വേൾഡ് ഫെയ്ത് (World Faith) എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: “മുഹമ്മദ് അറബി(സ) ഒരു യുദ്ധത്തിനോ രക്തച്ചൊരിച്ചിലിനോ ഒരിക്കലും തുടക്കം കുറിച്ചിട്ടില്ല. അദ്ദേഹം ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധ യുദ്ധങ്ങളായിരുന്നു. അദ്ദേഹം യുദ്ധം ചെയ്തിട്ടുണ്ടെങ്കിൽ അത് തന്റെ നിലനില്പിനുവേണ്ടിയായിരുന്നു. അക്കാലത്ത് നിലനിന്നുവന്നിരുന്ന രീതിയിലും അക്കാലത്തെ ആയുധം ഉപയോഗിച്ചുമായിരുന്നു അദ്ദേഹം യുദ്ധം ചെയ്തത്. 14 കോടി ക്രിസ്ത്യാനികൾ ഇക്കാലത്ത് ഒരു ലക്ഷത്തി ഇരുപതിനായിരത്തിലധികം മനുഷ്യരെ ഒരൊറ്റ ബോംബിട്ട് നശിപ്പിച്ചത് നോക്കുമ്പോൾ, താൻ ചെയ്ത എല്ലാ യുദ്ധങ്ങളിലും ഏറ്റവും മോശപ്പെട്ട അവസ്ഥയായിരുന്നിട്ടുകൂടി അഞ്ഞൂറോ അറുന്നൂറോ മാത്രം ആളുകളെ കൊന്ന ഒരു നേതാവിനെ സംശയദൃഷ്ടിയോടെ നോക്കുന്ന ഒരു ജനതയും ഉണ്ടാകുകയില്ലെന്ന കാര്യം ദൃഢനിശ്ചയത്തോടെ പറയാൻ കഴിയും. അറബി പ്രവാചകന്റെ കൈയാൽ ഏഴാം നൂറ്റാണ്ടിന്റെ ഇരുണ്ട കാലഘട്ടത്തിൽ-ജ

നങ്ങൾ പരസ്പരം ചോരയ്ക്കുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കുമ്പോൾ- ഉണ്ടായ ആ നാശങ്ങളെ ഇന്നത്തെ ദീപ്തമായ ഇരുപതാം നൂറ്റാണ്ടിലെ നാശങ്ങളുമായി താരതമ്യം ചെയ്യുക എന്നത് ഒരു വിഡ്ഢിത്തമല്ലാതെ മറ്റൊന്നുമല്ല. ഇൻക്വിസിഷന്റേയും കുരിശുയുദ്ധങ്ങളുടേയും കാലഘട്ട ത്തിലുണ്ടായ കൊലപാതകങ്ങൾ- ക്രൈസ്തവ പട്ടാളക്കാർ, ആ നിർമ തക്കാരുടെ മുറിഞ്ഞും പൊളിഞ്ഞും കിടന്ന ശവക്കൂമ്പാരങ്ങളുടെ ഇട യിൽ ഞെരിയാണിവരെ രക്തത്തിൽ നീന്തിനടന്ന് റെക്കാർഡിട്ട കാര്യ ങ്ങൾ വിവരിക്കേണ്ട ആവശ്യമില്ല."

(Ruth Cranston. World Faith. Harper and Row Publishers., NY.P.155 (1949))

ഗോഡ്ഫ്രെ ഹിഗ്ഗിൻസ് (Godfrey Higgins) എഴുതുന്നു: "ക്രൈസ്തവ പാതിരി, മുഹമ്മദ്(സ)ന്റെ മതത്തെ അതിനോടുള്ള പക്ഷപാതവും അസ ഹിഷ്ണുതയും കാരണത്താൽ ചീത്തപറയുന്നു എന്ന കാര്യത്തെക്കാൾ കൂടതൽ മറ്റൊരു കാര്യവും സാധാരണ കേൾക്കാറില്ല. ഇത് വിശ്വാസ വഞ്ചനയും കപടോക്തിയുമാണ്. ഇസ്‌ലാംമതം സ്വീകരിച്ച ക്രിസ്ത്യാനി കളെ സ്പെയ്നിൽ നിന്ന് ഓടിച്ചതാരാണ്? അവർ സത്യക്രിസ്ത്യാനി കളായിരുന്നില്ല എന്നതായിരുന്നു അതിനു കാരണം. മെക്സിക്കോയിലും പെറുവിലും ലക്ഷക്കണക്കിന് ജനങ്ങളെ വധിച്ചവർ ആരായിരുന്നു? അവരെ അടിമകളാക്കിയവർ ആരായിരുന്നു? കാരണം അവർ ക്രിസ്ത്യാ നികളായിരുന്നില്ല. എന്നാൽ, മുസ്‌ലീംകൾ ഗ്രീസിൽ കാണിച്ചത് എത്ര മാത്രം മനോഹരവും വിഭിന്ന മാതൃകയുമായിരുന്നു; നൂറ്റാണ്ടുകളോളം ക്രിസ്ത്യാനികളെ, അവരുടെ മതത്തെ, അവരുടെ പാതിരിമാരെ, പ്രഭു പാതിരിമാരെ, പുരോഹിതന്മാരേയും അവരുടെ പള്ളികളേയും തങ്ങ ളുടെ ഭൂമിയിൽ സമാധാനപരമായി താമസിക്കാൻ അനുവദിച്ചു." (Godfrey Higgins. Apology for Mohammed. Lahore. pp. 123-4 (1829))

വീണ്ടും ഗോഡ്ഫ്രെ ഹിഗ്ഗിൻസ് എഴുതുന്നു: "ഇസ്‌ലാമിന്റെ ഖലീഫ മാരുടെ ചരിത്രം മുഴുവൻ പരതിയാലും - ഇൻക്വിസിഷൻ (Inquisition മതവിരുദ്ധ കുറ്റങ്ങൾക്കുള്ള വിചാരണ(മതകോടതിയുടെ)) പോലെ ദുഷ്പേരുണ്ടാക്കിയ സംഭവങ്ങളുടെ പകുതിയിൽ കുറഞ്ഞ സംഭവം പോലും നമുക്ക് കിട്ടുന്നില്ല. മതപരമായ ഭിന്നതയുടെ കാരണത്താൽ ആരെയെങ്കിലും പച്ചയോടെ കത്തിച്ചതായോ ഇസ്‌ലാം സ്വീകരിക്കാ ത്തതുകൊണ്ട് ആർക്കെങ്കിലും വധശിക്ഷ നല്കിയതായോ ഉള്ള ഒരൊറ്റ സംഭവംപോലും കാണുന്നില്ല." (പേജ് 52)

എഡ്വേർഡ് ഗിബ്ബൺ (Edward Gibbon) ഹിസ്റ്ററി ഓഫ് ദ സറാസൺ എമ്പയർ(History of the Saracen Empire) എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

“അദ്ദേഹത്തിന്റെ മതപ്രബോധനത്തെക്കാളുപരി അതിന്റെ നിലനില്പാണ് നമ്മുടെ അത്ഭുതത്തിനു കാരണം. ഹദ്റത്ത് മുഹമ്മദ്(സ) മക്കയിലും മദീനയിലും കളങ്കരഹിതവും സമ്പൂർണവുമായ ചുവട് ഉറപ്പിച്ചു. അത് 12 നൂറ്റാണ്ടുകളുടെ വിപ്ലവത്തിനുശേഷവും ഇന്ത്യൻ, ആഫ്രിക്കൻ, തുർക്കി തുടങ്ങിയ ഖുർആനിന്റെ പുതുവിശ്വാസികൾ ഇപ്പോഴും കാത്തുസൂക്ഷിക്കുന്നു. മുഹമ്മദിന്റെ ശിഷ്യന്മാർ തങ്ങളുടെ മതത്തേയും വിശ്വാസത്തേയും ഒരു മനുഷ്യന്റെ ഭാവനയാൽ കെട്ടിയിടുന്ന പരീക്ഷണത്തേയും ദുർബോധനത്തേയും ചെറുത്തു നിന്നു. ഇസ്ലാമിന്റെ ലളിതവും അചഞ്ചലവുമായ പ്രതിജ്ഞ ഇതാണ്: ‘ഞാൻ ഏകനായ അല്ലാഹുവിനേയും അവന്റെ ദൂതൻ മുഹമ്മദിനേയും വിശ്വസിക്കുന്നു.’ ദൈവത്തെ കുറിച്ചുള്ള ഈ മാനവികമായ സങ്കല്പം വികൃതമായി കണപ്പെടുന്ന ഒരു ബിംബവും മുസ്ലീംകളിൽ ഉണ്ടായില്ല. ഇസ്ലാമിന്റെ പ്രവാചകന്റെ ബഹുമതികളൊന്നും മനുഷ്യഗുണത്തിന്റെ നിലവാര പരിധി ലംഘിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞ ജീവസുറ്റ കാര്യങ്ങൾ അദ്ദേഹത്തിന്റെ അനുയായികളുടെ നന്ദിയേയും നന്മയുടെ വികാരത്തേയും ബുദ്ധിയുടേയും മതത്തിന്റേയും പരിധിയ്ക്കുള്ളിൽ നിക്ഷേപിച്ചിരിക്കുകയാണ്.”

(Edward Gibbon, Simon Oakley. History of the Saracen Empire, Alex Murray & Son ., London. p.54(1870))

കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്

WWW.alislam .org

Islam and the Freedom of Conscience is a Friday Sermon delivered by Hadhrat Mirza Masroor Ahmad, Head of the Worldwide Ahmadiyya Muslim Community, on 28th September 2012 at Baitul-Futuh Mosque, in Morden, Surrey, United Kingdom.

This address was delivered in the backdrop of the vile and crude film, “innocence of Muslims,” in which the pure and holy person of Prophet Muhammad (may peace and blessings of Allah be upon him) was maligned by anti-Islam proponents. This film became the source of immense controversy and a wave of uproar rippled through the Muslim world. In this state of affairs, many people reached to the film in violent manner, but in light of the true teachings of Islam, the Head of the Ahmadiyya Muslim Community enjoined alla Muslims to respond in a civilized and peaceful manner.

Furthermore, his Holiness presented the true teachings of Islam and Character of the Holy Prophet (may peace and blessing of Allah be upon him) before the world in order to remove any misgivings about Islam and its Holy Founder. Moreover, he encouraged others to do the same.

This book also contains quotations of renowned personalities regarding the Holy Prophet (may peace and blessing of Allah be upon him).